Since 1987

# ബഥേൽ പത്രിക

ചെങ്ങന്നൂർ ഭദ്രാസന മുഖപത്രം

ഫെബ്രുവരി 2023

വാല്യം 35 ലക്കം 2



ജീവിതനൗകയിൽ ഇനി ഒരുമിച്ചു യാത്ര .....
ആടിയുലഞ്ഞാലും കൈവിടാതെ തീരത്തെത്തുവാൻ
ദൈവം കൃപ ചൊരിയട്ടെ.



**NINA BABU**
D/o. Mrs. Jolly Babu & Mr. O. Babu
Kunnil Veedu, Kuttemperoor P.O.,
Mannar, Alleppey, Kerala
84, Pocket V, Mayurvihar,
Phase-1, Delhi -110091

**RINNY JACOB**
S/o. Late Mrs. Sosamma Jacob &
Late Mr. M.C. Jacob
Mundakathil House, Ennikkadu,
Kozhimala P.O., Thiruvalla,
Pathanamthitta, Kerala.




## എഡിറ്റോറിയൽ

**ഫാ. മാത്യു വർഗീസ് പുളിമൂട്ടിൽ**

പുണ്യം പൂക്കുന്ന വലിയനോമ്പിലേക്ക് വീണ്ടും നാം നടന്നടുക്കുന്നു. യേശു തമ്പുരാൻ മരുഭൂമിയിൽ അനുഷ്ഠിച്ച തപസ്സിന്റെ 40 രാപ്പകലുകളോടൊപ്പം മനുഷ്യാവതാര പ്രക്രിയയിൽ യേശു തമ്പുരാന്റെ സഹന ശുശ്രൂഷകളേയും അനുസ്മരിച്ച് 50 നോമ്പ് വിശുദ്ധ സഭ ആചരിക്കുന്നു. ലോകം, ജഡം, പിശാച് എന്നിവയെ ജയിച്ച്, ക്രൂശ് മരണത്തിന്റെ അനന്തമായ സ്നേഹത്തിൽ കൂടി മനുഷ്യരാശിയെ രക്ഷയുടെ സോപാനത്തിലേക്ക് കയറ്റിയ യേശുതമ്പുരാന്റെ മഹത് വചനങ്ങൾ വായിക്കുവാനും ധ്യാനിക്കുവാനും സർവ്വോപരി തമ്പുരാന്റെ ജീവിതത്തോട് താദാത്മ്യം പ്രാപിക്കുവാനും ഈ ദിനങ്ങൾ നമുക്ക് പ്രത്യേകമായി വേർതിരിക്കാം. യാമ പ്രാർത്ഥനകൾ ഉപവാസ ധ്യാന സമയങ്ങൾക്കപ്പുറം ഏകാന്ത പ്രാർത്ഥനകൾക്കും നിമിഷ പ്രാർത്ഥനകൾക്കും നിരന്തരം നാം സമയം കണ്ടെത്തുന്നുവെങ്കിൽ ആത്മീയ പ്രഭാപൂരിതങ്ങളായ ദിനങ്ങൾ ആക്കി ഈ നാളുകളെ നമുക്ക് മാറ്റുവാനാകും. ഈ നാളുകളിൽ കൂടിവരവുകൾക്കും, കൂടിച്ചേരലുകൾക്കും മിതത്വവും ലാളിത്യവും നാം പുലർത്തേണ്ടിയിരിക്കുന്നു. വ്യർത്ഥ സംഭാഷണങ്ങൾ, ഉല്ലാസയാത്രകൾ തുടങ്ങിയവ പരമാവധി ഒഴിവാക്കി ആത്മഭംഗംവരുത്താത്ത ഒരു തീർത്ഥയാത്ര തീർച്ചയായും ഈ സമയങ്ങളിൽ നാം പുലർത്തേണ്ടിയിരിക്കുന്നു. നാം കൂടിവരുന്ന ദേവാലയങ്ങൾ ആകട്ടെ കോർണർ മീറ്റിംഗ് വേദികൾ ആകട്ടെ മറ്റ് ഇടങ്ങൾ ആകട്ടെ അവിടെയൊക്കെ ഒരു ആത്മീയ പരിസരം രൂപപ്പെടുത്തുവാൻ ഈ നാളുകളിൽ നമുക്ക് ആകണം. ഇളം തലമുറകൾക്ക് അന്യം നിന്നുപോകുന്ന ആചാര അനുഷ്ഠാനങ്ങൾ അവരിലേക്ക് പകർത്തുന്ന കാലഘട്ടം കൂടി ആയി ഇത് രൂപാന്തരപ്പെടുത്തുവാൻ നമുക്ക് ആകണം.

നോമ്പുകാലം വർജ്ജനത്തിന്റെ കാലമാണെന്ന് നാം പറയാറുണ്ട്. എന്നാൽ വർജ്ജനത്തിന്റെ മാത്രമല്ല ആർജ്ജനത്തിന്റെ കാലം കൂടിയാണ് നോമ്പുകാലം. കൂടുതൽ ആത്മബലം ആർജ്ജിച്ചെടുക്കുവാൻ ഭക്ഷണ പാനീയങ്ങളിൽ നിന്ന് ഒഴിഞ്ഞു നിൽക്കുക കൊണ്ടുമാത്രം സാധിക്കുകയില്ല. മിതവും സാരവുമായ വാക്കുകൾ മാത്രം ഉപയോഗിക്കുക; ചിത്തശുദ്ധിയും, വാക്ശുദ്ധിയും, ശരീര ശുദ്ധിയും ശീലിക്കുക അനിവാര്യമാണ്. അതുകൊണ്ടുതന്നെ ഏറെ തീഷ്ണത ആവശ്യപ്പെടുന്ന കാലമാണ് നോമ്പുകാലം. തിന്മയോടുള്ള നിരന്തരമായ പോരാട്ടത്തിന്റെ അനുഭവത്തിൽ കൂടി തേജോമയമാകേണ്ടതുണ്ട്. പലപ്പോഴും തണൽ വീണ ശിഖരങ്ങൾ തേടി, തീച്ചൂളകൾ ഒഴിവാക്കി ഉദാസീനമായുള്ള യാത്രകൾ നോമ്പിന്റെ കേവലം പകലനുഭവങ്ങളിൽ മാത്രം നമ്മെ കൊണ്ടു ചെന്നെത്തിക്കും. ഈ നോമ്പുകാലം നമ്മുടെ പ്രകൃതത്തെ സംസ്കൃതമാക്കട്ടെ. ദൈവവുമായുള്ള നിരന്തര ബന്ധത്തിലൂടെ, മൗനത്തിലൂടെ, അർത്ഥനയിലൂടെ, ഹൃദയത്തെ ദൈവസന്നിധിയിലേക്ക് പകരുക വഴി നമുക്ക് ആന്തരിക സ്വസ്ഥത നേടാം. ഈ ആന്തരിക സ്വസ്ഥത നമ്മെ അനുതാപചിത്തരും സംസ്കാര ചിത്തരുമാക്കും. ജീവിതത്തിലെ ഇരുണ്ട ഇടങ്ങളിൽ എല്ലാം വെളിച്ചം നിറയുന്ന ഗുരുസാന്നിധ്യമാണ് നോമ്പ്. കരുണയുടെ വെളിച്ചം നിറഞ്ഞൊഴുകുന്ന ഗുരുസാന്നിധ്യം. അപരനോട് അൻപും അവന്റെ ദുഃഖത്തിൽ നോവുമുള്ള ദിനങ്ങളാകട്ടെ ഇനി. ശ്രദ്ധപൂർവ്വം ഈ നോമ്പിനെ നമുക്ക് പിൻപറ്റാം. അവിശ്വാസവും അവിശ്വസ്ഥതയും കൊണ്ട് അനുനിമിഷം തകരുന്ന നമ്മുടെ ജീവിത പന്ഥാവുകളെ നേർ നയിക്കുവാൻ ഈ നോമ്പുകാലം നമുക്ക് പര്യാപ്തമാകട്ടെ. ലോകത്തിന്റെ മോഹത്തെ വെല്ലുവാനും ജീവിതത്തിന്റെ ഏകാഗ്രതയെ തിരികെ പിടിക്കുവാനും ഈ നോമ്പുകാലം നമ്മെ അനുവദിക്കട്ടെ.

ബഥേൽ പത്രിക

Since 1987

Bethel Pathrika, P. B. No. 38, Chengannur, Kerala 689 121

+91 479 2451331

bethelpathrika@gmail. com www. bethelpathrika. org

**പത്രാധിപസമിതി**

| | |
|---|---|
| രക്ഷാധികാരി | **പരിശുദ്ധ ബസേലിയോസ് മാർത്തോമ്മാ മാത്യൂസ് III തിരുമേനി** |
| മാനേജിംഗ് എഡിറ്റർ | **അഭിവന്ദ്യ ഡോ. മാത്യൂസ് മാർ തീമോത്തിയോസ് മെത്രാപ്പോലീത്താ** 9447718511 |
| പബ്ലീഷർ | **റവ. ഫാ. മാത്യു ഏബ്രഹാം കാരയ്ക്കൽ** 9447211805 |
| ചീഫ് എഡിറ്റർ | **റവ. ഫാ. മാത്യു വർഗ്ഗീസ് പുളിമൂട്ടിൽ** 9495765393 mathewvarghese678@gmail. com |
| എക്സിക്യൂട്ടീവ് എഡിറ്റർ | **റവ. ഫാ. മത്തായി സഖറിയ ഇടവങ്കാട്** |
| എഡിറ്റർ | **ഡോ. ബിൻസി റജി ആറ്റുവാ** |
| അസോസിയേറ്റ് എഡിറ്റർ | **ശ്രീ. വർഗ്ഗീസ് ജോൺ തോട്ടപ്പുഴ** |
| സർക്കുലേഷൻ മാനേജർ | **ഡീക്കൻ റിനോ കെ. മാത്യു.** |
| അംഗങ്ങൾ | **ശ്രീ. ഷാജൻ മാത്യൂസ് പേരിശ്ശേരി** |
| | **ശ്രീ. സജി പട്ടരുമഠം ബുധനൂർ** |
| | **ശ്രീ. സിബി മത്തായി ഇടനാട്** |
| | **ശ്രീ. എബി അലക്സാണ്ടർ പുത്തൻകാവ്** |
| | **ശ്രീ. ബിനോയി പി. ജോർജ്ജ് കുടശ്ശനാട്** |
| | **ശ്രീ. ചിൽസ് തോമസ് കോശി ക്ലർത്തമല** |
| | **ശ്രീ. ജോർജ്ജ് വർഗ്ഗീസ് (PRO) പുത്തൻകാവ്** |
| | **ശ്രീ. റെജി ജോർജ്ജ് വെണ്മണി** |

വരിസംഖ്യ 150 രൂപ



## ഇതളുകളിൽ

| | | |
|---|---|---|
| 5 | ഇടയപത്രിക | ഡോ. മാത്യൂസ് മാർ തീമോത്തിയോസ് മെത്രാപ്പോലീത്താ |
| 6 | നോമ്പിന്റെ നോവുകൾ | സഖറിയ മാർ സേവേറിയോസ് മെത്രാപ്പോലീത്ത |
| 8 | കുരിശുമരണവും മനുഷ്യരാശിയുടെ രക്ഷയും | ഡോ. കെ.എൽ. മാത്യു വൈദ്യൻ കോറെപ്പിസ്കോപ്പാ |
| 10 | പരിശുദ്ധ വട്ടശ്ശേരിൽ തിരുമേനിയുടെ സ്ത്രീപക്ഷ ദർശനങ്ങൾ | ഫാ. ഡോ. ജോൺ തോമസ് കരിങ്ങാട്ടിൽ |
| 13 | കൂടാര പെരുന്നാൾ | ഫാ. ജോബ് സാം മാത്യു, കൊടുമൺ |
| 16 | ത്രിത്വം | ഇ.വൈ. കോശി വെണ്മണി |
| 17 | ചരിത്രപുരുഷനായ മാർ ദീവന്നാസ്സിയോസ്; മോശസമം ദൈവജനത്തിന്റെ വിമോചകൻ | ഫാ. ഡോ. റെജി അലക്സാണ്ടർ |
| 20 | സന്തോഷത്തിനുണ്ടേവി ഇരക്കുന്നവർ | ഡോ. ജോൺ പനക്കൽ |
| 23 | ഇന്നും സ്മരിക്കപ്പെടുന്ന വി. അന്ത്രയോസ് ബാവ | ഫാ. തോമസ് പി. നൈനാൻ (വികാരി) |
| 24 | മാലാഖമാർ (ഒരുപഠനം) | ഫാ. ഡോ. സാം കുട്ടംപേരൂർ |
| 28 | ബാലപത്രിക | |
| 29 | ക്വിസ് 6 | |
| 30 | ക്രൈസ്തവലോക വാർത്തകൾ | |



## ഇടയപത്രിക

**ഡോ. മാത്യൂസ് മാർ തീമോത്തിയോസ് മെത്രാപ്പോലീത്താ**

കർത്താവിൽ പ്രിയരേ,

കുറച്ചു നാളുകളായി  മനസിൽ നിറഞ്ഞു നിൽക്കുന്ന ചില ചോദ്യങ്ങളും അവയോടു ചേർന്ന ആശങ്കളും ദിനംപ്രതി കൂടിവരുന്നതുകൊണ്ടാണ് ഈ ലക്കം അത് നമ്മുടെ വായനക്കാരുമായി പങ്കുവെയ്ക്കാം എന്ന് നാം കരുതിയത്. പറഞ്ഞുവരുന്നത് ആത്മീയതയിലെ ആത്മാർത്ഥത ഇല്ലായ്മയും ആർഭാടവുമാണ്. അത്ര നിസ്സാരമായി കണ്ട് കണ്ണടച്ച് പോകാവുന്ന ഒരു വിഷയമായി തോന്നാത്തത് കൊണ്ടും, തിരുമേനി മുതൽ ഐമേനി വരെ സഭ ആകമാനം വളരെ ഗൗരവമായി ഇതേപ്പറ്റി ചിന്തിക്കണം എന്ന് ആഗ്രഹിക്കുന്നതുകൊണ്ടുമാണ് തുറന്ന് പറയുവാൻ ഈ കോളം ഉപയോഗിക്കുന്നത്. വലിയ നോമ്പിന്റെ മുന്നോടിയായി വരുന്ന അനുതാപത്തിന്റെ നോമ്പ് എന്ന് അറിയപ്പെടുന്ന നിനുവേ നോമ്പു കാലത്ത് ഇങ്ങനെ ഒരു പുനർവിചിന്തനം നമ്മുടെ ആത്മീയ ജീവിതത്തിൽ ആവശ്യമാണ്. ആത്മീയത എന്നത് ദൈവത്തെ സന്തോഷിപ്പിക്കാനും ദൈവം ചിന്തിക്കുന്ന വിധത്തിൽ ചിന്തിക്കാനും ഉള്ള ഒരാളുടെ അതിയായ ആഗ്രഹവും മന സ്സൊരുക്കവും ആണെന്നു പറയാൻ കഴിയും. ‘ജഡത്തെ അനുസരിച്ച് ജീവിക്കുന്നവർ ജഡത്തിന്റെ കാര്യങ്ങളിലും, ആത്മാവിനെ അനുസരിച്ച്  ജീവിക്കുന്നവർ ആത്മാവിന്റെ കാര്യങ്ങളിലും മനസ്സു പതിപ്പിക്കുന്നു. (റോമർ 8:5;) ഇന്നത്തെ ആത്മീയതയിൽ ഭൗതീകതയുടെ അതിപ്രസരം മാത്രമാണ് കാണുന്നത്. മാറ്റങ്ങൾ എല്ലാ തലത്തിലും അനി വാര്യമാണെങ്കിലും ചില മാറ്റങ്ങൾ, വിശേഷിച്ചു ആത്മീയ രംഗത്ത് ഇന്ന് കണ്ടുവരുന്ന പല ആധുനിക മാറ്റങ്ങളും അഭികാമ്യമല്ല എന്നു പറയേണ്ടിവരുന്നതു വേദനാജന കമാണ്.  കാതടപ്പിക്കുന്ന ബഹളങ്ങളോ, കോലാഹലങ്ങളോ, സ്വീകരണ മാമാങ്കങ്ങളോ കേൾവിക്കാർ ഇല്ലെങ്കിലും ചടങ്ങു പോലെ പതിവ് തെറ്റാതെ നടത്തുന്ന കൺവെൻഷനുകളോ, അംബരചുംബികളായ ദേവാലയങ്ങളോ നമ്മുടെ പൗരസ്ത്യ ആത്മീയതയുടെ അളവുകോൽ ആയി കാണരുത്. നമ്മുടെ ജനം പള്ളികളിൽ നിന്നും അകലുന്നതിനും യുവതലമുറ ക്രിസ്തിയ വിശ്വാസത്തെ പോലും ചോദ്യം ചെയ്യുവാൻ മുതിരുന്നതും നവആത്മീയതയുടെ ഫലമായിട്ടാണ് എന്ന് ഒരു കണികപോലും സംശയം ഇല്ലാതെ പറയുവാൻ കഴിയും. ത്രോണോസ് ചുംബിക്കുമ്പോൾ  ‘കർത്താവെ നിന്റെ ബലിപീഠത്തിന്റെ കോണുകൾ വരെ ചങ്ങലകളാൽ ഞങ്ങളുടെ പെരുന്നാളുകളെ ബന്ധിക്കേണമേ’ എന്ന ഒരു മനോഹരമായ പ്രാർത്ഥന ചൊല്ലുവാൻ വി. കുർബാന ക്രമത്തിൽ വി.പിതാക്കന്മാർ ക്രമീകരിച്ചിട്ടുണ്ട്. എന്നാൽ ഇന്നത്തെ നമ്മുടെ പെരുന്നാളുകളിലെ ആർഭാടം കാണുമ്പോൾ ദേവാലയത്തിന്റെ പൂമുഖത്ത് പോലും പെരുന്നാളുകളുടെ അനുഗ്രഹം പ്രവേശിക്കുന്നുണ്ടോ എന്ന് നാം ചിന്തിക്കണം. മുമ്പ് എങ്ങുമില്ലാത്ത ഒരു സ്വീകരണ ത്വര ഇന്ന് സഭയിൽ കടന്നു കൂടിയിരിക്കുന്നു. സമൂഹം പൊതുവെയും, ഇടവകകളും കടക്കെണിയിൽ മുങ്ങുമ്പോഴും സ്വർണം പൂശിയ പള്ളിമേടകളോ ആർഭാടം നിറഞ്ഞ പെരുന്നാളോ, വെച്ചൂട്ട് നേർച്ചകളോ ആവർത്തിച്ചുള്ള സ്വീകരണ യോഗങ്ങളോ, കടമ തികയ്ക്കുന്ന സുവിശേഷ യോഗങ്ങളോ, മീറ്റിംഗുകളോ അടിക്കടി ഉള്ള വിശുദ്ധനാടു സന്ദർശനങ്ങളോ മനുഷ്യനെ ദൈവത്തിങ്കലേക്കുയർത്തു ന്നില്ലെന്നു നമുക്കറിയാം. ആത്മീയ മേഖലയിൽ ശ്രദ്ധയോടുകൂടിയ ആത്മപരിശോധനയ്ക്ക് സമയമായി. നമ്മുടെ രാഷ്ട്രപിതാവായ ഗാന്ധിജിയെക്കുറിച്ചു **"He was more Christian than many Christians"** എന്നുപറയാറുണ്ട്. കിസ്ത്യാനികൾ എന്ന പേരിൽ അഭിമാനിക്കുന്ന നമുക്ക് രണ്ടു ഉള്ളവൻ ഒന്ന് ഇല്ലാത്തവന് കൊടുക്കണം എന്ന് പഠിപ്പിച്ച ക്രിസ്തുവിന്റെ അനുയായികൾ ആകുവാൻ കഴിയുന്നുണ്ടോ? ഒരു വലിയ മാറ്റത്തിന് ഈ ചിന്ത ഇടയാകട്ടെ.

ശേഷം പിന്നാലെ, ദൈവം അനുഗഹിക്കട്ടെ.



സഖറിയ മാർ സേവേറിയോസ് മെത്രാപ്പോലീത്ത
(ഇടുക്കി ഭദ്രാസനം)

# നോമ്പിന്റെ നോവുകൾ

നോമ്പുകാലം. എരിവും തീഷ്ണതയും ആവശ്യപ്പെടുന്ന നേരം. നേരുള്ള നോമ്പ് നോവുള്ളതാണ്. ചിലപ്പോഴെങ്കിലും നമുക്കു തെറ്റായ ഒരു ധാരണ ഉണ്ടാകാറുണ്ട്, നോമ്പ് വർജ്ജന ങ്ങളുടെ കാലമാണെന്ന്. അല്ലെന്നു പറയട്ടെ, അത് ആർജ്ജനങ്ങളുടെ കാലമാണ്. നിശ്ചയമായും ഏറിയ ആത്മബലം ആവശ്യമാവുക നിരാസങ്ങളെ ക്കാൾ സ്വീകരിക്കുന്നതിനും ദൃഢീകരിക്കുന്ന തിനുമാണ്. ചില പുതിയ ശീലങ്ങൾ സ്വായത്തമാക്കുക എന്നത് ഒട്ടും നിസാരമല്ല. പുതിയ ബന്ധങ്ങൾ സൃഷ്ടി ക്കുന്നതിനും സത്യത്തോട് സന്ധിയാകുന്നതിനും നൊമ്പരപ്പെടേണ്ടിവരും. കണ്ണികൾ വിളക്കിച്ചേർക്കുമ്പോൾ തീയാളേണ്ടത് അനിവാര്യമല്ലേ! നമ്മുടെ സ്വന്തം കാര്യങ്ങളിൽ നമ്മേക്കാൾ താത്പര്യത്തോടെ ഇടപെടുന്ന ദൈവമുണ്ടെന്നു തിരിച്ചറിയാതെ പോകുന്നതു കൊണ്ടാവും നോമ്പുകളൊന്നും നമുക്ക് പോരാട്ടമാകാത്തത്. എന്റെ ഇഷ്ടങ്ങൾ മാത്രം നടക്കുന്നിടത്ത് എന്തു സമരം?

സത്യം ഉന്നതമാണ്; എന്നാൽ സത്യസന്ധമായി ജീവിക്കുക അതിലും ഉന്നതമാണ്.2 ആദർശം കഠിന മാണ്; ആകാശം ദൂരെയും. ഇങ്ങനെ കരുതി നാമാരും ആകാശത്തേക്കു നോക്കാതിരിക്കുന്നുണ്ടോ? യുദ്ധംകൊണ്ട് എന്തു നേടാം എന്നു മനസിലാക്കി പടയ്ക്കിറങ്ങുന്ന വനാണ് യഥാർത്ഥ യോദ്ധാവ്. നോമ്പുകാലത്തെ ഓരോ ദിനവും സമരദിനമാണ്. തിന്മയോടുള്ള പോരാട്ടത്തിന്റെ നൈരന്തര്യമാണ് അതിലെ അനുഭവം. തീച്ചൂള ഒഴിവാക്കി യാണ് നാം ഇന്നു നടക്കുക. സുരക്ഷിത സ്ഥലങ്ങളിലെ തണുപ്പന്വേഷിച്ച് നാം ഒഴിഞ്ഞു മാറുമ്പോൾ നമുക്കു പോരാട്ട ങ്ങളില്ല. അതുകൊണ്ട് തന്നെ നമ്മുടെ ജീവിതങ്ങൾക്ക് ഒട്ടും ചൂടും വെളിച്ചവും ഇല്ലാതെയും പോകുന്നു.

വെന്ത ചോറിനു കീഴിൽ കനലുകളുണ്ടാകും. ഈ വരികൾ എന്നെ ഓർമിപ്പിക്കുന്നത് പെസഹായുടെ മേശമേലും വലിയവെള്ളിയുടെ കുരിശിന്മേലും ഉത്ഥാനപ്പിറ്റേന്ന് തിബരിയോസിന്റെ കടൽക്കരയിലും ക്രിസ്തു വിളമ്പുന്ന അസാധാരണ ഭോജ്യത്തെയാണ്. അവസാനത്തെ അത്താഴത്തിൽ ഒറ്റുകൊടുക്കപ്പെടുന്നവന്റെ കത്തുന്ന ഹൃദയത്തിൽ നിന്നാണ് ഒരു പറ്റത്തിനുള്ള ആഹാരം പാകമാകുന്നത്. സ്നേഹിതർ നുണയുന്ന ആ ഒരു വറ്റ്; ഒരു തുള്ളി; അതാണ് ജീവൻ നല്കുക. പിറ്റേന്ന് മരിക്കുന്നവന്റെ ഹൃദയത്തിൽ ശബ്ദങ്ങളില്ല. എല്ലാം നിവൃത്തിയാകുമ്പോൾ അവശേഷിക്കുന്നത് ഒരു കുരിശും കുത്തിത്തളയ്ക്കപ്പെട്ട ഒരു ശരീരവും മാത്രം. അതൊരു പൊതിച്ചോറുപോലെ ആകാശത്തിനും ഭൂമിക്കും മധ്യേ ഒരു മരച്ചില്ലയിൽ കോർത്തു കിടക്കുന്നു. എല്ലാ തലമുറ കളുടെയും അനശ്വരമായ പാഥേയംപോലെ; വഴിയാഹാരം തന്നെ.

വീണ്ടും മൂന്നു ദിവസങ്ങൾക്കു ശേഷം ഒരു ദിനം. തിബ രിയോസിന്റെ തീരത്ത് അവനിരിക്കുന്നു. കനലുണ്ട്. അപ്പവും മീനും ഉണ്ട്. സത്യത്തിൽ ഇതെന്റെ ശരീരമാകുന്നു എന്നു കേൾക്കുമ്പോൾ ഓർമ്മിച്ചെടുക്കേണ്ടത് ക്രിസ്തു വിന്റെ കണ്ണിലെ കനലുകളാണ്. ഈ ലോകം കണ്ടതിൽവച്ചേറ്റം പാകപ്പെട്ട ബോധ്യം നാം ക്രിസ്തുവിനെ കണ്ടെത്തുക ഈ കനൽവഴികളിലൂടെ നടന്നു തുടങ്ങുമ്പോഴാണ്. നോമ്പ് ഈ ബോധ്യത്തിലേക്കുള്ള പ്രയാണംതന്നെയാണ്. തുറന്നു കിടക്കുന്ന വാതിലുകളെ ബന്ധിച്ച് മൺപാത്രമെടുത്ത് തീക്കുഴിക്കു മുകളിൽ വയ്ക്കുക. യോഗിയുടെ ഉള്ളം തിളയ്ക്കുന്നു. ഭോഗിയുടെ പുറം ആളുന്നു. തീച്ചൂളയിൽ വീഴുന്ന ബാലന്മാരുടെ ആത്മാവ് ജ്വലിക്കുകയും ശരീരം

തേജോമയമാകുകയും ചെയ്തതിനെക്കുറിച്ചോർമ്മിക്കുക. ഒരുപക്ഷെ ഇങ്ങനെ കേട്ടിട്ടുണ്ടാകും, ഉപഭോഗം കൊണ്ട് കാമം ശമിക്കില്ല. ഹോമദ്രവ്യങ്ങൾകൊണ്ട് അഗ്നി ആളിക്കത്തുന്നതുപോലെ ഭോഗം കൊണ്ട് കാമാസക്തി വർദ്ധിക്കുകയേയുള്ളൂ. ഭോഗശമനത്തെക്കുറിച്ചുള്ള പൗരസ്ത്യവിചാരം ശ്രദ്ധിക്കുക: ശത്രുവിന്റെ നഗരം പിടിച്ചെടുക്കാനാഗ്രഹിക്കുന്ന രാജാവ് ആദ്യം ചെയ്യേണ്ടത് ജലവും ഭക്ഷ്യസാധനങ്ങളും വിഛേദിക്കുകയാണ്. (ഉപരോധം).

ഇതുപോലെയാണ് മാംസത്തിന്റെ വികാരങ്ങളുടെ കാര്യവും. ഉപവാസവും വിശപ്പുംകൊണ്ട് മനുഷ്യൻ പോരാടുകയാണെങ്കിൽ ആത്മാവിനെതിരെ എന്തെങ്കിലും ചെയ്യാൻ ശത്രുക്കൾ അശക്തരായിത്തീരും.6 ഈ വിവേകം നമുക്ക് ഉദിക്കുക വളരെ അപൂർവ്വമാണ്. കാരണം വികാരം വാതിലിലൂടെ അകത്തേക്കു വരുമ്പോൾ വിവേകം ജനാലയിലൂടെ പുറത്തേക്കു ചാടി മറയുന്നു എന്നാണല്ലോ!

നാല്പതു ദിവസം കാട്ടുമൃഗങ്ങളോടൊപ്പം കഴിയുന്ന ഒരുവനെ ഒടുവിൽ ശുശ്രൂഷിക്കുക മാലാഖമാരാണ്. എല്ലാത്തരം മൃഗീയതകളും മെരുക്കപ്പെടുകയും അവ ദൈവീകതയിലേക്കു പരിണമിക്കുകയും ചെയ്യുന്ന വിശുദ്ധ നിരീക്ഷണങ്ങളാണ് നോമ്പിന്റേത്. മൃഗങ്ങൾ മാലാഖമാരാകുന്നു. ഓർക്കുക, രാജാവിന്റെ ഭോജനം കൊണ്ടും അവൻ കുടിക്കുന്ന വീഞ്ഞുകൊണ്ടും തന്നത്താൻ അശുദ്ധമാക്കുകയില്ലെന്ന് ഹൃദയത്തിൽ നിശ്ചയിക്കുന്ന ദാനിയേലിന്റെ യൗവനം മെരുക്കുന്നത് ഒരു സിംഹത്തെയാണ്. ഒരു സിദ്ധാന്തം തന്നെ ഇങ്ങനെയുണ്ടല്ലോ, 'മൃഗീയതയിൽ നിന്നും ദൈവീകതയിലേക്കുള്ള പരിണാമസന്ധിയിലെ ഒരവസ്ഥ മാത്രമാണ് മനുഷ്യൻ' എന്ന്.

അവസ്ഥാന്തരത്തിനായിത്തീരുന്ന ഒരു നോമ്പുകാലം നമുക്കു സ്വന്തമാക്കാം. അതിന്റെ എരിവ് നമ്മെ തിന്നുകളയട്ടെ. 'ചിത്തശുദ്ധിയും വാക്ശുദ്ധിയും ശരീരശുദ്ധിയും ചേർന്ന ത്രകരണ ശുദ്ധി8 നമുക്ക് സ്വന്തമാകണം. ശുദ്ധി ആർജ്ജിക്കുക ചില വർജ്ജനങ്ങളിൽനിന്നാണ്. മോശ ദൈവശുദ്ധി അറിയുക തന്റെ ചെരുപ്പഴിച്ചു വയ്ക്കുമ്പോഴാണ്. താനിതു വരെ നടന്നുപോന്ന വഴികളെ വിട്ടാണ് എരിയുന്ന മുൾപ്പടർപ്പിനടുത്തേക്ക് അവൻ കയറിനില്ക്കുക. നമ്മുടെ ദൈനംദിന സഹചാരികളായ ചെരുപ്പുകളഴിച്ചുവയ്ക്കാം. ചില ശീലങ്ങളും വഴക്കങ്ങളും രുചികളും നിർബന്ധങ്ങളും മാറ്റിവയ്ക്കാം. സത്യമായും ഒരു പുതിയ നാളെയ്ക്കും കാഴ്ചയ്ക്കും വേണ്ടിത്തന്നെ. ഒരു പാകപ്പെടലിനുവേണ്ടി എന്നും പറയാമല്ലോ ! മൺപാത്രം നിറഞ്ഞുകവിയുന്നത് ദൈവത്തിന്റെ പ്രസാദമാണെന്നാണ് പൊങ്കാലയുടെ ശാസ്ത്രം. ഉള്ളം തിളച്ചൊഴുകുമ്പോഴും നുരഞ്ഞ് പതയുമ്പോഴുമാണ് നമ്മുടെ ജീവിതം പ്രസാദമാകുന്നത്. പ്രസന്നവും.

# ശ്ബോത്ത് – ഫെബ്രുവരി

2. "മായൽത്തോ പെരുന്നാൾ (കർത്താവിന്റെ ദേവാലയ പ്രവേശനം) – വയോധിക ദിനം. നിനുവാ നോമ്പ് (3 നോമ്പ്) വീടൽ. മാർ സേവേറിയോസ് പാത്രിയർക്കീസിന്റെ ഓർമ്മ. വൃദ്ധനായ ശെമവോന്റെയും, മർത്ത് ഹന്നായുടെയും ഓർമ്മ. മൂക്കഞ്ചേരിൽ പത്രോസ് മാർ ഒസ്താത്തിയോസ് മെത്രാപ്പോലീത്തായുടെ 55 – ാം ഓർമ്മ. (കണ്ടനാട് കർമ്മേൽ ദയറാ)
3. വിലാപക്കാരിൽ പ്രധാനിയായ മാർ ബർസൗമായുടെ ഓർമ്മ. താപസനും വിലാപക്കാരനുമായ മാർ കൗമായുടെ ഓർമ്മ.
5. പട്ടക്കാരുടെ പൊതുവായ ഓർമ്മ.
9. മാത്യൂസ് മാർ എപ്പിഫാനിയോസ് മെത്രാപ്പോലീത്തായുടെ 14 – ാം ഓർമ്മ. (കൊല്ലം സെന്റ് തോമസ് കത്തീഡ്രൽ).
12. സകല വാങ്ങിപ്പോയവരുടെയും പൊതുവായ ഓർമ്മ.
13. മാർ ഇഗ്നാത്തിയോസ് ഏലിയാസ് തൃതീയൻ പാത്രിയർക്കീസ് ബാവായുടെ 91 – ാം ഓർമ്മ. (മഞ്ഞനിക്കര ദയറാ).
16. സഭാരത്നം ഡോ. ഗീവർഗീസ് മാർ ഒസ്താത്തിയോസ് മെത്രാപ്പോലീത്തായുടെ 11 – ാം ഓർമ്മ. (മാവേലിക്കര സെന്റ് പോൾസ് ചാപ്പൽ).
19. കൊത്തിനെ ഞായറാഴ്ച. (വലിയനോമ്പിന്റെ പേത്തുർത്തോ ഞായർ).
20. വലിയനോമ്പ് (50 നോമ്പ്) ആരംഭം; ശുബ്ക്കോനോ ശുശ്രൂഷ.
23. മലങ്കര സഭാ ഭാസുരൻ പരിശുദ്ധ വട്ടശ്ശേരിൽ ഗീവർഗീസ് മാർ ദീവന്നാസ്യോസ് മെത്രാപ്പോലീത്തായുടെ 89 – ാം ഓർമ്മ. (കോട്ടയം പഴയ സെമിനാരി ചാപ്പൽ). തോമസ് മാർ മക്കാറിയോസ് മെത്രാപ്പോലീത്തായുടെ 15 – ാം ഓർമ്മ. (ദേവലോകം കാതോലിക്കേറ്റ് അരമന). സ്മിർണായിലെ പോളിക്കാർപ്പോസിന്റെ ഓർമ്മ.
24. ഏവൻഗേലിസ്ഥനായ മാർ മത്തായി ശ്ലീഹായുടെ ഓർമ്മ.
25. മാർ അപ്രേം മൽപാന്റെയും, തേവോദോറോസ് സഹദായുടെയും ഓർമ്മ (വലിയനോമ്പിലെ ആദ്യ ശനി).
26. വലിയ നോമ്പിലെ രണ്ടാം ഞായറാഴ്ച. (ഗർബോ ഞായർ).



ഡോ. കെ.എൽ. മാത്യു വൈദ്യൻ കോറെപ്പിസ്കോപ്പാ

# കുരിശുമരണവും മനുഷ്യരാശിയുടെ രക്ഷയും

ക്രിസ്തു പാപപരിഹാരയാഗമായിത്തീർന്നു എന്ന് വിശുദ്ധ പൗലോസ് വിശദീകരിക്കുന്നു. യഹൂദമതാനുഷ്ഠാനത്തിലെ യാഗം ഒരു പ്രതിരൂപമായി എടുക്കുന്നു. ''നമ്മുടെ പെസഹാകുഞ്ഞാടും അറുക്കപ്പെട്ടിരിക്കുന്നു, ക്രിസ്തു തന്നെ''. (1 കൊരി. 5:7) സ്വന്തം രക്തം ചീന്തി സ്വജീവൻ യാഗമായി അർപ്പിച്ച ക്രിസ്തുവിലുള്ള വിശ്വാസം മൂലം പാപങ്ങൾ ക്ഷമിക്കപ്പെടുന്നു. പാപരഹിതനായ ക്രിസ്തു നമുക്കുവേണ്ടി ബലിയായി തീർന്നു എന്നതാണ് ദൈവത്തിന്റെ നീതി.

മഹാപുരോഹിതൻ പാപപരിഹാര ദിവസം മൃഗരക്തവുമായി അതിവിശുദ്ധ സ്ഥലത്തേക്ക് പ്രവേശിച്ച് കൃപാസനത്തിൽ (hilarterion or mercy seat) തളിക്കുന്നതുമൂലം പാപം പരിഹരിക്കപ്പെട്ടു എന്നാണ് വിശ്വസിച്ചിരുന്നത്. നിയമപെട്ടകത്തിന്മേൽ വയ്ക്കുന്ന തങ്കം കൊണ്ടുള്ള അടപ്പാണ് കൃപാസനം (പുറ.25:17). യഥാർത്ഥത്തിലുള്ള കൃപാസനം ക്രിസ്തുവായിത്തീർന്നുകൊണ്ട് നമ്മുടെ പാപങ്ങൾക്ക് പരിഹാരം വരുത്തിയിരിക്കുന്നു എന്നാണ് പൗലോസിന്റെ വ്യാഖ്യാനം. ക്രിസ്തുവിന്റെ കുരിശുമരണത്തിന്റെയും ഉയിർപ്പിന്റെയും ശക്തി വർത്തമാനകാലത്തും നമുക്ക് അനുഭവിക്കാൻ കഴിയണം.

ക്രിസ്തുവിന്റെ കുരിശുമരണത്തിൽ സ്നേഹത്തിന്റെ പരിപൂർണ്ണത നാം കണ്ടെത്തുന്നു. സ്നേഹിതർക്കുവേണ്ടി ജീവൻ ബലി കഴിക്കുന്നതിനേക്കാൾ വലിയ സ്നേഹം ഇല്ല. ''ക്രിസ്തു സ്വന്തം ജീവൻ നമുക്കുവേണ്ടി പരിത്യജിച്ചു എന്നതിൽ നിന്ന് സ്നേഹം എന്തെന്ന് നാം അറിഞ്ഞിരിക്കുന്നു'' (1 യോഹ. 3:16). ക്രിസ്തു നമ്മെ സ്നേഹിക്കുകയും നമുക്കുവേണ്ടി സുരഭിലമായ ഒരു കാഴ്ചയും ബലിയുമായി സ്വയം ദൈവത്തിനു സമർപ്പിക്കുകയും ചെയ്തു. ക്രൂശിലെ സ്നേഹം കൊണ്ട് നാം സമൂഹത്തെ ഉണർത്തണം.

കുരിശുമരണം മൂലം ഉടമ്പടി ബന്ധം പുനഃസ്ഥാപിച്ച് ദൈവരാജ്യപ്രവേശനം ഉറപ്പാക്കി. കുരിശുമരണമാകുന്ന യാഗം മൂലം ക്രിസ്തു പഴയനിയമ ബലികളെയും പൗരോഹിത്യത്തെയും പൂർത്തീകരിക്കുകയും മനുഷ്യവർഗ്ഗത്തിന് സ്വർഗ്ഗത്തിലേക്കുള്ള പ്രവേശന കവാടം തുറന്നുകൊടുക്കുകയും ചെയ്തു. പഴയനിയമ ബലികൾക്ക് മൃഗവും പുരോഹിതനും ആവശ്യമായിരുന്നു. നിത്യ മദ്ധ്യസ്ഥനായ യേശുക്രിസ്തുവിന്റെ യാഗത്തിൽ ഇവ രണ്ടും താൻതന്നെ ആയിരുന്നു. ദൈവരാജ്യത്തിനുവേണ്ടി, കുരിശിന്റെ ശിക്ഷണത്തിനു വിധേയരായി സ്വയപരിത്യാഗം ജീവിതശൈലിയാക്കി നാം മാറ്റണം. അറുക്കപ്പെട്ട കുഞ്ഞാട്, കഷ്ടപ്പെടുന്ന ദാസൻ എന്നീ പഴയനിയമ പ്രതിരൂപങ്ങൾ നിറവേറ്റി, ക്രിസ്തു ഉടമ്പടി ബന്ധം പുനഃസ്ഥാപിച്ചു. സ്ത്രീയുടെ സന്തതി സർപ്പത്തിന്റെ കുതികാൽ തകർക്കും എന്ന വാഗ്ദത്തം നിറവേറ്റി.

കുരിശുമരണത്തിന്റെ ചില സിദ്ധാന്തങ്ങൾ പരിശോധിക്കാം. കുരിശുമരണത്തിലൂടെ അനേകർക്കുവേണ്ടി മറുവിലയായി കൊടുത്ത് ആദാമ്യസന്തതിയെ വിട്ടയച്ചു (മർക്കൊ. 10:45, 1 തിമൊ. 2:6). ആർക്കാണ് മറുവില കൊടുത്തത്? പണ്ഡിതനായ ഓറിഗൺ (185-253) പറയുന്നത് പിശാചിന്റെ അടിമത്വത്തിൽ ആയിപ്പോയ മനുഷ്യരാശിയെ പിശാചിനു മറുവില കൊടുത്ത് വീണ്ടെടുത്തു എന്നാണ്. ഇത് സഭയുടെ ഔദ്യോഗിക പഠിപ്പിക്കൽ അല്ല. മറുവില സിദ്ധാന്തം (Ransom Theory) എന്ന് ഇത് അറിയപ്പെടുന്നു. ഒന്നാം ആദാമിന്റെ അനുസരണക്കേട് രണ്ടാം ആദാമിന്റെ അനുസരണത്താൽ പരിഹരിക്കപ്പെട്ടു എന്ന (റോമ. 5:19)

വാക്യത്തെ അടിസ്ഥാനമാക്കി വിശുദ്ധ ഐറേനിയസ് (140 നും 160 നും ഇടയ്ക്ക് ഏഷ്യാമൈനറിലെ സ്മിർണ യിൽ ജനിച്ചു). തന്റെ ചിന്തകൾ രൂപപ്പെടുത്തി. പാപിക ളായ നമ്മുടെ ജീവിതത്തിന്റെ ഘട്ടങ്ങളിൽ കൂടിയെല്ലാം രണ്ടാം ആദാം ആയ ക്രിസ്തു കടന്നിട്ട് ഒന്നാം ആദാമിന്റെ സകല സന്തതിയെയും തന്നിൽ ഉൾപ്പെടുത്തി പൂർത്തീ കരിച്ച് വീണ്ടെടുപ്പിലേക്ക് നയിച്ചു എന്നും ക്രിസ്തുവിനു മുമ്പുള്ള സകല വെളിപാടുകളും തന്നിൽ ഉൾപ്പെടുത്തി പൂർത്തീകരിച്ചു എന്നും വി. ഐറിനിയസ് വിശദീകരിച്ചു. പൂർത്തീകരണ സിദ്ധാന്തം (Recapitulation Theory) എന്ന് ഇത് അറിയപ്പെടുന്നു.

കുരിശിലൂടെയുള്ള വീണ്ടെടുപ്പിനെക്കുറിച്ച് കാന്റർബറി ആർച്ച് ബിഷപ്പായിരുന്ന ആൻസലം (1033–1109) തൃപ്തി കരണ സിദ്ധാന്തം (Satisfaction Theory) മുന്നോട്ടു വച്ചു. പരി മിതനായ മനുഷ്യന് നിത്യമായ തൃപ്തീകരണം നൽകാൻ സാദ്ധ്യമല്ല. ദൈവപുത്രനായ യേശുക്രിസ്തുവിനു മാത്രം നിത്യമായ തൃപ്തീകരണം നൽകാൻ സാധിക്കൂ. പാപര ഹിതനായ ക്രിസ്തു മരിച്ചത് സ്വന്തം പാപത്തിനുവേണ്ടി യല്ല. ഈ വലിയ അനുസരണം മൂലം ദൈവത്തെ തൃപ്തി പ്പെടുത്തിയ പുത്രൻ തമ്പുരാൻ അതിന്റെ പ്രതിഫലം മനു ഷ്യരാശിക്കു വിട്ടുകൊടുത്തു. അങ്ങനെ മനുഷ്യരാശി ആകമാനം ശിക്ഷയിൽ നിന്ന് വിടുവിക്കപ്പെട്ടു.

ദൈവസ്നേഹത്തിന്റെ ആഴവും അനുതാപികളുടെ ഹൃദയ പരിവർത്തനവുമാണ് കുരിശുമരണത്തിന്റെ ലക്ഷ്യ മെന്ന് പീറ്റർ അബിലാർഡ് (1079–1142) വാദിച്ചു. ധാർമ്മിക പ്രചോദന സിദ്ധാന്തം (Moral Influence Theory) എന്ന് ഇതറി യപ്പെടുന്നു. പാപത്തിന്റെ ഒഴിച്ചുകൂടാത്ത ശിക്ഷ യേശു സ്വമനസ്സാലെ വഹിച്ചു എന്ന് മാർട്ടിൻ ലൂഥർ, ഫിലിപ്പ് മെലംക്തോൺ തുടങ്ങിയ നവീകരണ ചിന്താഗതിക്കാർ അഭിപ്രായപ്പെട്ടു. ദൈവനീതി പാപത്തെ ശിക്ഷിക്കുക യില്ല. അതിനാൽ പരിഹാരമാർഗ്ഗം ദൈവപുത്രൻ ശിക്ഷ സ്വമനസ്സാലെ ഏൽക്കുകയാണ്. ക്രിസ്തു ശിക്ഷ സ്വയം ഏറ്റത് പാപിയോട് ഏകീഭവിക്കുവാനാണ്. ശിക്ഷാവാഹിക സിദ്ധാന്തം (Penal Theory) എന്ന് ഈ തത്വം അറിയപ്പെടുന്നു. മേൽപ്പറഞ്ഞ സിദ്ധാന്തങ്ങൾക്കെല്ലാം പരിമിതികളുണ്ട്.

പൗരസ്ത്യ ഓർത്തഡോക്സ് ദർശനത്തിൽ കുരിശു മരണത്തെപ്പറ്റിയുള്ള വിശുദ്ധ അത്താനാസ്യോസിന്റെ (295–373) ചിന്തകൾ വളരെ പ്രാധാന്യമർഹിക്കുന്നു. കുരി ശുമരണത്തിന്റെയും അതിലൂടെയുള്ള മനുഷ്യരാശിയുടെ രക്ഷയുടെയും മർമ്മങ്ങളെക്കുറിച്ച് പ്രതിപാദിക്കുന്ന കൃതി യാണ് വി. അത്താനാസ്യോസിന്റെ ''വചനത്തിന്റെ മനു ഷ്യാവതാരം'' (De Incarnatione Verbi) എന്ന പ്രൗഢസമാഹാ രം. ദൈവീകമായ ഒരു ആശയസംഘട്ടനത്തിന്റെ (a divine dilemma) പരിഹാര മാർഗ്ഗമായിട്ട് അദ്ദേഹം ക്രിസ്തുവിന്റെ മനുഷ്യാവതാരത്തെയും കുരിശുമരണത്തെയും കാണുന്നു. പാപം ശിക്ഷിക്കപ്പെടാതിരിക്കുകയും അതുമൂലം നീതി നിവർത്തിക്കപ്പെടാതിരിക്കയും ചെയ്യണമോ അതോ മനുഷ്യനെ ശിക്ഷിക്കുകയും നശിക്കാൻ അനുവദിക്കു കയും ചെയ്യണമോ? ഇതാണ് ആശയസംഘട്ടനം. ദൈവ സ്നേഹം മനുഷ്യനെ നശിക്കാൻ അനുവദിക്കുന്നില്ല. ദൈവനീതി മനുഷ്യൻ ശിക്ഷിക്കപ്പെടാതെ പോകാനും അനുവദിക്കുന്നില്ല. അതിനാൽ നീതിയും സ്നേഹവും തന്നിൽ തന്നെ സംയോജിപ്പിച്ചുകൊണ്ട് ദൈവം മനുഷ്യ നായി കുരിശുമരണം വരിച്ചു. പാപലേശമില്ലാത്ത ഒരു ശരീരം താൻ എടുത്തു. മലിനപ്പെടാത്ത ഒരു കന്യകയിൽ നിന്നും ജനിച്ചു. തന്റെ ഉയിർപ്പ് മൂലം മരണത്തെ കീഴടക്കി. ദ്രവത്വത്തെയും നശ്വരതയെയും മരണത്തെയും തോല്പി ക്കുവാനും എല്ലാവരേയും രക്ഷിക്കുവാനും താൻ മരിച്ചു (2 കൊരി. 5:14, എബ്രാ. 2:7–14). സ്രഷ്ടാവിനു മാത്രമേ രക്ഷകൻ ആകാൻ സാധിക്കൂ.

നാം ദൈവമക്കളായി തീരുവാൻ വേണ്ടിയാണ് ദൈവം മനുഷ്യനായതെന്ന് അത്താനാസ്യോസ് പ്രഖ്യാപിച്ചു. ''ഭൂമിയിൽ ജീവിച്ചതു വഴി താൻ ഭൂതലത്തെ ശുദ്ധീക രിച്ചു. വായുവിൽ കുരിശിൽ തറയ്ക്കപ്പെട്ടതു വഴി താൻ വായുമണ്ഡലത്തെയും ശുദ്ധീകരിച്ചു. മനുഷ്യപുത്രന്മാർ ദൈവപുത്രന്മാരാകാൻ ദൈവപുത്രൻ മനുഷ്യപുത്രനായി തീർന്നു''. പാപപരിഹാരത്തിന്റെയും രക്ഷയുടെയും ബലി ആയിട്ട് പൗരസ്ത്യ സഭാ പിതാക്കന്മാർ കുരിശുമരണത്തെ കാണുന്നു. ഈ ബലിയുടെ ആവർത്തനമായിട്ടല്ല, തുടർച്ച യായിട്ട് വിശുദ്ധ കുർബ്ബാനയെ വീക്ഷിക്കുന്നു. ക്രിസ്തു വിന്റെ രക്തം പുതിയ ഉടമ്പടിയുടെ രക്തമാണ്. അതു തളിക്കപ്പെടാതെ പാപക്ഷമയില്ല. ആ ശരീരം ഭക്ഷിക്ക പ്പെടാതെ ജീവൻ പ്രാപിക്കയില്ല.

മനുഷ്യരായ നാം ദൈവമക്കളായി തീരാൻ പ്രയത്നം അനുസ്യൂതം തുടരണം. അമർത്യതയും നിത്യജീവനും രക്ഷയും നാം ക്രിസ്തുവിന്റെ കുരിശുമരണത്തിലൂടെ രുചിക്കുന്നു. ക്രിസ്തുവിന്റെ കുരിശുമരണം നമുക്ക് യാഥാർത്ഥ്യമായി തീരുന്നത് ക്രിസ്തുവിന്റെ ശരീരമാ കുന്ന വിശുദ്ധ കുർബ്ബാനയിൽ നാം പങ്കാളികളാകുമ്പോ ഴാണ്. കുരിശുമരണത്തിലെ പരിത്യാഗം സ്വജീവിതത്തിൽ അർത്ഥവത്താക്കി കൊണ്ട് ദൈവത്തിന് ഒരു യാഗമായി തീരുക എന്നത് ക്രിസ്തീയ ലക്ഷ്യമാകണം. അന്ത്യോഖ്യ യിലെ വി. ഇഗ്നാത്തിയോസ് (35–110) റോമർക്ക് എഴുതിയ തന്റെ ലേഖനത്തിൽ പറയുന്നു. ''ഞാൻ ദൈവത്തിന്റെ ഗോതമ്പാണ്. ക്രിസ്തുവിനുവേണ്ടി പവിത്രമായ ഒരപ്പം നിർമ്മിക്കാൻ ഞാൻ വന്യമൃഗങ്ങളുടെ ദംഷ്ട്രങ്ങളാൽ പൊടിക്കപ്പെടട്ടെ''. സഭ, പ്രപഞ്ചത്തിലെ ദൈവീക രക്ഷണ്യ പദ്ധതിക്കുവേണ്ടിയുള്ള (divine economy) ബലിവേദി യാണെന്ന് മറക്കരുത്.

ഫാ. ഡോ. ജോൺ തോമസ് കരിങ്ങാട്ടിൽ



# പരിശുദ്ധ വട്ടശ്ശേരിൽ തിരുമേനിയുടെ സ്ത്രീപക്ഷ ദർശനങ്ങൾ

പരിശുദ്ധ വട്ടശ്ശേരിൽ ഗീവർഗീസ് മാർ ദീവന്നാസ്യോസ് മെത്രാപ്പോലീത്തായുടെ (1858–1934) സാമൂഹിക നവോത്ഥാന ദർശനങ്ങളിൽ പരമ പ്രധാനമായിട്ടുള്ളതാണ് വിദ്യാഭ്യാസ പ്രവർത്തനങ്ങൾ. പരുമല സെമിനാരിയിലും (1881–1908) പഴയ സെമിനാരിയിലും ദീർഘകാലം വൈദിക വിദ്യാർത്ഥികളെ അഭ്യസിപ്പിച്ച സമർത്ഥനായ മല്പാനായിരുന്നു അദ്ദേഹം. കോട്ടയം എം.ഡി. സെമിനാരി സ്കൂളിന്റെ പ്രിൻസിപ്പാളായി (1896–1903) എട്ടു വർഷത്തോളം പ്രവർത്തിച്ചു. ആത്മികവും ഭൗതികവുമായ വിദ്യാഭ്യാസ സമ്പ്രദായങ്ങളിൽ വൈദഗ്ധ്യം ലഭിച്ച ഉത്തമ ഗുരുവും പിതാവുമായിരുന്നു പരിശുദ്ധ വട്ടശ്ശേരിൽ തിരുമേനി.

മലങ്കരസഭയിലെ സ്ത്രീകളുടെ സംഘടനാശേഷിക്കും വേദവിജ്ഞാനീയത്തിനുമായി മർത്തമറിയം സമാജവും സ്ത്രീകളുടെ ഉന്നത വിദ്യാഭ്യാസത്തിനായി തിരുവല്ലയ്ക്കടുത്ത് തിരുമൂലപുരത്ത് പെൺപള്ളിക്കൂടം അഥവാ ബാലികാമഠം സ്കൂൾ പ്രവർത്തനങ്ങൾ ശക്തിപ്പെടുന്നതിന് പരിശുദ്ധ വട്ടശ്ശേരിൽ തിരുമേനി നിർണ്ണായക പങ്കാളിത്തം വഹിച്ചു. ഇതിന് പ്രേരണ പകർന്ന പ്രധാന ഘടകം പത്തൊമ്പതാം നൂറ്റാണ്ടിന്റെ അന്ത്യ ദശകങ്ങളിലെ സ്ത്രീ വിദ്യാഭ്യാസ മുന്നേറ്റവും ഗുരുവായ പരിശുദ്ധ പരുമല ഗീവർഗ്ഗീസ് മാർ ഗ്രീഗോറിയോസ് മെത്രാപ്പോലീത്തായുടെ സ്വാധീനവും ആയിരുന്നു.

മലങ്കരസഭാ ചരിത്രത്തിൽ സ്ത്രീ പങ്കാളിത്തവും നേതൃത്വവും വിദ്യാഭ്യാസവും ശക്തിപ്പെട്ടത് പത്തൊമ്പതാം നൂറ്റാണ്ടിന്റെ ആദ്യ ദശകങ്ങളിലാണ്. ബൈബിൾ ഭാഷാന്തരവും കോട്ടയത്തെ പഠിത്തവീടിന്റെ സ്ഥാപനവും മിഷണറിമാരുടെ സ്വാധീനവും ഇതിന് വഴി ഒരുക്കി. കോട്ടയം കോളജ് എന്നറിയപ്പെട്ട പഴയ സെമിനാരിയിൽ സ്ത്രീകൾക്ക് ഇംഗ്ലീഷ് വിദ്യാഭ്യാസം നൽകിയിരുന്നതായി ചരിത്രം സാക്ഷിക്കുന്നു.

പരുമലയിൽ 1873 സെപ്തംബർ 8-ന് നടന്ന പള്ളിയോഗത്തിന്റെ പത്താമത് നിശ്ചയത്തിൽ ആൺ പൈതങ്ങൾക്കും പെൺ പൈതങ്ങൾക്കും പഠിക്കുന്നതിന് പഠിത്തവീടുകൾ എല്ലാ ഇടവകകളിലും കാലക്രമംകൊണ്ട് സ്ഥാപിക്കേണ്ടതിന്റെ ആവശ്യം വ്യക്തമാക്കുന്നു. ഇതിന്റെ പണികൾ പള്ളികളിൽ നിന്നോ പൊതു വകകളിൽ നിന്നോ യുക്തംപോലെ ചെലവു ചെയ്ത് പണിയാൻ കമ്മിറ്റിക്കാർ ദൃഷ്ടി വയ്ക്കണമെന്നും നിർദ്ദേശിക്കുന്നു. സ്ത്രീ വിദ്യാഭ്യാസത്തിനും സ്ത്രീ നേതൃത്വത്തിനും വ്യാപകമായ പ്രചാരം പരുമല പള്ളിയോഗത്തിൽ ആരംഭിക്കുന്നു. പരുമല യോഗ നിശ്ചയത്തിന്റെ പ്രായോഗിക നടപടിക്രമങ്ങൾ പിന്നീട്

പരുമല ഗീവർഗീസ് മാർ ഗ്രീഗോറിയോസ് മെത്രാപ്പോലീത്താ സ്വയം ഏറ്റെടുത്ത് സ്ത്രീപക്ഷ കാഴ്ചപ്പാടുകൾ വളർത്തി.

പരുമല തിരുമേനിയുടെ ശിഷ്യഗണത്തിലെ പ്രധാനികളായ പരിശുദ്ധ വട്ടശ്ശേരിൽ ഗീവർഗീസ് മാർ ദീവന്നാസിയോസ് മെത്രാപ്പോലീത്തായും പരിശുദ്ധ ഗീവർഗീസ് ദ്വിതീയൻ ബാവായും സ്ത്രീകളുടെ ശുശ്രൂഷയും സേവനവും നേതൃത്വവും വളരെ കൃത്യമായി വിഭാവനം ചെയ്തിരുന്നു. ഇതിൽ പരിശുദ്ധ ഗീവർഗീസ് ദ്വിതീയൻ ബാവാ, പുന്നൂസ് റമ്പാൻ ആയിരുന്ന കാലത്ത് (1898-1912) എഴുതിയ പരിശുദ്ധ സ്ത്രീകളുടെ ചരിത്രം എന്ന പരിഭാഷ ഗ്രന്ഥം വളരെ ശ്രദ്ധേയമാണ്.

പരുമല തിരുമേനിയുടെ ശിഷ്യനായ പരിശുദ്ധ വട്ടശ്ശേരിൽ തിരുമേനിയും സഭയുടെ നേതൃത്വ നിരയിലേക്ക് സ്ത്രീകളെ നയിക്കുന്നതിന് പ്രാധാന്യം നൽകി. സഭാ ഭരണഘടനാ നിർമ്മാണവുമായി ബന്ധപ്പെട്ട് നിരവധി ചർച്ചകൾ നടന്ന കൂട്ടത്തിൽ 1920-ൽ സഭാ ഭരണഘടനയുടെ കരട് ബില്ലിൽ സ്ത്രീകൾക്ക് ഇടവക പൊതുയോഗത്തിൽ വോട്ടവകാശം നൽകുന്നതിന്റെ ആവശ്യകതയെക്കുറിച്ച് ചർച്ച നടന്നു. സ്വതന്ത്രമായ ചർച്ചകൾക്കും സംവാദങ്ങൾക്കും പലർക്കും അക്കാലത്ത് അവസരം ലഭ്യമായി. 'ചുരുങ്ങിയപക്ഷം സ്ത്രീകൾക്ക് കമ്മിറ്റി മെമ്പറന്മാരെ തെരെഞ്ഞടുക്കുന്ന യോഗങ്ങളിൽ വോട്ടവകാശം എങ്കിലും തൽക്കാലം അനുവദിക്കേണ്ടതാണ്' എന്ന പൈലി മത്തായിയുടെ നിരീക്ഷണം വളരെ ശ്രദ്ധേയമാണ്. പിന്നീട് ഒരു ദശകത്തോളം (1920-1930) സഭാ ഭരണഘടനാ ഡ്രാഫ്റ്റ് ചർച്ചകൾ സഭയിൽ ശക്തിപ്പെട്ടിരുന്നു.

മലങ്കര സഭയിൽ സ്ത്രീകൾക്കായി ദൈവമാതാവിന്റെ നാമത്തിൽ മർത്തമറിയം സമാജം ആരംഭിക്കുവാൻ പരിശുദ്ധ വട്ടശ്ശേരിൽ തിരുമേനി 1928-ൽ നേതൃത്വം നൽകി. നമ്മുടെ വനിതകളുടെ ആത്മികവും സാമൂഹികവുമായ പുരോഗതിയെ ലക്ഷ്യമാക്കി ഇന്ന് അനേകമനേകം ശാഖകളിലൂടെ പ്രവർത്തിച്ചു വരുന്ന മർത്തമറിയം വനിതാ സമാജം മാർ ദീവന്നാസിയോസിന്റെ കാലത്താണ് ജന്മമെടുത്തത് (ഇസ്സഡ്. എം. പാറേട്ട്, വട്ടശ്ശേരിൽ മാർ ദീവന്നാസിയോസ്, 1969: പേജ് 806-807). മർത്തമറിയം സമാജം പരിശുദ്ധ വട്ടശ്ശേരിൽ ഗീവറുഗീസ് മാർ ദീവന്നാസിയോസിന്റെ കാലത്താണ് ജന്മമെടുത്തതെന്ന് ചരിത്രകാരനായ ഇസ്സഡ് എം. പാറേട്ട് വ്യക്തമാക്കുന്നു. മർത്തമറിയം സമാജത്തിന്റെ പ്രഥമ ജനറൽ സെക്രട്ടറി കൊച്ചന്നാമ്മ എന്ന കണ്ടത്തിൽ കെ.എം. അന്നമ്മയെ വിവാഹം കഴിച്ചത് വട്ടശ്ശേരിൽ തിരുമേനിയുടെ ജ്യേഷ്ഠന്റെ പുത്രൻ ഫീലിപ്പോച്ചൻ ആയിരുന്നു. അതിനാൽ മർത്തമറിയം സമാജത്തിന്റെ പ്രവർത്തനങ്ങൾക്ക് വട്ടശ്ശേരിൽ തിരുമേനിയുടെ നിർദ്ദേശങ്ങളും കൈത്താങ്ങലുകളും വളരെയധികം ലഭിച്ചിരുന്നു. കോട്ടയത്ത് 1933-ൽ നടന്ന മർത്തമറിയം സമാജം വാർഷിക സമ്മേളനത്തിന് പരിശുദ്ധ വട്ടശ്ശേരിൽ തിരുമേനി നേതൃത്വം നൽകിയത് ശ്രദ്ധേയമാണ്. മർത്തമറിയം സമാജത്തിന്റെ റിപ്പോർട്ട് ബഥനി മാസികയിൽ കൊല്ലവർഷം 1109-ന് പ്രസിദ്ധീകരിച്ചതിൻപ്രകാരം 1933-ൽ മർത്തമറിയം സമാജത്തിന് ഭരണഘടന അംഗീകരിക്കപ്പെട്ടതായി കാണുന്നു.

സുറിയാനി, മലയാളം, ഇംഗ്ലീഷ്, സംസ്കൃതം എന്നീ ഭാഷകളിൽ അവഗാഹം ഉണ്ടായിരുന്നതിനാൽ വിദ്യാഭ്യാസ പ്രവർത്തനങ്ങൾക്കായി വിവിധ പദ്ധതികൾ മാർ ദീവന്നാസ്യോസ് ആവിഷ്ക്കരിച്ചു. ഗുരുവായ പരിശുദ്ധ പരുമല തിരുമേനിയുടെ വിദ്യാഭ്യാസ ദർശനം വളരെയേറെ സ്വാധീനിച്ചതിനാൽ വിവിധ സ്ഥലങ്ങളിൽ സ്കൂളുകൾ ആരംഭിക്കുന്നതിന് നേതൃത്വം നൽകി. വിദ്യാഭ്യാസം സാമൂഹിക നവോത്ഥാനത്തിന്റെ അടിസ്ഥാന ഘടകം എന്നു വിശ്വസിച്ച വട്ടശ്ശേരിൽ തിരുമേനി കോട്ടയത്ത് വിദ്യാർത്ഥികൾക്ക് താമസിച്ച് പഠിക്കുന്നതിനായി എം. ഡി. ഹോസ്റ്റൽ ആരംഭിച്ചു. ആലുവ യു.സി. കോളജിന്റെ സ്ഥാപനത്തിലും നിർണ്ണായക പങ്ക് വഹിച്ചിട്ടുണ്ട്. നിരവധി സ്ഥലത്ത് പ്രൈമറി സ്കൂളുകൾക്ക് തുടക്കമിട്ടു.

പരിശുദ്ധ വട്ടശ്ശേരിൽ തിരുമേനി പെൺകുട്ടികളുടെ വിദ്യാഭ്യാസത്തിനും നേതൃത്വം നൽകിയിട്ടുണ്ട്. തിരുവല്ല തിരുമൂലപുരത്ത് 1904 ൽ കണ്ടത്തിൽ വർഗ്ഗീസ് മാപ്പിള ആരംഭിച്ച ബാലികാമഠം ഗേൾസ് ഹൈസ്കൂൾ പ്രവർത്തനങ്ങൾ ഫലപ്രദമാക്കേണ്ടതിന്റെ ആവശ്യകതയെക്കുറിച്ച് 1922-ൽ കല്പന എഴുതിയിട്ടുണ്ട്. സ്ത്രീജനങ്ങൾക്ക് ദൈവഭക്തിയും പഠിപ്പും ഇല്ലാത്തതായ സമുദായം ഒരു കാലത്തും ഐശ്വര്യം പ്രാപിക്കാൻ പ്രയാസമാണ്. അങ്ങനെയുള്ള സമുദായത്തിൽ മഹാമനസ്ക്കന്മാരും വിദ്വാന്മാരും വിശുദ്ധന്മാരുമായ ആളുകൾ തുലോം ചുരുങ്ങിയിരിക്കും. നമ്മുടെ സമുദായം സ്ത്രീ വിദ്യാഭ്യാസ വിഷയത്തിൽ തുലോം പിന്നോക്കമാണ്... ഈ കുറവിനെ പരിഹരിക്കാത്ത കാലത്തോളം നമ്മുടെ സമുദായത്തിന് ഐശ്വര്യാഭിവൃദ്ധി ഉണ്ടാകുന്നത് പ്രയാസമായിരിക്കും (മലങ്കരസഭാ പിതാക്കന്മാർ, 1991, പേജ് 204) എന്ന് വ്യക്തമായി കല്പനയിൽ എഴുതി. വട്ടശ്ശേരിൽ തിരുമേനി സ്ത്രീ ശക്തീകരണ ദർശനങ്ങൾക്ക് പ്രാധാന്യം നൽകിയതിനാലാണ് സഭയിൽ സ്ത്രീസമാജവും സ്ത്രീ വിദ്യാഭ്യാസവും അഭിവൃദ്ധി പ്രാപിച്ചത്.

പരിശുദ്ധ വട്ടശ്ശേരിൽ തിരുമേനി സ്ത്രീകളുടെ വിദ്യാഭ്യാസത്തെക്കുറിച്ച് എഴുതിയ 1922-ലെ 1049-ാം നമ്പർ കല്പന (1098 തുലാം 9-ന്) സ്ത്രീ സമൂഹത്തിന്റെ

സമഗ്രമായ വളർച്ചയെ ലക്ഷ്യമാക്കിയുള്ളതാണ്. അതിലെ പ്രധാന സ്ത്രീപക്ഷ ദർശനങ്ങൾ താഴെ പറയുന്നവയാണ്:

1. സമുദായത്തിന്റെ ഐശ്വര്യം അതിലെ സ്ത്രീജനങ്ങളെയും ആശ്രയിച്ചിരിക്കുന്നു.
2. സ്ത്രീജനങ്ങൾ ദൈവഭക്തിയുള്ളവരും പഠിപ്പുള്ളവരും ആയിരിക്കുന്ന കുടുംബങ്ങളിലും സമുദായങ്ങളിലും ദൈവത്തിന്റെ വിശുദ്ധർ ജനിച്ചു വളരും.
3. ലോകത്ത് പ്രാപ്തരും പ്രബലരുമായ നേതാക്കൾ ഉണ്ടാകുന്നത് തങ്ങളുടെ മാതാപിതാക്കളുടെ സ്വഭാവ വിശേഷത്തിന്റെ ഫലമാണ്.
4. സ്ത്രീജനങ്ങൾക്ക് ദൈവഭക്തിയും പഠിപ്പും ഇല്ലാത്തതായ സമുദായം ഒരു കാലത്തും ഐശ്വര്യം പ്രാപിപ്പാൻ പ്രയാസമാണ്.
5. സ്ത്രീകൾക്ക് വിദ്യാഭ്യാസം നൽകാത്ത കാലത്തോളം സമുദായത്തിന് ഐശ്വര്യാഭിവൃദ്ധി ഉണ്ടാകുന്നത് പ്രയാസമായിരിക്കും.
6. കുഞ്ഞുങ്ങളെ സൽസ്വഭാവികളും ദൈവഭക്തരുമായി വളർത്തുന്നതിന് സ്ത്രീകൾക്ക് പ്രത്യേക പാടവവും വാസനാ ബലവും ഉണ്ട്.
7. സാധാരണയുള്ള സ്കൂളുകളിലും കോളജുകളിലും ലഭിക്കാത്ത രീതിയിലുള്ള വിദ്യാഭ്യാസം കൊണ്ട് നമ്മുടെ സ്ത്രീകൾ ഒരിക്കലും തൃപ്തരാകരുത്. അവർ ഉന്നത വിദ്യാഭ്യാസം നേടണം.
8. കുടുംബങ്ങളിൽ വേണ്ടപോലെ ശുചിത്വം പാലിക്കുക, കുടുംബ സംബന്ധമായ കാര്യങ്ങൾ കണിശമായും വൃത്തിയായും ദൈവികമായും നടത്തുക, ഉത്തമ രീതിയിൽ മക്കളെ വളർത്തുക എന്നിവ സ്ത്രീകൾ ശ്രദ്ധിക്കണം.
9. ഉത്തമ ഭാര്യമാരും വിശുദ്ധ മാതാപിതാക്കളുമായി കുടുംബത്തെ നയിക്കുവാൻ പഠിത്തവും പരിശീലനവും സമ്പാദിച്ച ബാലികമാരെയാണ് നമ്മുടെ സമുദായത്തിന് അത്യാവശ്യം.
10. നമ്മുടെ സ്ത്രീകളുടെ യഥാർത്ഥമായ ഉൽക്കർഷത്തിന് ഉതകത്തക്ക നിലയിൽ ബാലികാമഠം (സ്ത്രീ വിദ്യാഭ്യാസ സ്ഥാപനം) നടത്തുന്നതിന് വേണ്ട സഹായങ്ങൾ സമുദായം ചെയ്തുകൊടുക്കണം.

തിരുവല്ല, തിരുമൂലപുരം ബാലികാമഠം സ്കൂളിന്റെ ധനശേഖരണാർത്ഥം എഴുതിയ പൊതു കല്പനയിലാണ് പരിശുദ്ധ വട്ടശ്ശേരിൽ തിരുമേനിയുടെ സ്ത്രീപക്ഷ കാഴ്ചപ്പാടുകൾ പ്രകാശം പരത്തുന്നത്. സ്ത്രീകൾക്ക് ഇംഗ്ലീഷ് വിദ്യാഭ്യാസവും ഉന്നതമായ അഭ്യസനവും നൽകണമെന്ന ദർശനമാണ് അദ്ദേഹം വ്യക്തമാക്കുന്നത്. 'സ്ത്രീകളുടെ യഥാർത്ഥ ഉൽക്കർഷത്തിന്' ആവശ്യമായ എല്ലാ സഹായങ്ങളും സമുദായം ചെയ്തുകൊടുക്കുവാൻ ഈ കല്പനവഴി ആഹ്വാനം ചെയ്യുന്നു. 'നമ്മുടെ പള്ളികളുടെയും സമുദായാംഗങ്ങളുടെയും ശക്തിക്കും ഭക്തിക്കും തക്കവണ്ണം സഹായിക്കണമെന്ന്' പറഞ്ഞ്, തിരുവനന്തപുരം സുറിയാനി പള്ളിയിൽ നിന്നും എഴുതിയ സ്ത്രീ വിദ്യാഭ്യാസത്തിനുള്ള കല്പന സമാപിക്കുന്നു.

**ഉപസംഹാരം**

പരുമല തിരുമേനിയിൽ ആരംഭിച്ച് അദ്ദേഹത്തിന്റെ ശിഷ്യന്മാരായ പരിശുദ്ധ വട്ടശ്ശേരിൽ തിരുമേനിയും പരിശുദ്ധ ഗീവർഗീസ് ദ്വിതീയൻ ബാവായും യാഥാർത്ഥ്യമാക്കിയ സ്ത്രീ നേതൃത്വ ചർച്ചകൾ പിന്നീട് മലങ്കരസഭയിൽ ശക്തിപ്പെടുന്നത് 1987 കാലഘട്ടത്തിലാണ്. ഡോ. പൗലോസ് മാർ ഗ്രീഗോറിയോസ് മെത്രാപ്പോലീത്താ സ്ത്രീ നേതൃത്വത്തിനും പങ്കാളിത്തത്തിനുമായി രൂപപ്പെടുത്തിയ വേദശാസ്ത്ര-സഭാ ശാസ്ത്ര ചിന്താധാരകളും വ്യാഖ്യാനങ്ങളും സഭയിൽ സ്ത്രീ പങ്കാളിത്തത്തിന് ക്രിയാത്മകമായ ഇടപെടലുകൾ സൃഷ്ടിച്ചു. പരിശുദ്ധ ബസേലിയോസ് മാർത്തോമ്മാ മാത്യൂസ് പ്രഥമൻ കാതോലിക്കാബാവായുടെ കല്പന വഴിയുള്ള പ്രഖ്യാപനങ്ങളും സ്ത്രീ നേതൃത്വത്തിന് വെളിച്ചം പകർന്നു.

1987-ൽ തുടങ്ങിയ സഭയും സ്ത്രീകളും എന്ന ചർച്ചകൾ 2011-ൽ എത്തിയപ്പോൾ സ്ത്രീകൾക്ക് വോട്ടവകാശത്തോടെ ഇടവക പൊതുയോഗത്തിലും ഇടവക ഭരണസമിതിയിലും പങ്കാളിത്തത്തിനും നേതൃത്വത്തിനുമുള്ള സമ്പൂർണ്ണ അവസരം പരിശുദ്ധ ബസേലിയോസ് മാർത്തോമ്മാ പൗലൂസ് ദ്വിതീയൻ കാതോലിക്കാബാവായുടെ 475/2011 നമ്പർ കല്പന പ്രകാരം ലഭ്യമായി. സഭയിലും സമൂഹത്തിലും നിലനിൽക്കുന്ന സ്ത്രീപുരുഷ അസമത്വങ്ങളെക്കുറിച്ചുള്ള വിമർശനങ്ങളും നിർദ്ദേശങ്ങളും പുതുതലമുറ ഉത്തരവാദിത്വത്തോടെ സ്വീകരിച്ചാൽ പുരുഷനും സ്ത്രീയും തുല്യതയോടെ സമൂഹത്തിൽ ഭരണനേതൃത്വം പങ്കിടുന്ന ഒരു വ്യവസ്ഥിതി യാഥാർത്ഥ്യമാക്കുവാൻ കഴിയും.

## വാർഷിക സമ്മേളനം

ചെങ്ങന്നൂർ ഭദ്രാസന പ്രാർത്ഥനായോഗത്തിന്റെ വാർഷികസമ്മേളനം 2023 മാർച്ച് മാസം 5-ാം തീയതി ഉച്ചകഴിഞ്ഞ് 1.30 ന് വെണ്മണി സെന്റ് മേരീസ് പള്ളിയിൽ വച്ച് കൂടുന്നതാണ്. അഭിവന്ദ്യ ഡോ. മാത്യൂസ് മാർ തീമോത്തിയോസ് മെത്രാപ്പോലീത്താ സമ്മേളനം ഉദ്ഘാടനം ചെയ്യുന്നതും പ്രൊഫ. ഇട്ടി വറുഗ്ഗീസ് മുഖ്യപ്രഭാഷണം നിർവ്വഹിക്കുന്നതുമാണ്.



ഫാ. ജോബ് സാം മാത്യു, കൊടുമൺ

# കൂടാര പെരുന്നാൾ

യഹൂദന്മാരുടെ പ്രധാന പെരുന്നാളുകളിൽ ഒന്നാണ് കൂടാരപ്പെരുന്നാൾ. ഇതിന് സൂക്കോത്ത് **(Sukkot)** എന്ന് വിളിക്കുന്നു. സുക്കോത്ത് എന്ന വാക്കിന് കൂടാരം എന്നാ ണർത്ഥം. പല പേരുകളിൽ ഈ പെരുന്നാൾ അറിയപ്പെടുന്നുണ്ട്.

**1. Festival of Shelters (Feast of Booths):** ഈ പെരുന്നാൾ ദിവസം യഹൂദന്മാർ താല്ക്കാലിക കൂടാരങ്ങളിൽ താമസിക്കുന്നു. ലേവ്യ 23:33-43 വരെയുള്ള വേദഭാഗത്ത് പെരുന്നാളിനെക്കുറിച്ചുള്ള വിവരണം കാണാം. മരത്തിന്റെ ചില്ലകളും ഈന്തപ്പന ഓലകളും കൊണ്ടു നിർമ്മിച്ച താല്ക്കാലിക കൂടാരങ്ങളിലാണ് ജനങ്ങൾ താമസിക്കുന്നത്. ഈജിപ്തിലെ അടിമത്തത്തിൽ നിന്നും വിമോചിതരായ എബ്രായ ജനത, വാഗ്ദത്തനാടായ കനാനിലേക്ക് പ്രയാണം ചെയ്തപ്പോൾ താല്ക്കാലിക വാസസ്ഥലങ്ങൾ ഒരുക്കി, അവിടെ പാർത്തു. ഇതിന്റെ സ്മരണയാണ് പിൽക്കാലത്ത് പെരുന്നാൾ വേളയിൽ നിർമ്മിക്കുന്ന കൂടാരങ്ങളിലൂടെയും അതിൽ വസിക്കുന്നതു വഴിയും അവർ നിർവഹിക്കുന്നത്.

ഈജിപ്തിലെ റമെസേസിൽ നിന്നും പുറപ്പെട്ടവർ ആദ്യമായി കൂടാരമടിച്ച സ്ഥലം സുക്കോത്തായിരുന്നു (പുറ. 12:37). ഇത് യോർദ്ദാന് കിഴക്കുള്ള സ്ഥലമാണ്. സഹോദരനായ ഏശാവുമായി അനുരഞ്ജനപ്പെട്ട ശേഷം യാക്കോബ് വസിച്ച സ്ഥലം സുക്കോത്തായിരുന്നു (ഉൽപ്പ. 33:17). യെരുശലേം ദൈവാലയത്തിന്റെ നിർമ്മാണത്തിന് ആവശ്യ മായ ലോഹപ്പണികൾ ചെയ്തിരുന്നത് സുക്കോത്തിലായിരുന്നു (1 രാജാ. 7:46-47).

**2. Feast of Ingathering :** '...ആണ്ടറുതിയിൽ വയലിൽനിന്നു നിന്റെ വേലയുടെ ഫലം കൂട്ടിത്തീരുമ്പോൾ കായ്കനിപ്പെരുന്നാളും ആചരിക്കേണം' (പുറ. 23:16) എന്ന കല്പനയുണ്ട്. എബ്രായ പഴയ നിയമത്തിൽ കായ്കനിപ്പെരുന്നാൾ എന്നതിന് 'ഹാഗ് ഹാസിഫ' (hag haasip) എന്നാണ് കാണുന്നത്. ഇതിന്റെ അർത്ഥം feast of ingathering എന്നാണ്. യഹൂദന്മാർ ആരാധിക്കുന്നതിനും കൂട്ടായ്മ ആചരിക്കുന്നതിനും ഒത്തുചേരുന്നു.

ന്യായാധിപന്മാർ 21:19 ൽ 'ആണ്ടുതോറും യഹോവയുടെ ഉത്സവം' എന്ന പരാമർശം കാണുന്നു. യിസ്രായേല്യരുടെ പ്രധാന പെരുന്നാളുകളെ 'യഹോവയുടെ ഉത്സവം' എന്ന് വിശേഷിപ്പിക്കുന്നതായി കരുതാം. ഹോശയ 9:5 ൽ 'യഹോവയുടെ ഉത്സവ ദിവസം' എന്നും കാണുന്നു. വിളവെടുപ്പിനെ തുടർ ന്നാണ് ഈ പെരുന്നാൾ ആഘോഷിക്കുന്നത്. യഹൂദന്മാരുടെ പെരുന്നാളുകൾക്ക് ഒരു കാർഷിക പശ്ചാത്തലം കൂടെയുണ്ട്. 'കളത്തിലെ ധാന്യവും ചക്കിലെ വീഞ്ഞും ശേഖരിച്ചു കഴിയുമ്പോൾ നീ ഏഴു ദിവസം കൂടാരപ്പെരുന്നാൾ ആചരിക്കേണം' (ആവർ. 16:13) എന്ന കല്പനയുണ്ട്. യഹൂദ കലണ്ടറിലെ ഏഴാം മാസമായ തിസ്റി (Tsiri) പതിനഞ്ചാം തീയതിക്കാണ് ഈ പെരുന്നാൾ ആരംഭിക്കുന്നത്. ആചരണം എട്ട് ദിവസം നീണ്ടുനിൽക്കും. ഒന്നാം ദിവസം വിശുദ്ധ സഭായോഗമുണ്ട് (holy convocation or assembly). തുടർന്നുള്ള ഏഴ് ദിവസങ്ങളിൽ യഹോവയ്ക്ക് ദഹനയാഗം അർപ്പിക്കണം. എട്ടാം ദിവസം വീണ്ടും സഭായോഗം കൂടി യഹോവയ്ക്കു ദഹനയാഗം

അർപ്പിക്കണം. ഒന്നും എട്ടും ദിവസങ്ങളിൽ ശബത്ത് എന്ന നിലയിൽ തൊഴിലിൽ നിന്നും ശാരീരിക അധ്വാനങ്ങളിൽ നിന്നും ഒഴിഞ്ഞിരിക്കണം (ലേവ്യ. 23:33-36).

ലേവ്യ. 23:39-43 ൽ കൂടാരപ്പെരുന്നാൾ ആചരിക്കുന്നതിന്റെ സാംഗത്യം, എങ്ങനെ നിർവഹിക്കണം എന്നിവ സംബന്ധിച്ച് വിവരണങ്ങൾ നൽകുന്നുണ്ട്. 'ഭൂമിയുടെ ഫലം ശേഖരിച്ചശേഷം ഏഴാം മാസം പതിനഞ്ചാം തീയതി യഹോവയ്ക്ക് ഏഴു ദിവസം ഉത്സവം ആചരിക്കേണം; ആദ്യ ദിവസം വിശുദ്ധ സ്വസ്ഥത; എട്ടാം ദിവസവും വിശുദ്ധ സ്വസ്ഥത. ആദ്യദിവസം ഭംഗിയുള്ള വൃക്ഷങ്ങളുടെ ഫലവും ഈത്തപ്പനയുടെ കുരുത്തോലയും തഴച്ചിരിക്കുന്ന വൃക്ഷങ്ങളുടെ കൊമ്പും അറ്റലരിയും എടുത്തുകൊണ്ടു നിങ്ങളുടെ ദൈവമായ യഹോവയുടെ സന്നിധിയിൽ ഏഴു ദിവസം സന്തോഷിക്കണം. സംവത്സരംതോറും ഏഴു ദിവസം യഹോവയ്ക്ക് ഈ ഉത്സവം ആചരിക്കേണം; ഇതു തലമുറ തലമുറയായി നിങ്ങൾക്ക് എന്നേക്കുമുള്ള ചട്ടം; ഏഴാം മാസത്തിൽ അത് ആചരിക്കേണം. ഞാൻ യിസ്രായേൽമക്കളെ മിസ്രയീം ദേശത്തുനിന്നു കൊണ്ടുവന്നപ്പോൾ അവരെ കൂടാരങ്ങളിൽ പാർപ്പിച്ചു എന്നു നിങ്ങളുടെ സന്തതികൾ അറിവാൻ നിങ്ങൾ ഏഴു ദിവസം കൂടാരങ്ങളിൽ പാർക്കേണം; യിസ്രായേലിലെ സ്വദേശികളൊക്കെയും കൂടാരങ്ങളിൽ പാർക്കേണം; ഞാൻ നിങ്ങളുടെ ദൈവമായ യഹോവ ആകുന്നു' (ലേവ്യ 23:39-43).

പ്രകൃതിയോടിണങ്ങി ജീവിക്കണം എന്ന സൂചനയും ഈ പെരുന്നാൾ നൽകുന്നുണ്ട്. കൂടാരപ്പെരുന്നാൾ ആചരിക്കുമ്പോൾ എങ്ങനെ കൂടാരങ്ങൾ തയ്യാറാക്കണം എന്ന വിവരണം നെഹമ്യാവ് 8:14-15ൽ കാണാം. '... കൂടാരങ്ങൾ ഉണ്ടാക്കേണ്ടതിനു നിങ്ങൾ മലയിൽ ചെന്ന് ഒലിവു കൊമ്പ്, കാട്ടൊലിവുകൊമ്പ്, കൊഴുന്തുകൊമ്പ്, ഈന്തുമടൽ, തഴച്ച വൃക്ഷങ്ങളുടെ കൊമ്പ് എന്നിവ കൊണ്ടുവരുവിൻ...'. യേരുശലേമിലേക്ക് പീഢാസഹനത്തിനു മുമ്പായി യേശു പ്രവേശിച്ചപ്പോൾ ജനങ്ങൾ സ്വീകരിച്ച വിധവും ഓർക്കുക. '...പുരുഷാരം മിക്കതും തങ്ങളുടെ വസ്ത്രം വഴിയിൽ വിരിച്ചു; മറ്റുചിലർ വൃക്ഷങ്ങളിൽനിന്നു കൊമ്പു വെട്ടി വഴിയിൽ വിതറി...' (മത്താ. 21:8). '...മറ്റു ചിലർ പറമ്പുകളിൽ നിന്നു ചില്ലിക്കൊമ്പു വെട്ടി വഴിയിൽ വിതറി...' (മർക്കോ. 11:8). '...ഈത്തപ്പനയുടെ കുരുത്തോല എടുത്തും കൊണ്ട് അവനെ എതിരേൽപ്പാൻ ചെന്നു' (യോഹ. 12:13).

യഹൂദന്മാരുടെ കാർഷിക വിളവെടുപ്പ് പൂർത്തിയാകുന്ന വേളയിലാണ് കൂടാരപ്പെരുന്നാൾ ആചരിക്കുന്നത് (end of agricultural year). അവർ മികച്ച കാർഷികവിള ലഭിച്ചതിൽ സന്തോഷത്തോടെ ദൈവത്തെ സ്തുതിക്കുന്നു; കൂട്ടായ്മ ആചരിക്കുന്നു. മുന്തിരി, ഒലിവ്, ഈത്തപ്പഴം, അത്തിപ്പഴം മുതലായ വിളവുകൾ അവർക്ക് ലഭിച്ച വേളയാണിത്. അവർ കൂടാരങ്ങളിൽ പാർക്കുമ്പോൾ ഈ വിഭവങ്ങൾ പരസ്പരം പങ്കുവയ്ക്കുന്നു. സന്തോഷത്തോടെ അവർ ഈ പ്രധാന പെരുന്നാൾ ആചരിക്കുന്നു. കാർഷിക പശ്ചാത്തലത്തിൽ ഇത് ശ്രേഷ്ഠമായ അനുഭവമാണ്. 'കളത്തിലെ ധാന്യവും ചക്കിലെ വീഞ്ഞും ശേഖരിച്ചുകഴിയുമ്പോൾ നീ ഏഴു ദിവസം കൂടാരപ്പെരുന്നാൾ ആചരിക്കേണം. ഈ പെരുന്നാളിൽ നീയും നിന്റെ മകനും മകളും നിന്റെ ദാസനും ദാസിയും നിന്റെ പട്ടണങ്ങളിലുള്ള ലേവ്യനും പരദേശിയും അനാഥനും വിധവയും സന്തോഷിക്കേണം. യഹോവ തിരഞ്ഞെടുക്കുന്ന സ്ഥലത്തുവച്ച് നിന്റെ ദൈവമായ യഹോവയ്ക്ക് ഏഴു ദിവസം പെരുന്നാൾ ആചരിക്കേണം; നിന്റെ അനുഭവത്തിലൊക്കെയും നിന്റെ കൈകളുടെ സകല പ്രവൃത്തിയിലും നിന്റെ ദൈവമായ യഹോവ നിന്നെ അനുഗ്രഹിക്കും; അതുകൊണ്ട് നീ വേണ്ടുംവണ്ണം സന്തോഷിക്കണം' (ആവർ. 16:13-15). പെരുന്നാൾ ദിവസങ്ങളിൽ എന്തെല്ലാം യാഗങ്ങൾ അർപ്പിക്കണം എന്ന് സംഖ്യ. 29:12-38 ൽ വിവരിക്കുന്നു.

യെരുശലേമിൽ പെരുന്നാളിന്റെ ആചരണങ്ങളുടെ ഭാഗമായി ശീലോഹാം കുളത്തിൽ നിന്നും വെള്ളം എടുത്ത് ബലിപീഠത്തിൽ ഒഴിച്ചിരുന്നു. ഇത് ഹോറേബിൽ വച്ച് പാറയിൽ നിന്നും വെള്ളം ലഭിച്ചതിന്റെ അനുസ്മരണമായിരുന്നു. ഈ പശ്ചാത്തലത്തിലാണ് കൂടാരപ്പെരുന്നാൾ വേളയിൽ യെരുശലേമിൽ ഉണ്ടായിരുന്ന യേശു ജീവജലത്തെ സംബന്ധിക്കുന്ന പ്രബോധനം നൽകിയത്. 'ഉത്സവത്തിന്റെ മഹാദിനമായ ഒടുക്കത്തെ നാളിൽ യേശു നിന്നുകൊണ്ട്: ദാഹിക്കുന്നവൻ എല്ലാം എന്റെ അടുക്കൽ വന്ന് കുടിക്കട്ടെ. എന്നിൽ വിശ്വസിക്കുന്നവന്റെ ഉള്ളിൽ നിന്നു തിരുവെഴുത്തു പറയുന്നതുപോലെ ജീവജലത്തിന്റെ നദികൾ ഒഴുകും എന്ന് വിളിച്ചു പറഞ്ഞു' (യോഹ. 7:37-38). ഈ ജീവജലനദികൾ ഉദ്ദേശ്യമാക്കുന്നത് 'തന്നിൽ വിശ്വസിക്കുന്നവർക്കു ലഭിപ്പാനുള്ള ആത്മാവാണ്' എന്ന് തുടർന്ന് കാണുന്നു (യോഹ 7:39). മരുഭൂപ്രയാണവേളയിൽ ദൈവകരുതലിന്റെ അടയാളമായി അഗ്നിത്തൂണ് എബ്രായ ജനതയ്ക്ക് ലഭിച്ചു. അതിന്റെ അനുസ്മരണത്തിന് അവർ കൂടാരങ്ങളിൽ വിളക്കു കൊളുത്തും. ഇപ്രകാരം ചരിത്രത്തിലെ മഹത്തായ സംഭവത്തെ സമകലീന പശ്ചാത്തലത്തിൽ ആവിഷ്ക്കരിക്കാൻ വിവിധ പ്രതീകങ്ങളിലൂടെ യഹൂദർ ശ്രദ്ധിച്ചു. ഇതുവഴി ചരിത്രം നിശ്ചലമാകാതെ സജീവമായി തലമുറകളിലേക്ക് പകരാൻ അവർക്കായി.

വിളവെടുപ്പിനുശേഷം വരുന്ന ശൈത്യകാലത്ത് നിലനിൽക്കാൻ ആവശ്യമായ ഉത്പന്നങ്ങൾ യഹൂദർ ഈ പെരുന്നാൾ വേളയിൽ ശേഖരിച്ചിട്ടുണ്ട്. മഴ

ഇടയ്ക്കിടക്ക് ലഭിക്കും. അപ്പോൾ കൃഷി ചെയ്യുക പ്രയാസമാണ്. ഇടവേളയാണിപ്പോൾ. ദൈവസന്നിധിയിൽ സമർപ്പിതരാകുന്ന യഹൂദർ, പുതുവർഷത്തെ കൃഷി സമൃദ്ധമാകാൻ ദൈവത്തോട് പ്രാർത്ഥിക്കുന്നു. അടുത്ത വർഷം കൃഷി ചെയ്യുന്നതിനെ സംബന്ധിച്ച് ഒന്നു ചേർന്ന് പാർക്കുന്ന വേളയിൽ അവർ ചിന്തിക്കും. പാലും തേനും ഒഴുകുന്ന കനാനിലെ ജീവിതം ദുർഘടമാണെങ്കിലും നിരന്തരം ദൈവം ഒപ്പമുണ്ടെന്ന ബോധ്യത്തിലേക്കും പ്രത്യാശയിലേക്കും അവർ മുന്നോട്ടുപോകുന്നു.

ബാബിലോൺ പ്രവാസവേളയിൽ കൂടാരപ്പെരുന്നാളും മറ്റു പെരുന്നാളുകളും ആചരിക്കുന്നത് പ്രയാസമായി. പ്രവാസാനന്തരം എസ്രാ ശാസ്ത്രി, നെഹമ്യാവ് എന്നിവരുടെ നേതൃത്വത്തിൽ യഹൂദന്മാരുടെ ആരാധന, അനുഷ്ഠാനങ്ങൾ എന്നിവ പൂർവ്വാധികം ഭംഗിയായി ക്രമപ്പെടുത്തി. 'ജനം ചെന്ന് ഓരോരുത്തൻ താന്താന്റെ വീടിന്റെ മുകളിലും മുറ്റത്തും ദൈവാലയത്തിന്റെ പ്രാകാരങ്ങളിലും നീർവാതിൽക്കലെ വിശാലസ്ഥലത്തും എഫ്രയീം വാതിൽക്കലെ വിശാലസ്ഥലത്തും കൂടാരങ്ങളുണ്ടാക്കി. പ്രവാസത്തിൽ നിന്നു മടങ്ങിവന്നവരുടെ സർവസഭയും കൂടാരങ്ങൾ ഉണ്ടാക്കി കൂടാരങ്ങളിൽ പാർത്തു; നിന്റെ മകനായ യോശുവയുടെ കാലം മുതൽ അന്നുവരെ യിസ്രായേൽ മക്കൾ അങ്ങനെ ചെയ്യാതിരുന്നതു കൊണ്ട് അന്ന് ഏറ്റവും വലിയ സന്തോഷം ഉണ്ടായി. ആദ്യദിവസം മുതൽ അവസാന ദിവസം വരെ അവർ ദിവസേന ദൈവത്തിന്റെ ന്യായപ്രമാണ പുസ്തകം വായിച്ചു കേൾപ്പിച്ചു; അങ്ങനെ അവർ ഏഴു ദിവസം ഉത്സവം ആചരിച്ചു; എട്ടാം ദിവസം നിയമപ്രകാരം വിശുദ്ധ സഭായോഗം കൂടുകയും ചെയ്തു' (നെഹ. 8:16-18). ബാബിലോൺ പ്രവാസാനന്തരമാണ് ഈ പെരുന്നാൾ ആചരണം വിപുലപ്പെട്ടതും ആചരണം വ്യാപകമായതും.

കൂടാരപ്പെരുന്നാളിന്റെ ആരംഭത്തെക്കുറിച്ച് ജൂബിലി (Book of Jubilees) എന്ന യഹൂദ ഗ്രന്ഥത്തിൽ നൽകുന്ന വിവരണം ശ്രദ്ധേയമാണ്. 'ഈ പെരുന്നാൾ ആരംഭിച്ചത് അബ്രഹാമിന്റെ കാലത്താണ്. ഇസഹാക്കിന്റെ ജനനം അബ്രഹാമിനും സാറായ്ക്കും സന്തോഷം നൽകി. പരദേശിയായി പാർക്കുന്ന തനിക്ക് ലഭിച്ച അനുഗ്രഹത്തെ ഓർത്ത് അദ്ദേഹം ദൈവത്തിന് ഒരു ബലിപീഠം നിർമ്മിച്ചു. സന്തോഷത്തിന്റെ നിറവിൽ ഏഴു ദിവസം തനിക്കും ദാസർക്കുംവേണ്ടി ക്രമീകരിച്ച കൂടാരങ്ങളിൽ പാർത്തു. അങ്ങനെ കൂടാരപ്പെരുന്നാൾ ആചരിക്കുന്ന പതിവ് യഹൂദർക്കുണ്ടായി. ആ ദിവസം അദ്ദേഹം പൂക്കളും ഇലകളും കൊണ്ടു നിർമ്മിച്ച കിരീടങ്ങൾ ശിരസ്സിൽ വയ്ക്കും. ഈന്തപ്പന ഓലകളും പൂക്കളും ഫലങ്ങളും കൊണ്ട് ബലിപീഠത്തിന്റെ ചുറ്റും പ്രദക്ഷിണം ചെയ്യും' (ജൂബിലി 16). ഈ പെരുന്നാൾ വേളയിൽ ഏറ്റവും കൂടുതൽ ബലിയർപ്പണം നടക്കും എന്ന് യഹൂദ ചരിത്രകാരനായ ജോസെഫസ് രേഖപ്പെടുത്തുന്നുണ്ട് (Antiquities 3. 246).

ശലോമോൻ രാജാവിന്റെ ഭരണകാലത്ത് യെരുശലേം ദൈവാലയത്തിന്റെ പ്രതിഷ്ഠ നടന്നത് കൂടാരപ്പെരുന്നാൾ വേളയിലായിരുന്നു. 'യിസ്രായേൽ പുരുഷന്മാരൊക്കെയും ഏഴാം മാസമായ ഏഥാനീം (Ethanim) മാസത്തിലെ ഉത്സവത്തിൽ ശലോമോൻ രാജാവിന്റെ അടുക്കൽ വന്നുകൂടി' (1 രാജാ. 8:2). തുടർന്ന് ദൈവാലയ പ്രതിഷ്ഠയെ സംബന്ധിക്കുന്ന വിവരണമാണ് കാണുന്നത്. ഈ ഭൂമിയിൽ ദൈവത്തിന്റെ കൂടാരം നിർമ്മിക്കാൻ മനുഷ്യർക്ക് ദൈവം അവസരവും പദ്ധതിയും നൽകി. അവരോടൊപ്പം നിത്യം വസിക്കാൻ ദൈവതിരുമനസുണ്ടായി. അപ്രകാരം കൂടാരങ്ങളിൽ ദൈവിക ഇടപെടലുകൾ സ്മരിച്ച് യഹൂദർ പാർക്കുന്നു. ക്രിസ്തീയ പശ്ചാത്തലത്തിൽ ക്രിസ്തു യേശുവിന്റെ പുനരാഗമനം പ്രതീക്ഷിച്ച് സഭയാകുന്ന കൂടാരത്തിൽ വിശ്വാസികൾ പാർക്കുന്നു.

**കൂടാരപ്പെരുന്നാൾ ക്രിസ്തീയ പശ്ചാത്തലത്തിൽ**

യേശുക്രിസ്തു മറുരൂപപ്പെട്ടത് (Transfiguration) കൂടാരപ്പെരുന്നാളിനോട് അടുത്ത ദിവസത്തിലാണ്. ഓഗസ്റ്റ് മാസം 6 നാണ് പരിശുദ്ധ സഭ ഈ മോറാനായ പെരുന്നാൾ ആചരിക്കുന്നത്. പത്രോസ്, യാക്കോബ്, യോഹന്നാൻ എന്നീ മൂന്നു ശിഷ്യന്മാരെയുംകൂട്ടി യേശു ഒരു ഉയർന്ന മലയിലേക്ക് പോയി. അവിടെ അവരുടെ മുമ്പാകെ അവൻ രൂപാന്തരപ്പെട്ടു. ആ സന്ദർഭത്തിൽ മോശയും ഏലിയാവും പ്രത്യക്ഷരായി യേശുവിനോട് സംഭാഷിച്ചു. യെരുശലേമിൽ വച്ചു നടക്കുന്ന യേശുവിന്റെ പീഡാസഹനമായിരുന്നു സംവാദ വിഷയം. യേശുവിനും മോശയ്ക്കും ഏലിയാവിനും ഓരോ കുടിലുകൾ വീതം ഉണ്ടാക്കട്ടെ എന്ന് പത്രോസ് യേശുവിനോട് ആരാഞ്ഞു. ഭയപരവശരായിരുന്ന ശിഷ്യർ അവിടെ ദൃശ്യമായ മേഘത്തിൽ നിന്നും 'ഇവൻ എന്റെ പ്രിയപുത്രൻ; ഇവനു ചെവികൊടുപ്പിൻ' എന്ന ശബ്ദവും കേട്ടു. പെട്ടെന്ന് ശ്രേഷ്ഠരായ പഴയനിയമ വ്യക്തികൾ അപ്രത്യക്ഷരായി (മർക്കോ. 9:28, ലൂക്കോ. 9:30-32).

മോശയും ഏലിയാവും അല്പ നേരത്തേക്ക് ആഗതരായതും യേശുക്രിസ്തുവിന്റെ തേജസ്ക്കരണവും അവന്റെ ദൈവത്വത്തെ സൂചിപ്പിക്കുന്നതിനൊപ്പം ജീവന്റെയും മരണത്തിന്റെയും നാഥനാണ് എന്നും തെളിയിക്കുന്നു. യേശുവിന്റെ യഥാർത്ഥ ഭാവം മനസ്സിലാക്കാൻ ശിഷ്യർക്ക് പ്രാപ്തിയില്ല. ദൈവപുത്രനായ യേശുക്രിസ്തു താഴ്മ സ്വീകരിച്ച് നമ്മോട് ഏകീഭവിച്ചു. 'അവൻ ദൈവരൂപത്തിൽ ഇരിക്കെ ദൈവത്തോടുള്ള സമത്വം മുറുകെ പിടിച്ചു കൊള്ളണം എന്ന് വിചാരിക്കാതെ ദാസരൂപം എടുത്തു മനുഷ്യ സാദൃശ്യത്തിലായി തന്നെത്താൻ

ഒഴിച്ച് വേഷത്തിൽ മനുഷ്യനായി വിളങ്ങി തന്നെത്താൻ താഴ്ത്തി മരണത്തോളം കുരിശിലെ മരണത്തോളം തന്നെ, അനുസരണമുള്ളവനായിത്തീർന്നു' (ഫിലി. 2:8-9).

മേഘത്തിൽ നിന്നും കേട്ട ശബ്ദവും യേശുവിന്റെ ദൈവത്വത്തിന്റെ തെളിവാണ്. ആദ്യ വെളിപ്പെടുത്തൽ നടന്നത് യേശുവിന്റെ യോർദ്ദാനിലെ സ്നാനത്തിന്റെ വേളയിലാണ് (മർക്കോ.1:11). യേശുവിന്റെ രൂപാന്തരം പോലെ അവന്റെ രണ്ടാം വരവിൽ സകല പരേതരും രൂപാന്തരം പ്രാപിക്കും. യേശു ഇത് സകലർക്കുമായി വാഗ്ദാനം ചെയ്തിരിക്കുന്നു. 'നീ എനിക്കു തന്നിട്ടുള്ള മഹത്ത്വം ഞാൻ അവർക്കു കൊടുത്തിരിക്കുന്നു' (യോഹ. 17:22). യേശുവിന്റെ തേജസ്കരണം നമുക്ക് മുന്നോടിയാണ്. 'അവൻ മുന്നറിഞ്ഞവരെ തന്റെ പുത്രൻ അനേകം സഹോദരന്മാരിൽ ആദ്യജാതൻ ആകേണ്ടതിന് അവന്റെ സ്വരൂപത്തോട് അനുരൂപരാകുവാൻ മുൻ നിയമിച്ചുമിരിക്കുന്നു. മുൻനിയമിച്ചവരെ വിളിച്ചും വിളിച്ച വരെ നീതീകരിച്ചും നീതീകരിച്ചവരെ തേജസ്കരിച്ചു മിരിക്കുന്നു' (റോമർ 8:29-30). ഈ മഹത്വത്തിലേക്ക് നമുക്കേവർക്കും വിളിയുണ്ട്. ദൈവഭവനമായ സഭയെന്ന കൂടാരത്തിൽ നാം പാർക്കേണ്ടത് അത്യന്താപേക്ഷിതമാണ്.



## സംസ്ഥാന സ്കൂൾ ഗെയിം ബോക്സിങ്ങിൽ ഏയ്ഞ്ചൽ മറിയം വർഗ്ഗീസ് സ്വർണമെഡൽ കരസ്ഥമാക്കി.

കണ്ണൂരിൽ വച്ചു നടന്ന 64-ാമത് കേരള സംസ്ഥാന സ്കൂൾ ഗെയിം ബോക്സിങ് ചാമ്പ്യൻഷിപ്പിൽ ഏയ്ഞ്ചൽ മറിയം വർഗ്ഗീസ് സ്വർണ മെഡൽ കരസ്ഥമാക്കി.

തിരുവനന്തപുരം ജി.വി. രാജ സ്പോർട്സ് സ്കൂൾ വിദ്യാർത്ഥിനിയായ ഏയ്ഞ്ചൽ മറിയം വർഗ്ഗീസ് കഴിഞ്ഞ വർഷവും സംസ്ഥാനതലത്തിൽ സ്വർണം നേടിയിരുന്നു.

ആല സെന്റ് ജോർജ്ജ് ദേവാലയത്തിലെ നെടും പുറത്ത് ഏയ്ഞ്ചൽ വില്ലയിൽ ശ്രീ. എൻ. കെ. വർഗീസിന്റെയും ശ്രീമതി രാജി വർഗീസിന്റെയും മൂത്ത മകളാണ്.



# ത്രിത്വം

ഇ.വൈ. കോശി വെണ്മണി

ത്രിത്വത്തിലൊരുവൻ പിറന്നു പുൽക്കൂട്ടിൽ
മൂന്നു ശാസ്ത്രികൾ കാഴ്ചവെച്ച മൂന്നു ദ്രവ്യങ്ങൾ
പൊന്നുമൂരു കുന്തിരിക്കം.
മൂന്നു മൃഗങ്ങൾ അറിഞ്ഞു പുത്രനെ
അജം കേട്ടറിഞ്ഞു ധേനു കണ്ടറിഞ്ഞു
പിന്നെ ഗർദ്ദഭം വഹിച്ചറിഞ്ഞു

പൊളിപ്പീനി മന്ദിരം, നിർമ്മിക്കാം
ഞാനിതിനെ മൂന്നുനാളിൽ
കേട്ടവരാശ്ചര്യപ്പെട്ടു തമ്മിൽ നോക്കി
മൂന്നു സംവത്സരത്താലിതിനെ നിർമ്മിച്ചു ഞങ്ങൾ,
പിന്നെയെങ്ങനെ മൂന്നുനാൾ?

മുന്നാലു പന്ത്രണ്ടിലൊരുവൻ
അർത്ഥത്തിനാർത്തി പെരുത്ത് ചൂണ്ടി ഗുരുവിനെ
വിറ്റു മുപ്പതു വെള്ളിക്കാശിന്.

മുപ്പാരുതീർത്തവൻ മൂന്നാണിമേൽ തൂങ്ങി
തിരുമുറിവുകൾ മൂന്നായി
മൂന്നു കുരിശുകൾ ഉയർന്നു മലയിൽ,
മൂന്നാംമണി നേരം മൂവന്തി പോലിരുണ്ടു.

ലംഘിച്ചു യഹോവ തൻ കല്പന-
ക്രാന്തദർശിയാം യോന.
അകപ്പെട്ടുമത്സ്യ കുക്ഷിയിൽ-
മൂന്നുനാൾ നക്താംദിവം.
മൂന്നുനാൾ കല്ലറയിൽ പുത്രനും

മന്ദിരം തീർത്തു മൂന്നാം നാളുയർത്തു
പ്രത്യക്ഷനായ് മൂന്നാണിപ്പഴുതാൽ
കണ്ടവർ വിശ്വസിച്ചു ഉയർത്ത പുത്രനിൽ-
കാണാതെ വിശ്വസിക്കില്ലെന്നോതി ദിദിമോസ്

വന്നിവിടെ ശ്ലീഹാവിതച്ചു വചനം,
മുളച്ചു വളർന്നു പടർന്നു വചനം
സ്ഥാപിച്ചു സിംഹാസനം ഭാരതഭൂവിൽ,
കാതോലിക്കോസ് വാഴുന്നീ സിംഹാസനത്തിൽ.

ഫാ. ഡോ. റെജി അലക്സാണ്ടർ

# ചരിത്രപുരുഷനായ മാർ ദീവന്നാസ്സിയോസ്; മോശസമം ദൈവജനത്തിന്റെ വിമോചകൻ.



ചിലർ വരുമ്പോൾ ചരിത്രം വഴിമാറും എന്നു കേട്ടിട്ടില്ലേ? യിസ്രായേൽ എന്ന ദൈവജനത്തിന്റെ മിസ്രേമ്യ അടിമത്വത്തിൽ നിന്നുള്ള വിമോചന കർത്താവായിരുന്നു മോശ. ഫറവോയുടെ കൊട്ടാരത്തിലെ മുന്തിയസ്ഥാനങ്ങളും, സുരക്ഷിതത്വങ്ങളും, സുഖലോലുപതയും, രാജകുമാരനായി യഥേഷ്ടം വിഹരിക്കുവാനും, സ്വച്ഛന്ദം കഴിയുവാനും സാധ്യമായിരുന്ന സാധ്യതകൾ എല്ലാം ബലികഴിച്ചുകൊണ്ടുള്ള ആ ദീർഘദർശിയുടെ പോരാട്ടമായിരുന്നു കനാൻ എന്ന സ്വാതന്ത്രത്തിന്റെ ഭൂമിയെ അവകാശമാക്കുവാൻ ദൈവജനത്തിന് ഹേതുവാകുന്നത്.

നാല്പ്പത് വർഷങ്ങളുടെ കലുഷിതമായ ദിനരാത്രങ്ങളായിരുന്നു ആ പ്രവാചകന് ലഭിച്ച സമ്മാനം. ദിശാബോധം നഷ്ടപ്പെട്ട ജനം. എന്ത് കൊടുത്താലും ശാപം മാത്രം തിരികെ ചൊല്ലുന്ന അണികൾ, ദൈവകൃപയുടെ നിഴലായ മേഘസ്തംഭവും, ചൂടും ചൂരും പകർന്ന് നൽകിയ അഗ്നിത്തൂണുകളും, മന്നയും, കാടപ്പക്ഷിയും, ചെങ്കടലിലെ അത്ഭുതങ്ങളുമെല്ലാം ബോധപൂർവ്വം മറന്ന ജനത്തെ ലക്ഷ്യം കണ്ടെത്തുന്ന വക്കോളം മോശ എന്ന ദീർഘദർശ്ശി എത്തിക്കുമ്പോൾ അയാൾ വിമോചന ബലിയായിത്തീർന്നിരുന്നു.

മലങ്കരയിൽ നസ്രായന്റെ സുവിശേഷം അറിഞ്ഞുതുടങ്ങിയത് എ.ഡി. 52 മുതലാണെന്നതാണ് തലമുറകളുടെ ചരിത്രം പ്രഘോഷിക്കപ്പെടുന്നത്. അത് തിരുത്തുവാൻ ഉപോൽഫലമായ യാതൊരു തിരുത്തുകളും ഇന്നുവരെ നിലനിന്നുട്ടുമില്ല എന്നത് വസ്തുതകളിലേക്ക് കാര്യങ്ങൾ ഉറപ്പിക്കുന്നുമുണ്ട്. ക്രിസ്തുമതം പടിഞ്ഞാറാൻ യൂറോപ്യൻ തീരങ്ങളിൽ എത്തുന്നതിനു നൂറ്റാണ്ടുകൾക്ക് മുൻപ് ഭാരതത്തിൽ വേരുറപ്പിച്ചിരുന്നു എന്ന വീക്ഷണമാണ് ഇന്ത്യയെ കണ്ടെത്തുന്ന വീക്ഷണത്തിൽ പ്രഥമ പ്രധാനമന്ത്രി ജവഹർലാൽ നെഹ്റു എഴുതി ഉറപ്പിച്ചിരിക്കുന്നത്.

ഭാരതത്തിന്റെ സംസ്കൃതിയിൽ മാർത്തോമാ ശ്ലീഹാ ചാലിച്ചുചേർത്ത സത്യവിശ്വാസ മാർഗ്ഗത്തിലായിരുന്നു മലങ്കരയിൽ നസ്രാണി അസ്ഥിത്വം രൂപം പ്രാപിച്ചത്. ഈ ചരിത്രഗാഥയിൽ ഈസ്റ്റ് സിറിയൻ പാരമ്പര്യം പോലെയുള്ള പല വൈദേശീക സൗഹൃദ പാരമ്പര്യങ്ങളും പലപ്പോഴായി നസ്രാണി സത്വബോധങ്ങളിൽ ആദരവോടെ ഇടം നേടിയിരുന്നു എന്നത് വാസ്തവമായിരുന്നു. മാർ സബോർ, മാർ ആഫ്രോത്ത്, മാർ ഗബ്രിയൽ, മാർ ആബോ, മാർ അന്ത്രയോസ് എന്നീ പിതാക്കന്മമാരുടെ ചരിതം ഉദാഹരണങ്ങളിൽ ചിലതു മാത്രമാണ്. ഇതിനിടയിൽ പതിനഞ്ചാം നൂറ്റാണ്ടിന്റെ അവസാനങ്ങളിൽ കടന്നുവന്ന പോർച്ചുഗീസ് അധിനിവേശമാണ് മലങ്കരയെ ഒരു കീറിമുറിക്കലിനു വശംവദയാക്കുന്നത്. പോർച്ചുഗീസ് മേധാവിത്വം ബലം പ്രയോഗിച്ച് അംഗീകരിപ്പിച്ച ഉദയം പേരൂർ സുന്നഹദോസ് പിളർത്തിയെടുത്തത് മലങ്കയിലെ വലിയൊരു വിഭാഗത്തെയായിരുന്നു. പത്തൊൻപതാം നൂറ്റാണ്ടിന്റെ ആദ്യ ദശകങ്ങളിലെ ആംഗ്ലിക്കൻ നവീകരണ സംവിധാനം കൊണ്ടുവന്ന നവീകരണ ആശയം ഏൽപ്പിച്ച പ്രഹാരവും സഭയെ വല്ലാതെ മുറിവേൽപ്പിച്ചിരുന്നു.

ദൈവജനമായ ഇസ്രയേലിനെ ബാബിലോണിയൻ, അസ്സീറിയൻ മേധാവിത്വം ബലം പ്രയോഗിച്ചു കൂട്ടിക്കൊണ്ടുപോയി പ്രവാസ അടിമത്വം പ്രദാനം ചെയ്തതിൽനിന്ന് ഒരു വ്യത്യാസം മലങ്കര നസ്രാണിത്വത്തിന് ഉണ്ടായത് എന്തെന്നാൽ അടിമത്വത്തിന്റെ നുകം സ്വന്തം നാട്ടിൽ

പേറേണ്ടി വന്നു എന്നുള്ളതാണ്. ഇവിടെ ദീർഘദർശിയായ മോശ യിസ്രായേലിന്റെ വിമോചനത്തിന് ധീരനായ നേതാവായിത്തീർന്നതുപോലെ മലങ്കരയിൽ ഒരു ദീവന്നാസ്സിയോസ് സ്വയം ബലിയാകുവാൻ ഉദിച്ചു എന്നതാണ് സഭാഭാസുരന്റെ ചരിതം. എന്നാൽ മോശ എന്ന ദീർഘദർശിയെയും ദീവന്നാസ്സിയോസ് എന്ന ക്രാന്തദർശിയേയും തന്റെ ജനത്തിനു വേണ്ടി ദൈവം ഒരുക്കി എന്നതാണ് പരമാർത്ഥം.

മലങ്കരയിലെ നസ്രാണിസത്വം എല്ലായ്പോഴും നന്മകളെ സ്വാംശീകരിക്കുവാൻ തയ്യാറാകുന്ന ഒരു സ്വഭാവത്തിൽ അധിഷ്ഠിതമായിരുന്നു. വൈദേശിക മിഷനറിമാർ മാന വിക പുരോഗതിക്ക് സാധ്യത നൽകി കൊണ്ടുവന്ന പല നന്മകളെയും ഇരുകരം നീട്ടി സ്വീകരിക്കുവാൻ തയ്യാറായ ഒരു സ്വഭാവം അതിൽ അന്തർലീനവുമായിരുന്നു. ഇതു പോലെ യിസ്രായേൽ എന്ന ദൈവജനവും ചുറ്റുപാടു കളിലുള്ളതിനെ സ്വീകരിച്ച് പിണഞ്ഞൊഴുകുവാൻ ശ്രമിച്ചിരുന്നു എന്നത് വിശുദ്ധ ഗ്രന്ഥം പറയുന്നുണ്ട്. സത്യത്തിൽ ദൈവവചനത്തിന്റെ ലോകപരമായ ചില ഇഷ്ടങ്ങൾക്കും താൽപ്പര്യങ്ങൾക്കും പിന്നീട് വലിയ വില കൊടുക്കേണ്ടതായി വന്നു എന്നതാണ് ചരിത്രം. ഇസ്രായേൽ സത്യദൈവത്തിൽ നിന്ന് വ്യതിചലിച്ച് അന്യ ദൈവ ആരാധനയിലേക്ക് വഴുതിവീണു എന്നതാണ് അതിന്റെ ഐക്യ ശൈഥില്യത്തിന് ഹേതുവാകുന്നത്. ഇതുപോലെ കാലാകാലങ്ങളിൽ മലങ്കരയിൽ ഉണ്ടായ ശൈഥില്യങ്ങളുടെ ബാക്കി പത്രങ്ങളാണ് ഇന്ന് കാണുന്ന പല റീത്തുകളുടെയും, നവീകരണ പ്രസ്ഥാനങ്ങളുടെയും തുടക്കത്തിനു വിത്തുപാകിയതും. പലപ്പോഴും കാര്യങ്ങളി ലൂടെ നിജസ്ഥിതി അറിഞ്ഞു വരുമ്പോഴേക്കും മലങ്കര നസ്രാണിത്വത്തിൽ ഉണ്ടായിരുന്ന നാട്ടുമേധാവിത്വം വിദേശ മേൽക്കോയ്മകളുടെ സ്വേച്ഛാധിപത്യ കരങ്ങളിൽ മുറുകുകയും ചെയ്തിരുന്നു എന്നതാണ്. അല്ലെങ്കിൽ സ്ഥാന ക്കൊതിമൂത്ത പലർക്കും സത്യസഭാ സംവിധാനത്തിന്റെ ഡ്യൂപ്ലിക്കേറ്റുകളെ സൃഷ്ടിക്കുവാൻ മൗനാനുവാദം കൊടുക്കേണ്ടി വന്നു എന്നതാണ് യാഥാർഥ്യം.

ഇസ്രായേലിന് കനാൻ എന്ന സ്വാതന്ത്ര്യ സാധ്യത നാൽപ്പതു സംവത്സരം നീണ്ടതുപോലെ മലങ്കരക്ക് സ്വയം ശീർഷകത്വം എന്നതും ഒരു നീണ്ടകാല ബാലികേറാമല തന്നെയായിരുന്നു. അകാനോനിക മുടക്ക്, ഭീഷണികൾ, കൊലപാതകശ്രമങ്ങൾ, കോടതി വ്യവഹാരങ്ങൾ, മാത്രമല്ല, മാർ ദീവന്നാസ്സിയോസ് എന്ന മാനുഷി കടന്നു പോകേണ്ടിവന്ന വഴി ചെങ്കടൽ മുറിച്ചു കടക്കുന്നതിലും ഭീകരമായിരുന്നു. സഭാ തലവൻ എന്ന ശീർഷകം നേടിയാൽ എന്തുമാകാം എന്ന പ്രാകൃത ഗോത്രതത്വത്തിന്റെ ബലിയാടായ പരിശുദ്ധ അബ്ദേദ്മശിഹാ പാത്രിയാർ ക്കീസ്സിനെ മലങ്കരയിലേക്ക് ക്ഷണിക്കുവാനും സർപ്പ ദംശനമേറ്റ ഇസ്രായേലിന് വേണ്ടി പിത്തളസർപ്പത്തെ ഉയർത്തിയതിന് സാമ്യമായി കാതോലിക്കേറ്റ് എന്ന മഹത്വത്തെ മലങ്കരയിൽ ഇദംപ്രദമായി സ്ഥാപിച്ച് നസ്രാണി സത്വബോധത്തിന്റെ തിലകക്കുറിയാക്കുവാനും, സ്വയം ശീർഷകത്വം അരക്കിട്ടുറപ്പിക്കുവാനും, അതുമൂലം സ്വാതന്ത്രത്തിന്റെ പുനർസ്ഥാപനം സാധ്യമാക്കാനും സാധിച്ചു എന്നത് പരിശുദ്ധനായ ഈ പിതാവിനെ ദീർഘദർശിക്ക് സമമാക്കുന്നു എന്നതാണ് ആത്മാവിൽ തെളിയുന്ന പൊരുൾ.

ദൈവവചനത്തിന്റെ യാത്രയിൽ മോശമൂലം ഇസ്രായേലിനു ലഭിച്ച പത്തു ദൈവീകകൽപ്പന യിസ്രായേ ലിന്റെ നിയമ, നിയതി വാഴ്ചകൾക്ക് കാരണമായി എന്നുമാത്രമല്ല, ലോകരാജ്യങ്ങൾക്ക് പോലും നിയമ നിർമ്മാണത്തിനുള്ള ശ്രോതസ്സായി എന്നതുപോലെ സഭകൾ പലതും ആശ്ചര്യത്തോടെ നോക്കുന്നതും, മാതൃകയാക്കുവാൻ ആഗ്രഹിക്കുന്നതുമായ മലങ്കര സഭാ ഭരണഘടനയുടെ ശിൽപ്പിയാകുവാൻ മാർ ദീവന്നാസ്സിയോസിന് സാധിച്ചു എന്നത് മലങ്കരയിലെ നസ്രാണി സത്വബോധത്തിന്റെ ആധുനിക ശിൽപ്പി എന്ന പേരിനും മാർ ദീവന്നാസ്സിയോസ്സിനെ യോഗ്യന ാക്കുന്നു. ഡോ. അംബേത്കറിന്റെ നേതൃത്വത്തിൽ ഇന്ത്യൻ ഭരണഘടന വിഭാവനം ചെയ്യുന്നതിനു പതിറ്റാണ്ടുകൾ മുൻപേ സഭാഭരണഘടന എന്ന കെട്ടുറപ്പുണ്ടാക്കുവാൻ പരിശുദ്ധ ദീവന്നാസ്സിയോസ്സിന് കഴിഞ്ഞു എന്നതാണ് ആ വിശുദ്ധനിലെ ദീപ്തി.

മോശ എന്ന വിമോചന നേതാവിനെ സൗമ്യൻ എന്ന വിശേഷണം നൽകിയാണ് വിശുദ്ധ ഗ്രന്ഥവും ആരാധനാ ക്രമങ്ങളുമെല്ലാം ബഹുമാനിക്കുന്നത്. സത്യത്തിൽ ആ പ്രവാചകൻ പീഡകനും ക്രൂരനുമായ ഒരു മെസ്രേമ്യനെ വകവരുത്തിയ ആളാണ്. ദൈവം നൽകിയ വിശുദ്ധ കല്പലകകൾ എറിഞ്ഞുടച്ചവ നാണ്, അയാൾ പലപ്പോഴും വളരെ കാർക്കശ്യത്തോടും, ധിക്കാരത്തോടും ജനത്തോട് സംഭാഷിച്ചിട്ടുമുണ്ട്. എന്നിട്ടും അയാൾ സൗമ്യൻ? എന്ന ചോദ്യം മറ്റൊരുവിധത്തിൽ ഈ പരിശുദ്ധനിലും അവശേഷിച്ചതിൽ അത്ഭുതപ്പെടാ നൊന്നുമില്ല. കാരണം ജീവിതത്തിൽ മുഖാവരണവും ഒളിച്ചുകളികളുമൊന്നുമില്ലാതെ ആത്മാർത്ഥതയോടെ സഞ്ചരിക്കുന്നവർ ദൈവസന്നിധിൽ സൗമ്യനും വിശുദ്ധനും ആയിരിക്കും എന്നതാണ് വ്യക്തിശാസ്ത്രത്തിന്റെ മതം.

സൗമ്യതയുടെ വേഷം കെട്ടി സമൂഹത്തെ കബളിപ്പി ക്കുന്ന കപട വിശുദ്ധിയുടെ പരിവേഷങ്ങൾ സമൂഹത്തിൽ വിദ്വേഷം വിതച്ച് അസമത്വങ്ങളും പിളർപ്പുകളും ബോധ പൂർവ്വം ഉണ്ടാക്കി, അവനവനിസ്സ സാമ്രാജ്യങ്ങൾ സൃഷ്ടിച്ച്

ഭാവി ചരിത്രത്തിലെ കോമാളികളാകുമ്പോൾ; കളങ്കമാനസം ഇല്ലാതെ, സ്വാർഥത ഇല്ലാതെ ഒരാൾ നൈസ്സർഗീക സ്വഭാവം ഒളിപ്പിച്ച് വയ്ക്കാൻ മെനക്കെടാതെ സമൂഹത്തിൽ അച്ചടക്കം ഉണ്ടാക്കാനും സമാധാനം പുലർത്താനും യത്നിച്ചു എന്നത് അത്ര നിസ്സാരമല്ലാത്ത കാര്യം തന്നെയാണ്. പ്രക്ഷു ബ്ധതകളുടെ നടുവിൽ തകർന്ന് ചിന്നഭിന്നമാകാതെ ഉറച്ച് നിന്നു ലക്ഷ്യം വരിക്കുന്നതുവരെ കലഹം ഉണ്ടാക്കാതെ പോരാടുക എന്നതാണ് സൗമ്യതയുടെ അടയാളം. ഇന്ത്യയുടെ സ്വാതന്ത്ര്യത്തിനുവേണ്ടി മഹാത്മാഗാന്ധിയും, വംശീയ അടിമക്കച്ചവടത്തിനെതിരെ ശക്തമായി പൊരുതിയ എബ്രഹാം ലിങ്കനും കൈക്കൊണ്ട സമീപനവും ഏതാണ്ടിപ്പറഞ്ഞതിന് ആഴത്തിൽ സാധുത നൽകുന്നതാണ്.

മനുഷ്യനെ ശത്രുവായി കാണാതെ അവനിലെ സ്വഭാവത്തെ തിരുത്തുവാൻ പഠിപ്പിക്കുന്ന ക്രിസ്തു ഭാവമായിരുന്നു ജീവിതത്തിൽ ഉടനീളം പരിശുദ്ധ ദിവന്നാസ്സിയോസ് കൈക്കൊണ്ടത്. ആ ക്രിസ്തുമാർഗം കാപട്യത്തിന്റെമേൽ ആട്ടിൻതോലണിഞ്ഞ യാഥാസ്തിക യൂദജനത്തിന് അന്നും ഇന്നും ദഹിച്ചിട്ടില്ല എന്നതാണ് മലങ്കരയിൽ ഇന്നും കാണുന്ന ദുർസ്ഥിതിക്കാധാരം. അവിടെ ക്രിസ്തുവിനെപ്പോലെ ഈ പരിശുദ്ധ പിതാവ് ഇന്നും കുരിശിക്കപ്പെടുന്നു എന്നത് കാര്യങ്ങൾ ഗ്രഹിക്കുവാൻ പ്രാപ്തമാകാത്ത മാനസിക പ്രശ്നത്തിന്റെ ബാക്കിപത്രം എന്നുമാത്രം കണ്ടാൽ മതിയാകും. അതുതന്നെയായിരുന്നു അക്കാലത്തെ കൂട്ടുട്രസ്റ്റിമാരുടെയും പ്രശ്നം. ചില കുടുംബ മാടമ്പിത്തരങ്ങളുടെ ഇടയിലേക്ക് ഒരു കുലീനൻ സഭാനേതാവായി ഉയർന്നുവരിക എന്നത് കുടില മനസ്സുകൾക്ക് അത്ര ദഹിച്ചിരുന്നില്ല എന്നതാണ് സത്യത്തിൽ മൂലകാരണം. പിന്നീട് ഒരൽപ്പം പഠനമുള്ള മല്പ്പാൻ അത് തിരിച്ചറിഞ്ഞതും സി.എ. കുര്യൻ അറിയാതെ പോയതിതും മറ്റ് കാരണങ്ങൾ തേടേണ്ട എന്നതും ഒരു സത്യമായി തുടരുകയാണ്. പാത്രിയർക്കീസ്സിന് ഒപ്പമുള്ള ആത്മീയാധികാരമായിരുന്നു മാർ ദിവന്നാസ്സിയോസ് ആഗ്രഹിച്ചിരുന്നതെങ്കിൽ ഒന്നല്ല മൂന്ന് പ്രാവശ്യമായിരുന്നു കാതോലിക്കാസ്ഥാനം ആ മഹാമനസ്കന്റെ മുന്നിൽ ഒഴിഞ്ഞ് കിടന്നതും എന്നത് കൂട്ടിവായിക്കേണ്ടതായിട്ടുണ്ട്.

ഇതിന്നിടയിൽ ശത്രുക്കൾ തന്റെ സഹായിയെ മീനച്ചലാറിന്റെ തീരത്തിട്ട് നിഷ്ഠൂരം കൊലപ്പെടുത്തുന്നു, സഭാ ഗാത്രത്തിന്റെ സൗരഭ്യത്തെ പരത്തുവാൻ പോക്കറ്റിലെ പണം കൊടുത്ത് ഉന്നത വിദ്യാഭ്യാസം നൽകി അനുഗ്രഹിച്ച ശിഷ്യനായ ഒരു മിഷനറി ബിഷപ്പിന്റെ പൊറുക്കാനാവാത്ത ആത്മവഞ്ചന, കൂടെ നിന്നവർ വിഷത്തിന്റെ പാന പാത്രവുമായി ഒളിഞ്ഞും തെളിഞ്ഞും ഒരുക്കിയ ചതി യുടെ കെണികൾ, സ്വയം ബലിയായിട്ടാണെങ്കിലും സഭാ സമാധാനം ഉറപ്പാക്കാൻ സിറിയായിലെ മർദ്ദീൻ തെരുവുകളിൽ അലയേണ്ടി വന്ന മലങ്കരയുടെ കുലീനഗുരുവിന്റെ ദിനരാത്രങ്ങൾ, ഇവയൊക്കെ ആ മഹാമേരുവിനെ ഭ്രാന്തനാക്കിയില്ല എന്നതാണ് ആ പരിശുദ്ധനെ വീണ്ടും മഹാത്മാവായി വായിക്കാനാവുന്നത്. അതേസമയം സമകാലീകനായി വംശഹത്യകളുടെ നടുവിൽ നിന്നു മലങ്കരയിലേക്ക് വന്ന ഒരു വിശുദ്ധ പിതാവിനു ചിത്തഭ്രമം പിടിപെട്ടുപോയി എന്നത് കൂട്ടിവായിക്കേണ്ട ചരിത്രമാണ്.

പരിശുദ്ധ പരുമല മാർ ഗ്രീഗോറിയോസ്സിന്റെ ഉത്തമ ശിഷ്യനായിരുന്നു മാർ ദീവന്നാസ്സിയോസ്. നോമ്പും പ്രാർത്ഥനയും, ധാർമ്മികതയും സമ്മേളിപ്പിച്ച് സഭാഗാത്രത്തെ നയിക്കുവാൻ ദൈവത്താൽ നിയോഗിതനായ മോശ പോലൊരു ദീർഘദർശ്ശി. പുണ്യവാന്റെ ലഭ്യമായ ഡയറിക്കുറിപ്പുകൾ പറഞ്ഞുതരും ആ മഹാമാനുഷിയുടെ നിഷ്കളങ്ക മാനസത്തിന്റെ നേർച്ചിത്രം. അഗ്നി സ്ഫുരിക്കുന്ന കണ്ണുകൾക്കുള്ളിൽ പ്രാവുസമമുള്ള മാനസവും പേറിയായിരുന്നു ആ മഹാമുനി സഞ്ചരിച്ചത് എന്ന് വല്ലാതെ പറഞ്ഞുതരും ആ താളുകൾ. സ്വജീവിതം ശീലമാക്കിയ അച്ചടക്കം കുറച്ചെങ്കിലും സഭാമക്കളിലും ഉണ്ടാകണം എന്നു ആ പിതാവ് വല്ലാതെ ആഗ്രഹിച്ചതിന്റെ ഫലമാണ് മതോപദേശസാരങ്ങൾ എന്ന പ്രബന്ധത്തിന്റെ പിറവി. സഭ സമൂഹത്തിൽ എന്തായിരിക്കണം എന്ന ബോധ്യമാണ് അദ്ദേഹത്തിന്റെ ഇടയലേഖനങ്ങൾ പറഞ്ഞുതരുന്നത്. ഇത്രത്തോളം പ്രക്ഷുബ്ദ്ധതയുടെ നടുവിൽ നിന്നുകൊണ്ട്, പരിമിതമായ സാഹചര്യങ്ങളുടെ ഇടയിൽ നിന്നു എങ്ങനെ ഇതൊക്കെ സാധിച്ചു? എന്ന ചോദ്യം നമ്മുടെ കണ്ണുകളെ കൂടുതൽ ഭാസ്സുരമാക്കും എന്നതിൽ തർക്കമൊന്നുമില്ല. പരിശുദ്ധനായ ആ പിതാവ് 1934 ഫെബ്രുവരി 23 നു ഇഹലോകവാസം വെടിഞ്ഞു. മലങ്കര സഭയെ പ്രാണനേക്കാൾ സ്നേഹിച്ച കർമ്മയോഗി. ജീവനും ജീവിതവും ബലിനൽകിയ മലങ്കരയുടെ വലിയ മെത്രാപ്പോലീത്ത, തന്റെ പിതാക്കന്മാരോട് ചേർന്നു. അദ്ദേഹത്തിന്റെ പിൻഗാമിയായ പരിശുദ്ധ ബസ്സേലിയോസ് ഗീവർഗീസ് ദ്വിതിയൻ ബാവാ നടത്തിയ ചരമപ്രസംഗം, മാർ ദീവന്നാസ്സിയോസിനുശേഷം ഏതാണ്ട് ഒന്നര പതിറ്റാണ്ട് കഴിഞ്ഞ്, ഇന്ത്യൻ പ്രധാനമന്ത്രി ഇന്ത്യയുടെ രാഷ്ട്രപിതാവിന്റെ വിയോഗം അറിയിച്ചുക്കൊണ്ട് നടത്തിയത് പരിശോധിച്ചാൽ പരിശുദ്ധ ബാവായുടെ പ്രസംഗം കേട്ടുകൊണ്ടായിരുന്നോ നടത്തിയത് എന്ന് തോന്നിപ്പോകും. സത്യമായിട്ടും ആ പരിശുദ്ധൻ തന്റെ ജനത്തിന്റെ വിമോചകൻ തന്നെയായിരുന്നു. മഹാത്മാവിന്റെ ഓർമ്മകൾക്ക് മുന്നിൽ കൂപ്പുകൈ.

ഡോ. ജോൺ പനക്കൽ
ഇന്റർനാഷണൽ ലൈഫ് സ്കിൽ കോച്ച്



# സന്തോഷത്തിനുവേണ്ടി ഇരക്കുന്നവർ

സന്തോഷിക്കാൻ വകയുണ്ടെങ്കിലും സന്തോഷത്തിനുവേണ്ടി യാചിക്കുന്ന മനുഷ്യമനസ്സുകളുണ്ട്. എല്ലാ സുഖസൗകര്യങ്ങളു മുണ്ടെങ്കിലും അകതാരിൽ സന്തോഷത്തിന്റെ കണികപോലുമില്ലാത്തവർ. കൂട്ടത്തിൽ പൊട്ടിച്ചിരിക്കുകയും തമാശകൾ പറയുകയും ചെയ്യുന്നു വെങ്കിലും ഒറ്റയ്ക്കാകുമ്പോൾ എന്തിനെപ്പറ്റിയോ ആലോചിച്ച് മുഖം മ്ലാനമാക്കുന്നവർ സന്തോഷത്തിനുവേണ്ടി ദാഹിക്കുന്നവരാണ്.

ഒരു മധ്യവയസ്കന്റെ പരാതി ശ്രദ്ധിക്കൂ: 'സാർ, വിവാഹത്തിനുശേഷം ജീവിതത്തിൽ ഒരു സന്തോഷവും ഉണ്ടായിട്ടില്ല.' ഇതിൽ നിന്ന് വ്യാഖ്യാനിക്കേണ്ടത് വിവാഹം ഒരു 'സന്തോഷം മുടക്കി'യാണെന്നാണോ? എന്നാണ്. നമ്മുടെ അസംതൃപ്തിയുടെ കാരണങ്ങൾ മറ്റ് പലതിലും, മറ്റ് പലരിലും അർപ്പിച്ച് പഴിചാരാൻ നാം വിദഗ്ദ്ധരാണ്. നമ്മിലേക്ക് തന്നെ നാം തിരിയുന്നില്ല. എന്റെ സന്തോഷമില്ലാത്ത അവസ്ഥയ്ക്ക് എന്റെ പങ്ക് എത്രമാത്രം എന്ന ചിന്ത നമ്മേ ഭരിക്കാറുണ്ടെങ്കിൽ അസംതൃപ്തിയുടെ കാറും കോളും അടങ്ങുവാനുള്ള ആദ്യ നടപടി നാം സ്വീകരിച്ചു എന്നർത്ഥം.

മറ്റൊരാളിന്റെ കദനകഥ : മൂത്തമകൾക്ക് 19 വയസ്സ്. ഒരാളിനെ പ്രേമിച്ച് വീട്ടിൽ നിന്നും ഒളിച്ചോടി. രജിസ്റ്റർ വിവാഹം കഴിഞ്ഞെന്ന് പറയുന്നു. എവിടെയാണെന്നറിഞ്ഞുകൂടാ. ഇളയമകന് 17 വയസ്സ്, 12-ാം ക്ലാസിലെ പരീക്ഷയ്ക്ക് എല്ലാവിഷയത്തിലും തോറ്റിരിക്കുന്നു. ചിലപ്പോഴൊക്കെ മദ്യപിച്ചിട്ട് വീട്ടിൽ വന്ന് ബഹളമുണ്ടാക്കുന്നു. ഭാര്യയ്ക്ക് ക്യാൻസർ. ഭാരിച്ച ചികിത്സാചെലവുകൾക്ക് പണം കണ്ടെത്താൻ പെടാപ്പാട്. പ്രവാസലോകത്ത് തനിച്ചായിട്ട് 20 വർഷമായി. കുടുംബം നാട്ടിലാണ്. എന്നും കടം മാത്രം. കടത്തിൽ നിന്ന് ഒരു മോചനത്തിനായി കാംക്ഷിച്ചു. പക്ഷേ സാധ്യമല്ല. തലയ്ക്ക് മുകളിൽ കടം. ''എന്തൊരു ജീവിതമാണ് സാറെ ഇത്?'' ആത്മഹത്യാ പ്രവണതയുണ്ടെങ്കിലും ആത്മഹത്യ ചെയ്യാൻ അദ്ദേഹം മടിക്കുന്നു. ഇങ്ങനെ ജീവിതത്തിലെ അനുഭവങ്ങളും പാളിച്ചകളും അയവിറക്കി വിലപിക്കുന്ന അനേകരുണ്ട് ഈ പ്രവാസഭൂമിയിൽ.

മനുഷ്യന്റെ തലച്ചോറിൽ 'ആനന്ദ കേന്ദ്രം' എന്ന ഒരുഭാഗമുണ്ട്. ഇത് പ്രവർത്തന ക്ഷമമാകുന്നതിന് സന്തോഷ വാഹകർ അനിവാര്യമാണ്. ആരാണീ സന്തോഷവാഹകർ? തലച്ചോറിന്റെ നിയോ കോർറ്റക്സ് എന്ന മുൻഭാഗം (തിരുനെറ്റിയുടെ ഭാഗം) മനുഷ്യന്റെ മുഴുവൻ കോർറ്റക്സിന്റെയും 95.9 ശതമാനത്തിന് ഉത്തരവാദിയാണ്. നാഡീവ്യൂഹത്തിന്റെ പൊതുവായ പ്രവർത്തനത്തിന് ഉത്തരവാദി ഈ നിയോകോർറ്റക്സ് ആണെന്നർത്ഥം. നാഡീവ്യൂഹത്തിലൂടെ കടന്നുപോകുന്ന ബയോ കെമിക്കൽ ഇലക്ട്രോമാഗ്നറ്റിക് വേവ്സ് ആണ് സന്തോഷവാഹകർ. ജൈവരസ പ്രധാനമായ ഇത്തരം രാസവീചികൾ നമ്മുടെ തലച്ചോറിന്റെ കോശങ്ങളെ പരസ്പരം സംസാരിക്കാൻ സഹായിക്കുന്നു. ഈ രാസവീചികളുടെ വികിരണം മൂലം തലച്ചോർ,

പ്രത്യേകിച്ച് ആനന്ദകേന്ദ്രം ഒന്നുകിൽ സജീവമാകും അല്ലെങ്കിൽ നിർജീവമാകും. സന്തോഷം പകരുന്ന അനുഭവങ്ങളുണ്ടാകുമ്പോൾ ആനന്ദകേന്ദ്രം സജീവമാകും. അപ്പോൾ ആനന്ദവാഹികൾ തലച്ചോറിന്റെ നിയന്ത്രണം ഏറ്റെടുക്കും.

സന്താപത്തിന്റെ അവസ്ഥയിൽ ആനന്ദവാഹികൾക്ക് പകരം സന്താപവാഹകർ പ്രവർത്തിക്കും. പക്ഷേ അപ്പോൾ ആനന്ദകേന്ദ്രം അടച്ചുപൂട്ടപ്പെടുമെന്ന് ധരിക്കരുത്. ആനന്ദകേന്ദ്രം സന്താപവാഹകരെക്കൊണ്ട് നിറയുമ്പോൾ നാം വിഷാദം പ്രകടിപ്പിച്ചുകൊണ്ടിരിക്കും. ആനന്ദവാഹകരുടെയും സന്താപവാഹകരുടെയും പ്രസരണം തുലനപ്പെടുമ്പോൾ മനുഷ്യന് ബയോകെമിക്കൽ ബാലൻസ് ഉണ്ടാകുന്നു. അപ്പോൾ നോർമൽ ആയി ചിന്തിക്കാനും സംസാരിക്കാനും പ്രവർത്തിക്കാനും സാധിക്കുന്നു. ഒരാളിന്റെ ആനന്ദകേന്ദ്രത്തിൽ ഒരുപാട് സന്താപവാഹകരുണ്ടെങ്കിൽ അവയുടെ വീര്യം കുറച്ചും, കുറച്ച് സന്തോഷവാഹകരേ ഉള്ളൂ എങ്കിൽ അവയുടെ വീര്യം കൂട്ടിയും ഈ ബാലൻസ് ഉണ്ടാക്കാൻ സാധിക്കും. ഇതിൽ നാം പരാജയപ്പെടുമ്പോഴാണ് 'എനിക്ക് ജീവിതത്തിൽ ഒരു സന്തോഷവുമില്ല' എന്ന ലേബൽ നാം സ്വയം എഴുതി നമ്മുടെ തിരുനെറ്റിത്തടത്തിൽ ഒട്ടിക്കുന്നത്. അപ്പോൾ അതിനുത്തരവാദി നാം തന്നെ.

ഈ ദുരവസ്ഥയിൽ നിന്നുള്ള വിടുതലിനായി ചിലർ ലഹരിയെ ആശ്രയിക്കാറുണ്ട്. ഇത്തരം ലഹരി നൽകുന്ന വസ്തുക്കളെ Pick - me ups എന്ന് പറയും. മദ്യം, മയക്കുമരുന്ന്, വെറിക്കൂത്ത്, പുകയില, സന്തോഷം പകരാനുതകുന്ന ഉത്തേജക ഗുളികകൾ ഇവയൊക്കെ പിക്മിഅപ്പ്സിന്റെ ഗണത്തിൽപെടും. ഇവയ്ക്കൊന്നും നിലനിൽക്കുന്ന സന്തോഷം പകരാൻ സാധ്യമല്ല. സന്തോഷം കൊയ്തെടുക്കേണ്ടത് ഇവയുടെ ഉപയോഗത്തിലൂടെയല്ല. നാം സ്വയം നമുക്കായി വിലങ്ങുകൾ തീർക്കുകയാണപ്പോൾ.

മറ്റുള്ളവർക്ക് ഉപകരിക്കുന്ന 'പരസഹായം' ചെയ്യുന്നവർക്ക് മാത്രമേ ആനന്ദകേന്ദ്രത്തിലെ സന്തോഷം നിലനിറുത്താൻ സാധിക്കൂ. മറ്റുള്ളവരെ ഉപദ്രവിക്കാതെ നന്മ ചെയ്യാൻ ശ്രമിച്ചുകൊണ്ടിരുന്നാൽ പിക് മി അപ്സ് ഉപയോഗിക്കേണ്ടി വരികയില്ല.

രണ്ടു പല്ലികളുടെ കഥ ശ്രദ്ധേയമാണ്. ഒരു വീട്ടിലെ ഉപകരണങ്ങൾ പുനർക്രമീകരിക്കുന്ന പ്രക്രിയയിൽ ഒരു പല്ലി അലമാരയ്ക്കും ഭിത്തിയ്ക്കും ഇടയിൽപ്പെട്ട് ചലനശക്തി നശിച്ചുപോയി. പക്ഷേ ചത്തില്ല. ഈ പല്ലിയുടെ നിസ്സഹായവസ്ഥ മനസ്സിലാക്കി കൂട്ടുകാരൻ പല്ലി സമയാസമയങ്ങളിൽ തീറ്റ എത്തിച്ചു കൊടുത്തിരുന്നു, വർഷങ്ങളോളം. ബന്ധിതനായ പല്ലി താൻ നല്കിയ ഭക്ഷണം ആസ്വദിച്ച് ഭക്ഷിക്കുന്നതു കാണുമ്പോൾ, പല്ലിയുടെ ഭാഷയിൽ ബന്ധിതനായ പല്ലി കൂട്ടുകാരന് നന്ദി പ്രകടിപ്പിക്കുമ്പോൾ, ബന്ധിതനായ പല്ലിയുടെ നിസ്സഹായവസ്ഥയിലും സ്വയം മറന്ന് സന്തോഷിക്കുന്നത് കാണുമ്പോൾ, സഹായിക്കുന്ന പല്ലിയുടെ ആനന്ദകേന്ദ്രം സന്തോഷവാഹികളുടെ ആരവാരം കൊണ്ട് മുഖരിതമാവും. അതാണ് യഥാർത്ഥ സന്തോഷം. അങ്ങനെയുള്ളവർ കഷ്ടതയിലും പാട്ടുപാടും. നഷ്ടത്തിലും പ്രതീക്ഷ കൈവിടില്ല.

ജപ്പാൻ എന്ന കൊച്ചുരാജ്യത്തിന്റെ അഭൂതപൂർവ്വമായ പുരോഗതിക്ക് ഉപോൽബലകമായ ഒരു തിയറിയുണ്ട്. അതിനെ കെയ്സൺ തിയറി (Kaizen Theory) എന്ന് പറയും. ഇതിന്റെ പ്രായോഗികമായ അർത്ഥം 'ഇടമുറിയാതെയുള്ള നിരന്തരമായ പുരോഗതി' എന്നാണ്. പൊരുളഴിച്ച് വ്യാഖ്യാനിച്ചാൽ അതിങ്ങനെയാണ്. എത്ര ഭംഗിയായി ഒരു ജോലി ഒരിക്കൽ ചെയ്താലും അടുത്ത പ്രാവശ്യം അതേ ജോലി ചെയ്യുമ്പോൾ കുറച്ചുകൂടി ഭംഗിയായി ചെയ്യുവാൻ പരിശ്രമിക്കുക. That is kaizer Theory. നമ്മുടെ ജീവിതത്തിൽ ഈ കെയ്സൺ തിയറി ഒന്ന് പ്രാവർത്തികമാക്കിയിരുന്നുവെങ്കിൽ നമ്മുടെ ലോകം എത്ര സുന്ദരമായേനേ. നമ്മുടെ ലോകം എന്നതുകൊണ്ട് അർത്ഥമാക്കുന്നത് ഈ അണ്ഡകടാഹത്തെ മുഴുവനായല്ല, നമുക്ക് ചുറ്റുമുള്ള ഒരു ലോകത്തെ. വളരുന്ന തലമുറ ജപ്പാന്റെ കെയ്സൺ തിയറി ഉൾക്കൊള്ളാൻ ശ്രമിച്ചിരുന്നുവെങ്കിൽ എന്ന് ആശിച്ചുപോകുന്നു. ഫലത്തിൽ മാത്രം കണ്ണുവയ്ക്കാതെ കൃത്യമായി കർമ്മം നിർവ്വഹിക്കുവാൻ ശ്രദ്ധിക്കുമ്പോൾ സന്തോഷത്തിനായി ഇരക്കേണ്ട ഗതികേടുണ്ടാകയില്ല. കാരണം കൃത്യനിർവഹണത്തിൽ സമൃദ്ധമായ ഫലം അടങ്ങിയിട്ടുണ്ട്. The result is interwoven in the very act itself.

യുവാവായ ഒരു ഭർത്താവിന്റെ മനസിന്റെ ഞരക്കം അലോസരപ്പെടുത്തുന്നു.

''എന്റെ ഭാര്യ എന്നെ വെറും ഒരു ഡിപ്ലോമാക്കാരനായി കരുതുന്നു എന്ന എന്റെ തോന്നൽ എന്റെ സന്തോഷം കെടുത്തുന്നു.''

അപകർഷതാ മനോഭാവം. ഭാര്യ ബിരുദാനന്തര ബിരുദധാരി ആയതുകൊണ്ട് അവരുടെ മുന്നിൽ തലകുനിച്ച് നിൽക്കാനാണോ അവളുടെ കഴുത്തിൽ താലി കെട്ടിയത്. അവർക്ക് മേൽക്കൈയുണ്ടെങ്കിൽ അത് താങ്കളുടെ തലയിണയായി ഉപയോഗിക്കാൻ ശ്രമിക്കണം. അതിൽ പരാജയപ്പെട്ടിരിക്കുന്നു താങ്കൾ.

''ആദ്യരാത്രി മുതൽ തന്നെ അവൾക്ക് എന്നോട് അടുപ്പം കുറവായിരുന്നു.''

ഇതിന് കാതലായ എന്തെങ്കിലും കാരണമുണ്ടാവും. അത് തിരിച്ചറിഞ്ഞപ്പോൾ തന്നെ നിങ്ങൾ രണ്ടു പേരും ഒരു

കൗൺസിലിംഗിന് വിധേയകാരേണ്ടിയിരുന്നു. വിവാഹം കഴിഞ്ഞ് 6 വർഷം കഴിഞ്ഞിട്ടും അതിനെപ്പറ്റി പരിതപിക്കുന്നത് സന്തോഷം കെടുത്തുകയേയുള്ളൂ.

''പെട്ടെന്ന് ഒരു അച്ഛനാകണമെന്ന് ഞാൻ ആഗ്രഹിച്ചു. അവൾക്കതിന് സമ്മതമില്ലായിരുന്നു. അവൾ ഗർഭിണിയായി. അന്നുമുതൽ അവൾക്കെന്നോട് കടുത്ത വിരോധം.''

മനസ്സും മനസ്സും ഒന്നാകാതെ ശരീരങ്ങൾ ഒന്നായതുകൊണ്ട് എന്ത് പ്രയോജനം? താങ്കൾ ഒരു പരിധി വരെ ഒരു സ്വാർത്ഥനായിരുന്നു ഈ കാര്യത്തിൽ എന്ന് താങ്കൾ തന്നെ സമ്മതിച്ചിരുന്നുവെങ്കിൽ എന്ന് ആശിച്ചു പോകുന്നു.

''ഇപ്പോൾ ഞാൻ ഒരു അച്ഛനാണ്. അമ്മയും കുഞ്ഞും നാട്ടിലാണ്. എന്റെ കുഞ്ഞിനെ എന്നെ കാണിക്കുമോ എന്നുവരെ ഞാൻ സംശയിക്കുന്നു. എന്റെ ടെലിഫോൺ കോളുകൾ അവൾ എടുക്കാറേയില്ല.''

താങ്കളുടെ കുട്ടിയെ കാണാൻ പോലും അനുവദിക്കില്ല എന്ന ധാരണ സംശയരോഗത്തിന്റെ ആദ്യപടിയാണ്. മിഥ്യാധാരണകളുടെ കൂടാരമാക്കി മനസ്സ് പുണ്ണാക്കിയാൽ ശരീരവും അന്യരോഗങ്ങൾക്ക് കീഴടങ്ങേണ്ടി വരും. സത്യമറിയാതെ നാം പലർക്കും പലപ്പോഴും സർട്ടിഫിക്കറ്റ് എഴുതാറുണ്ട്.

നമ്മുടെ വീക്ഷണത്തിൽ യാഥാർത്ഥ്യമെന്ന് തോന്നുന്നത് സത്യമാകണമെന്നില്ല. സത്യമെന്താണന്നറിയുമ്പോൾ ഒരു പക്ഷേ നാം തന്നെ ഞെട്ടിപ്പോകും.

എടുത്ത തീരുമാനങ്ങളെ ഓർത്ത് ദുഃഖിക്കുന്ന ദുർബലമായ മനസ്സിന്റെ ഉടമകൾ സന്തോഷത്തിനായി പരതി നടക്കും. എന്താണ് ആത്മസന്തോഷം? ആന്തരികമായ കുളിർമ. അത് സ്വാർത്ഥത വെടിയുന്നവർക്കേ ലഭിക്കൂ.



# ഹെബ്രോൻ ഹിൽസ് റിട്ടയർമെന്റ് ഹോം.

മെഴുവേലി ആലക്കോട്ട് ഹെബ്രോൻ ഹിൽസ് റിട്ടയർമെന്റ് ഹോമിന്റെ 10-ാം വർഷികത്തോടനുബന്ധിച്ച് 65 വയസിനു മുകളിൽ പ്രായമുള്ള നിർദ്ധനരായ ആളുകൾക്ക് ആജീവനാന്തം സൗജന്യമായി താമസിക്കുന്നതിനായി 6 വീടുകൾ നിർമിച്ചു നല്കിയിരിക്കുന്നു. റിട്ടയർമെന്റ് ഹോം സ്ഥാപകനായ ഫാ. ഡോ. മത്തായി ആലക്കോട്ടിന്റെ സ്വപ്ന സാക്ഷാത്ക്കരമാണ് ഈ വീടുകൾ. 650 sq.ft. വിസ്തൃതിയിൽ 6 വീടുകൾ 3 ഫ്ളാറ്റുകളിലായി നിർമിച്ചിരിക്കുന്നു. പ്രസ്തുത വില്ലകളുടെ കൂദാശയും റിട്ടയർമെന്റ് ഹോമിന്റെ വർഷികവും 2023 ജനുവരി 7 ന് ചെങ്ങന്നൂർ ഭദ്രാസനാധിപൻ അഭിവന്ദ്യ ഡോ. മാത്യൂസ് മാർ തീമോത്തിയോസ് മെത്രാപ്പോലീത്താ നിർവഹിച്ചു. വില്ലകളോടനുബന്ധിച്ച് കുറഞ്ഞ ഫീസിൽ കമ്പ്യൂട്ടർ പരിശീലനം നൽകുന്നതിനായി ഒരു കമ്പ്യൂട്ടർ സെന്ററിന്റെ ഉദ്ഘാടനവും തദവസരത്തിൽ നിർവഹിക്കപ്പെട്ടു. വാർഷികത്തോടനുബന്ധിച്ച് തയാറാക്കിയ സുവനീറിന്റെ പ്രകാശനം പഞ്ചായത്ത് പ്രസിഡന്റ് ശ്രീമതി പിങ്കി ശ്രീധർ നിർവഹിച്ചു.



ആല സെന്റ് ജോർജ്ജ് യുവജനപ്രസ്ഥാനത്തിന്റെ ആഭിമുഖ്യത്തിൽ 52-ാമത് ഇടവകദിനത്തോട് അനുബന്ധിച്ച് ജനുവരി 26ന് ഭദ്രാസനതല ക്വിസ് മത്സരം ആല സെന്റ് ജോർജ്ജ് ദേവാലയത്തിൽ വച്ച് നടത്തപ്പെടുകയുണ്ടായി. ഇതോടൊപ്പം തന്നെ 74-ാമത് റിപ്പബ്ലിക് ദിനത്തോടനുബന്ധിച്ച് ചെങ്ങന്നൂർ ഭദ്രാസന യുവജനപ്രസ്ഥാനത്തിന്റെ ആഭിമുഖ്യത്തിൽ ഭദ്രാസന യുവജനപ്രസ്ഥാന ഭാരവാഹികളുടെ സാന്നിധ്യത്തിൽ സൈനിക ഐക്യദാർഢ്യ പ്രതിജ്ഞ എടുക്കപ്പെടുകയും ചെയ്തു. ക്വിസ് മത്സരത്തിൽ ഒന്നാം സ്ഥാനം മെഴുവേലി ഹോളി ഇന്നസെന്റ് യുവജന പ്രസ്ഥാനവും രണ്ടാം സ്ഥാനം ആറാട്ടുപുഴ സെന്റ് മേരീസ് യുവജനപ്രസ്ഥാനവും കരസ്ഥമാക്കി.



ഫാ. തോമസ് പി. നൈനാൻ (വികാരി)

# ഇന്നും സ്മരിക്കപ്പെടുന്ന വി. അന്ത്രയോസ് ബാവ

2023 ഫെബ്രുവരി 15 മുതൽ മാർച്ച് 05 വരെ (1198 കുംഭം 03 മുതൽ 21 വരെ) 331–ാമത് വിശുദ്ധ അന്ത്രയോസ് ബാവായുടെ ശ്രാദ്ധപ്പെരുന്നാൾ പുത്തൻകാവ് സെന്റ് മേരീസ് ഓർത്തഡോക്സ് കത്തീഡ്രലിൽ വെച്ച് നടത്തപ്പെടുകയാണ്.

എ.ഡി. 1678 ൽ ശീമയിൽ നിന്ന് മാർ അന്ത്രയോസ് ബാവ കേരളത്തിൽ വന്നു. അദ്ദേഹത്തോടൊപ്പം മൂന്ന് സഹോദരന്മാരും ഉണ്ടായിരുന്നു. അതിൽ ഒരാൾ റമ്പാൻ ആയിരുന്നു. മുളന്തുരുത്തി, കുറവിലങ്ങാട്, മണർകാട് എന്നീ പള്ളികൾ സന്ദർശിച്ച് എ.ഡി. 1687 ൽ പുത്തൻകാവിൽ എത്തി.

പുത്തൻകാവ് മദ്ധ്യതിരുവിതാംകൂറിലെ പ്രശസ്തി ആർജ്ജിച്ച പ്രദേശമായിരുന്നു. പമ്പാതീരം കച്ചവട കേന്ദ്രവുമായിരുന്നു. സുറിയാനി ക്രിസ്ത്യാനികൾ ധാരാളമുള്ള സ്ഥലമായതിനാൽ അദ്ദേഹം വീടുകൾ കയറി പ്രാർത്ഥിക്കുകയും, ആഹാരം കഴിക്കുകയും ചെയ്തു. അത്ഭുത പ്രവർത്തനവും, പ്രാർത്ഥനയും, ശരീരആകൃതിയും കൊണ്ട് ബഹുമാനപുരസ്സരം വല്യപ്പൂപ്പൻ എന്നു വിളിച്ചിരുന്നു. പുത്തൻകാവിൽ നിന്നും അദ്ദേഹം കല്ലടയ്ക്കുപോകുകയും 867 കുംഭം 19 ന് (1692 മാർച്ച് 02 ന്) കാലം ചെയ്തു.

പ്രാർത്ഥന ജീവിതമുള്ള വ്യക്തി, അത്ഭുതങ്ങൾ ചെയ്തിരുന്ന ദൈവിക മനുഷ്യൻ, സംഭവ ബഹുലമായ ജീവിതം, തികഞ്ഞ ദൈവഭക്തൻ, വിളിച്ചാൽ വിളികേൾക്കുന്ന വല്യപ്പൂപ്പൻ, നോമ്പിലും, പ്രാർത്ഥനയിലും ശ്രദ്ധയുള്ള മുനിശ്രേഷ്ഠൻ എന്നീ കാരണങ്ങളാൽ അദ്ദേഹത്തെ വിശുദ്ധനായ അന്ത്രയോസ് ബാവയെന്ന് അറിയപ്പെടുന്നു.

എല്ലാ യാമങ്ങളിലും പ്രാർത്ഥന നടത്തുക അദ്ദേഹത്തിന്റെ നിഷ്ഠയായിരുന്നു. ഒരു ദിവസം സന്ധ്യാ പ്രാർത്ഥനയ്ക്കായി പള്ളിവാതിൽ തുറന്നുകൊടുക്കരുതെന്ന് ചില പ്രമാണികൾ പ്രധാന ശുശ്രൂഷകനെ ചട്ടം കെട്ടി. പ്രാർത്ഥിക്കുവാനായി പള്ളിവാതിൽ തുറക്കാതിരിക്കുന്നതായി കണ്ടപ്പോൾ മനോവിഷമവും, കോപവും മൂലം മാർത്തോമ്മാ ശ്ലീഹായുടെ നാമത്തിലുള്ള പള്ളിവാതിക്കൽ നിന്ന് ''മാർത്തോമനെ വാതിൽ തുറക്കൂ'' എന്ന് ഉച്ചത്തിൽ മൂന്ന് പ്രാവശ്യം പറയുകയും മുട്ടുകയും ചെയ്തപ്പോൾ വാതിൽ തുറന്നു.

പുത്തൻകാവ് സെന്റ് മേരീസ് ഓർത്തഡോക്സ് കത്തീഡ്രലിനെ സംബന്ധിച്ചിടത്തോളം വി. അന്ത്രയോസ് ബാവ കാവൽ പിതാവാണ്. എല്ലാവർഷം മാർച്ച് മാസത്തിൽ (കുംഭം 18) വരത്തക്കവിധം പെരുന്നാളും, കൺവൻഷനും നടത്തുന്നു. നാനാജാതി മതസ്ഥർ ഒരുമിച്ച് കൂടുകയും റാസയിൽ പങ്കെടുക്കുകയും മദ്ധ്യസ്ഥതയിൽ അഭയം പ്രാപിക്കുകയും ചെയ്യുന്നു. പുത്തൻകാവ് പള്ളിയിലെ സമൂഹസദ്യ പ്രസിദ്ധമാണ്. എല്ലാ മതവിഭാഗത്തിലുള്ള ആളുകളും പ്രാർത്ഥനയോടു പങ്കെടുക്കുന്നു. മതസൗഹാർദ്ദത്തിന്റെ പ്രതീകം കൂടിയാണ്. ദേശത്തിന്റെ പെരുന്നാളായി എല്ലാവരും കാണുന്നു. സെന്റ് ആൻഡ്രൂസ് ചാപ്പൽ (കുരിശുപള്ളി) എല്ലാവർക്കും അനുഗ്രഹമായി നിലകൊള്ളുന്നു. എല്ലാ മതവിഭാഗത്തിലുള്ള ആളുകൾ പ്രാർത്ഥിക്കുവാനായി കടന്നുവരികയും അനുഗ്രഹം പ്രാപിക്കുകയും ചെയ്യുന്നു. 2004 ൽ വറ്റി വരണ്ട കിണറിൽ വെള്ളം ഇല്ലാതെ പ്രയാസപ്പെട്ട് പ്രാർത്ഥിച്ചപ്പോൾ നീരുറവ വന്ന കിണർ പുത്തൻകാവ് സെന്റ് മേരീസ് ഓർത്തഡോക്സ് പള്ളിയങ്കണത്തിലാണ്.

അന്ത്രയോസ് ബാവയുടെ ജീവിതം സംഭവ ബഹുലമായിരുന്നു. തലമുറകളായി പറഞ്ഞു കേട്ടുവരുന്ന അനുഭവകഥകളും, വായ്മൊഴികളും, പൂർവ്വപിതാക്കന്മാർ രേഖപ്പെടുത്തിയിട്ടുള്ള സംഭവങ്ങളും, നാം കാണുന്ന യാഥാർത്ഥ്യങ്ങളും പിൻബലമേകുന്നു.

വിശുദ്ധ അന്ത്രയോസ് ബാവ മദ്ധ്യസ്ഥനായി. നമ്മുടെ കണ്ണുനീർ മാറ്റി പ്രയാസങ്ങൾ മാറുവാൻ ഇടയാകട്ടെയെന്ന് നമുക്ക് പ്രാർത്ഥിക്കാം. വിശുദ്ധ അന്ത്രയോസ് ബാവായെ ഞങ്ങൾക്കുവേണ്ടി അപേക്ഷിക്കേണമെ. ഇപ്പോഴും നാം സ്മരിക്കുന്ന വിശുദ്ധനാണ് അന്ത്രയോസ് ബാവ.

ഫാ. ഡോ. സാം കുട്ടംപേരൂർ

# മാലാഖമാർ

## (ഒരുപഠനം)



പൗരസ്ത്യ ഓർത്തഡോക്സ് ചിന്തകളിലും ഗ്രീക്ക് യവനായ ചിന്തകളിലും മാലാഖമാരെക്കുറിച്ചുള്ള പഠനങ്ങൾ ധാരാളമായി ഉണ്ടായിട്ടുണ്ട്. സഭാപിതാക്കന്മായ ഡയനീഷ്യസ്, അഗസ്റ്റിൻ, ഗ്രിഗറി, പീറ്റർ ലൊംബാർഡ്, അകിനാസ്, ജെറോം, മാർ യാക്കോബ്, മാർ ദിവന്നാസിയോസ് തുടങ്ങിയ പിതാക്കന്മാർ മാലാഖമാരെക്കുറിച്ച് ഏറെ പഠനങ്ങളും, സ്വഅനുഭവങ്ങളും വിവരിക്കുന്നുണ്ട്. ഒരു സാമ്രാജ്യത്വ ദർശനത്തിലാണ് ഇവരെക്കുറിച്ച് പറയുന്നത്. അത് യോശുക്രിസ്തു സ്ഥാപിച്ച 'സ്വർഗ്ഗരാജ്യം' എന്ന ദൈവീകരാജ്യ സങ്കൽപ്പത്തിലാണ് ഇവയെല്ലാം വിവരിക്കപ്പെടുന്നത്. പഴയനിയമത്തിലും, പുതിയ നിയമത്തിലും വിവരിക്കുന്നതനുസരിച്ച് രാജാക്കന്മാരുടെ രാജാവും, ചക്രവർത്തിമാരുടെ ചക്രവർത്തിയും സകലത്തെയും സൃഷ്ടിച്ചവനും, സകലത്തെയും ഭരിക്കുന്നവനും ആയ സർവ്വശക്തനായ ദൈവത്തിന്റെ രാജ്യത്തിലെ പ്രവർത്തകരായാണ് മാലാഖമാരെ കാണുന്നത്. തികച്ചും ഭൗതികമായ ഒരു ഭരണക്രമം ദൈവരാജ്യത്തിന്റേതായി പിതാക്കന്മാർ നമ്മെ ബോദ്ധ്യപ്പെടുത്തുന്നു.

ഗ്രീക്ക്-കാത്തോലിക്കാ സഭാ ചിന്തകളിൽ ഓരോ ശിശു ജനിക്കുമ്പോഴും സ്വർഗ്ഗത്തിൽ നിന്ന് ആ വ്യക്തിക്ക് ഓരോ കാവൽ മാലാഖയെക്കൂടി അയയ്ക്കുന്നു എന്ന സങ്കല്പമാണ്. ഇത് ഏറെക്കുറെ പൗരസ്ത്യ സഭാ ചിന്തകളിലും കടന്നുകൂടിയിട്ടുണ്ട്. ആയതിനാൽ നമ്മുടെ സഭയിലും മാലാഖമാരെക്കുറിച്ച് പഠനങ്ങളും ചർച്ചകളും ധാരാളമായി ഉണ്ടാകേണ്ടതാണ്.

വി. വേദപുസ്തകാടിസ്ഥാനത്തിലും സുറിയാനി പാരമ്പര്യത്തിൽ മാർ ദിവന്നാസിയോസിന്റെ പാരമ്പര്യത്തിലും, യവനചിന്തയിലും മൂന്നുഗണങ്ങൾ വീതം ഉൾക്കൊള്ളുന്ന മൂന്നു സംഘങ്ങളായി, നിരകളായി മാലാഖമാരെ കണക്കാക്കുന്നു.

മാലാഖമാർ എന്ന വാക്കിന് അർത്ഥം 'ദാസന്മാർ' എന്നാണ്. ദൈവത്തിന്റെ ദാസന്മാർ; 'സ്വർഗ്ഗീയ സൈന്യങ്ങൾ' എന്ന് വിവക്ഷ. ദൈവത്തെ സ്തുതിക്കുന്നതിനും, മഹത്വപ്പെടുത്തുന്നതിനും ദൈവവും മനുഷ്യനുമായി ബന്ധപ്പെടുന്നതിനുമുള്ള ദൈവ പദ്ധതിയുടെ ഭാഗമായി പ്രവർത്തിക്കുന്നവരാണ് ഈ മാലാഖമാർ.

കത്തോലിക്കാ-ഗ്രീക്ക് ചിന്തകളിലും, പൗരസ്ത്യ സുറിയാനി ചിന്തയിലും ഈ ഒൻപതു ഗണം മാലാഖമാരെക്കുറിച്ചും അവരുടെ അധികാര ചുമതലകളെക്കുറിച്ചും നമുക്കു പരിശോധിക്കാം. ആദ്യം കത്തോലിത്താ-യവന ചിന്തകളിലെ 9 ഗണം മാലാഖമാരെക്കുറിച്ച് പറയാം.

| | |
|---|---|
| ഒന്നാം ഗണം | ദൈവദൂതന്മാർ |
| രണ്ടാം ഗണം | മുഖ്യദൂതന്മാർ |
| മൂന്നാം ഗണം | പ്രാഥമികന്മാർ |
| നാലാം ഗണം | ബലവാന്മാർ |
| അഞ്ചാം ഗണം | താത്വികന്മാർ |
| ആറാം ഗണം | അധികാരികൾ |
| ഏഴാം ഗണം | ഭദ്രാസനന്മാർ |
| എട്ടാം ഗണം | ക്രോബേന്മാർ |
| ഒൻപതാം ഗണം | സ്രാപ്പേന്മാർ |

ഇത് മനുഷ്യരിൽ നിന്ന് മുകളിലേക്കുള്ള ക്രമമായാണ് പറയുന്നത്. ദൈവദൂതന്മാർ ആണ് ഏറ്റവും താഴെ മനുഷ്യരുമായി ഇടപെടുന്ന ഗണം മാലാഖമാർ. ഇവരാണ് മനുഷ്യരെ നന്മതിന്മകളെക്കുറിച്ച് ദൈവത്തോട് സംവാദിക്കുന്നവർ.

വി. ലൂക്കോസ് ശ്ലീഹാ പറയുന്നു 'നീ നിന്റെ പ്രതിയോഗിയോട് നിരന്നുകൊള്ളുക. കാരണം നിന്റെ മാലാഖ ദൈവസന്നിധിയിൽ നിന്നെക്കുറിച്ച് പറയാതിരിക്കുന്നവൻ' എന്നു പറയുമ്പോൾ ഓരോരുവന്റെയും നന്മതിന്മകളെക്കുറിച്ച് അവന്റെ മാലാഖ ദൈവസന്നിധിയിൽ ബോധിപ്പിക്കുമ്പോൾ നമുക്കുവേണ്ടി പക്ഷവാദം ചെയ്യുവാൻ മാലാഖ തയ്യാറാണെന്ന് നാം കരുതുന്നു.

മാർ യാക്കോബിന്റെ ചിന്തയിൽ യഹോവ തന്റെ സൃഷ്ടിയിൽ 10 ഗണം മാലാഖമാരെ സൃഷ്ടിച്ചിരുന്നു

എന്നും, അവരിൽ ദൈവത്തോട് ഏറ്റവും അടുത്തുനിന്നിരുന്ന ഒരു ഗണം മാലാഖമാർ ദൈവമായിത്തീരുവാൻ ആഗ്രഹിച്ചെന്നും അതിനുള്ള കുത്സിത പ്രവർത്തികൾ നടത്തിയപ്പോൾ ക്രോബേ ഗണത്തിൽപ്പെട്ട 'മീഖായേൽ' മാലാഖ അവരെ വാളിന് വെട്ടി ചിറകരിഞ്ഞ് പാതാളത്തിലേക്ക് അയച്ചു എന്നും പറയുന്നു. അവരാണ് 'ലൂസിഫർ' എന്നറിയപ്പെടുന്ന പൈശാചികന്മാർ. അവർ ദൈവപദ്ധതിയിൽ നിന്ന് അകന്ന് സ്വാർത്ഥതയുള്ളവരായി ദൈവത്തിന് നിരക്കാത്ത പ്രവർത്തനങ്ങളിൽ ഏർപ്പെട്ട് പൈശാചികന്മാരായി മാറി.

മറ്റുചില പിതാക്കന്മാരുടെ പഠനങ്ങളിൽ മാലാഖമാർ മൂന്നുനിരകളിലായി മുമ്മൂന്നു ഗണങ്ങൾ വീതം 9 ഗണം മാലാഖമാരെക്കുറിച്ച് വിവരിക്കുന്നു.

1. **ഒന്നാം നിര – ഉന്നതവിഭാഗം**

   എ. സെറാഫീം എന്ന സ്രോപ്പേന്മാർ

   ബി. ചെറൂബീം എന്ന ക്രോബേന്മാർ

   സി. ത്രോണോസ് എന്ന ഭദ്രാസനന്മാർ

   ഇവർ ദൈവത്തോട് അടുത്തു നിൽക്കുന്ന നിരയാണ്.

2. **രണ്ടാം നിര – മാധ്യമവിഭാഗം**

   എ. അധികാരികൾ എന്ന ഡൊമീനിയനുകൾ

   ബി. വെർച്യൂസ് എന്ന താത്വകന്മാർ

   സി. പവേഴ്സ് എന്ന ബലവാന്മാർ

3. **മൂന്നാം നിര – മനുഷ്യരുമായി ഏറ്റവും അടുത്തിടപെടുന്നവർ**

   എ. പ്രിൻസിപ്പാലിറ്റീസ് എന്ന പ്രാഥമികന്മാർ

   ബി. ആർക്ക്-എഞ്ചൽസ് എന്ന മുഖ്യദൂതന്മാർ

   സി. ഏഞ്ചൽസ് എന്ന ദൈവദൂതന്മാർ

ഈ ചിന്തകർ മുകളിൽ നിന്ന് താഴേക്ക് വിവരിക്കുന്നു. അതായത് ദൈവത്തിന്റെ അടുത്തു നിന്ന് മനുഷ്യരുടെ അടുക്കലേക്ക് എന്ന ക്രമത്തിലാണ് വിവരിക്കുന്നത്.

മൂന്നാമതായി സുറിയാനി പാരമ്പര്യത്തിൽ മാർ ദിവന്നാസിയോസിന്റെ പാരമ്പര്യത്തിലും മൂന്നുഗണങ്ങൾ വീതമുള്ള മൂന്നു സംഘങ്ങളായി മാലാഖമാരെ വിഭജിക്കുന്നു.

1. **ആദ്യസംഘം – ഒന്നാംനിര**

   എ. സെറാഫീം എന്ന സ്രോപ്പേന്മാർ

   ബി. കെരൂബുകൾ എന്ന ക്രോബേന്മാർ

   സി. ത്രോണോയികൾ എന്ന മൗത്ബേന്മാർ

2. **രണ്ടാമത്തെ സംഘം – രണ്ടാംനിര**

   എ. കർതൃത്വങ്ങൾ എന്ന മോറോവോസേന്മാർ

   ബി. ശക്തികൾ എന്ന ഹൈലാവോസേന്മാർ

   സി. അധികാരികൾ എന്ന ഗുൽത്തോനേന്മാർ

3. മൂന്നാമത്തെ സംഘം – മൂന്നാംനിര

   എ. വാഴ്ചകൾ എന്ന അർക്കാവോസേന്മാർ

   ബി. പ്രധാനമാലാഖ എന്ന റീശേ മാലാഖ

   സി. ദൂതന്മാർ എന്ന മാലാഖമാർ ഇവയാണ്.

**9 ഗണം മാലഖമാരുടെ കർത്തവ്യങ്ങളും വി. വേദപുസ്തക തെളിവുകളും**

ഇവിടെ പരാമർശിക്കപ്പെടുന്ന 9 ഗണം മാലാഖമാരുടെ കർത്തവ്യങ്ങളെക്കുറിച്ചും, അതിന് വി. വേദപുസ്തകത്തിലെ തെളിവുകളുമാണ് പറയുന്നത്.

ഇവയിൽ ഒന്നാം നിരയിലെ മൂന്നുഗണം മാലാഖമാരിൽ

1. **സെറാഫുകൾ – സ്രോപ്പേന്മാർ**

   ഏശായ 6:7-7. ഇതിൽ ഏശായ കണ്ട ദർശനത്തിൽ ദൈവത്തോട് ഏറ്റവും അടുത്തു നിൽക്കുന്ന ഗണം മാലാഖമാരാണ് സ്രോപ്പേന്മാർ. ഇവർക്ക് ആറാറുചിറകുകൾ ഉണ്ട്. ഇവരെ ഏശായ ദീർഘദർശി അഗ്നിമയന്മാരായാണ് ദർശിക്കുന്നത്. ജ്വലിച്ചുകൊണ്ടിരിക്കുന്നവർ എന്നാണ് അർത്ഥം.

   യഹോവയോട് ഏറ്റവും അടുത്തു നിൽക്കുന്നവരാകയാൽ, ദൈവപ്രഭയിൽ ദഹിച്ചുപോകാതിരിക്കുവാൻ അവർ രണ്ട് ചിറകുകൾകൊണ്ട് കാൽമൂടുന്നു. രണ്ടുകൊണ്ട് മുഖവും വരച്ച് രണ്ടുകൊണ്ട് പറന്നു നിൽക്കുകയും ചെയ്യുന്നു.

   പരിശുദ്ധ മാത്യൂസ് ദ്വിതീയൻ ബാവാ പറയുന്നു. "വി. കുർബ്ബാനയിലെ രണ്ടാമത്തെ കൈ ആവസിപ്പ് ഇവരുടെ സ്തുതി കീർത്തനങ്ങളുടെ ഘോഷമായാണ് ദർശിക്കുന്നത് ആയതിനാൽ കൈ ആവസിപ്പിച്ച് ഉയരങ്ങളിൽ നിർത്തുകയേ ഉള്ളൂ. അവരുടെ ചിറകടി ശബ്ദമാണ് ആ സമയത്ത് ഓരോ കാർമ്മികനും ഉള്ളിൽ ദർശിക്കേണ്ടത്. അഗ്നിമയന്മാരായ സ്രോപ്പേന്മാർ ഭയന്നു വിറയ്ക്കുന്നവരെ കാർമ്മികൻ കൈകളിൽ വഹിക്കുവാൻ പോകുന്നതാണ് അടുത്തതായി വരുന്നത്. ആകയാൽ നമ്മുടെ ബലഹീനതകളെയും, കുറവുകളെയും ഓർത്ത് അനുതാപത്തോടെ കാർമ്മികൻ ഭയന്നു വിറയ്ക്കണം.

2. **രണ്ടാമത്തെ ഗണം ചെറൂബീം അഥവാ കെരൂബുകൾ ആണ്**

   ഉല്പത്തി പുസ്തകം 3-ാം അദ്ധ്യായം 24-ാം വാക്യം. അനുസരണക്കേടു കാണിച്ച ആദാമിനെയും ഹൗവ്വായേയും ഏദൻതോട്ടത്തിൽ നിന്നും പുറത്താക്കി ക്രോബേന്മാരെ കാവൽ നിർത്തി. ആകയാൽ ഇവർ ദൈവതിരു സിംഹാസനത്തിന്റെയും സ്വർഗ്ഗത്തിന്റെയും

കാവൽക്കാരും പരിപാലകരുമാണ്. ഇവർ സ്തുതി പാഠകരുമാണ്. ഏശായ 37:16 ൽ യഹോവ കെരൂബുകളിന്മേൽ വസിക്കുന്നു. യെഹസ്കിയേൽ 1:10 ലും ഇപ്രകാരം കാണാം. നിയമ പേടകം സംരക്ഷിക്കുന്ന ഉത്തരവാദിത്തവും ഈ മാലാഖയ്ക്കാണെന്ന് പുറ. 37 ൽ പറയുന്നു.

വി. മദ്ബഹായും, വി. ത്രോണോസും അതിലുള്ള സകലതും ഈ മാലാഖമാരുടെ കാവലിലാണ് എന്ന ബോധം പട്ടക്കാർക്കും, ശുശ്രൂഷകൾക്കും ഉണ്ടാകേണ്ടത് അഭികാമ്യമാണ്. ആയതിനാൽ പട്ടക്കാർ ഒഴികെ മറ്റാരും 'ദർഗാ'യിൽ ചവിട്ടരുതെന്ന് സഭ പഠിപ്പിക്കുന്നു.

''സെറാഫുകൾ (സ്രോപ്പേന്മാർ) ദൈവസ്നേഹാഗ്നിയാൽ ജ്വലിക്കുന്നവരാണെങ്കിൽ കെരൂബുകൾ (ക്രൂബേന്മാർ) ബൗദ്ധികമായ ദൈവീക ജ്ഞാനത്താൽ പൂരിതരാണെന്ന്'' അക്വിനാസ് പറയുന്നു. അഗാധമായ ദൈവാവബോധമാണ് അവരുടെ ശക്തി.

കെരൂബീം എന്ന വാക്കിന്റെ അർത്ഥം ''ശാസ്ത്രജ്ഞാന പൂർണ്ണത'' എന്നാണെന്ന് വി. ഗ്രിഗറി പറയുന്നു.

ശലോമോൻ യറുശലേം ദേവാലയത്തിൽ കെരൂബുകളെ പ്രതീകാത്മകമായി ചിത്രീകരിച്ചിരിക്കുന്നു. (1 രാജാ. 6:23-35)

3. ആദ്യനിരയിലെ മൂന്നാമത്തെ ഗണം:ത്രോണോയികൾ അഥവാ ഭദ്രാസനന്മാർ മൗത്ബേന്മാർ എന്നാണ്.

മൗത്ബേന്മാരുടെ ഗുണങ്ങളെപ്പറ്റി പറയുന്നത് പരമമായ എളിമ, സമാധാനം, വിധേയത്വം എന്നിവയാണ്. ദൈവത്തിന്റെ നീതിയുടെ നടത്തിപ്പുകാരായി നീതി സിംഹാസനത്തിൽ ആസനസ്ഥരായതിനാൽ 'ഇരിപ്പിടം' എന്നർത്ഥം വരുന്ന ''ത്രോണോസ്'' എന്ന ഗ്രീക്കു പദത്തിൽ നിന്നുമാണ് ഇവരെ ഇപ്രകാരം വിളിക്കുന്നത്. ഇവർ ദൈവത്തെ വഹിക്കുന്ന സിംഹാസനങ്ങളാണ്. ദാനി. 7:9, വെളി. 4:2-6. ദൈവകൃപയും നീതിയും അത്രമേൽ നിറഞ്ഞിരിക്കുന്നവരാകയാൽ ദൈവനീതിയുടെ പ്രഖ്യാപകന്മാരാണ് ഇവർ.

ഒന്നാമത്തെ നിരയിലുള്ള ഈ മൂന്നുഗണം മാലാഖമാർക്ക് ദൈവസാന്നിദ്ധ്യവും ദർശനവും എപ്പോഴും ഉണ്ട്. ഇവരാണ് ദൈവസന്ദേശം താഴേക്ക് നൽകുന്നവർ. കൊലോ. 1:16, ഏശയ്യാ 6:1-7, ഉല്പ. 4:6

4. രണ്ടാം നിരയിലെ പ്രഥമ സ്ഥാനീയർ : ഡൊമീനിയനുകൾ അഥവാ അധികാരികൾ എന്നറിയപ്പെടുന്നു. പൗരസ്ത്യർ ഈ വിഭാഗം മാലാഖമാരെ 'മോറോവോസേന്മാർ' എന്ന് വിളിക്കുന്നു. ഇവർ നേതൃഗുണത്തിന്റെ മാലാഖമാരായി അറിയപ്പെടുന്നു. സ്വർഗ്ഗീയ സൈന്യവ്യൂഹത്തിന്റെ നേതൃത്വം ഇവർക്കാണ്. ഏശയ്യാ 6:1-7, എഫേ. 1:21; കൊലോസ്യർ 1:16.

5. രണ്ടാം നിരയിലെ രണ്ടാം ഗണം : വെർച്യൂസ് എന്നറിയപ്പെടുന്ന താത്വകന്മാരാണ്. സുറിയാനി പാരമ്പര്യത്തിൽ ഇവരെ ഹൈലാവോസേന്മാർ എന്നറിയപ്പെടും. ഇവർ പ്രപഞ്ച ഗതികളുടെ നിയന്ത്രാക്കളാണ്. തിളങ്ങുന്ന മാലാഖമാർ എന്നറിയപ്പെടുന്ന ഇവർ 'മനോബലം', 'പ്രസാദം', 'വിപധിധൈര്യം' എന്നിവയുടെ മാലാഖമാരാണ്. അത്ഭുതങ്ങളുടെയും അടയാളങ്ങളുടെയും മാലാഖമാർ.

6. രണ്ടാം നിരയിലെ മൂന്നാമത്തെ ഗണം : 'പവേഴ്സ്' എന്നറിയപ്പെടുന്ന ബലവാന്മാരാണ്. സിറിയൻ പാരമ്പര്യത്തിൽ ഇവരെ 'ശൂൽത്തോനേന്മാർ' എന്ന് വിളിക്കപ്പെടുന്നു.

പ്രപഞ്ചത്തിനും മനുഷ്യവർഗ്ഗത്തിനും എതിരായ പൈശാചിക ശക്തികളുടെ ആക്രമണങ്ങളെ നേരിടുന്നത് ഈ ഗണം മാലാഖമാരാണ്. ദൈവം അനുവദിക്കുന്നതിനപ്പുറം തിന്മകളുടെ ശക്തികൾ മനുഷ്യരെ പീഢിപ്പിക്കുകയോ, പ്രലോഭിപ്പിക്കുകയോ ചെയ്യുന്നില്ലെന്ന് ഉറപ്പുവരുത്തുന്ന മാലാഖമാരാണ് ഇവർ. ഉഗ്രപ്രഭാവന്മാരായ ശൂൽത്തോനേന്മാർ (പവേഴ്സ്) പൈശാചിക ശക്തികളുടെ പേടി സ്വപ്നമാണ്. റോമ. 8:38-39; 1 കൊരി 15:24, എഫേ. 1:21; 1 പത്രോ. 3:22, 2 തെസ്സ 1:7.

7. മൂന്നാം നിരയിലെ ഒന്നാമത്തെ ഗണം : 'പ്രിൻസിപ്പാലിറ്റീസ്' എന്ന പ്രാഥമികന്മാർ തന്നെ. ഇവരെ 'അർക്കാവോസേന്മാർ' എന്ന് സിറിയൻ പാരമ്പര്യത്തിൽ വിളിക്കപ്പെടും. ഇവർ ദൈവത്തിന്റെ സന്ദേശങ്ങൾ രണ്ടാം നിരയിലെ പ്രഥമസ്ഥാനീയരായ അധികാരികളിൽ നിന്ന് (മോറോവോസേന്മാരിൽ) പ്രാപിച്ച് മനുഷ്യർക്ക് നൽകുന്നു. ഇവർ നഗരങ്ങളുടെയും രാഷ്ട്രങ്ങളുടെയും മേൽനോട്ടം വഹിക്കുന്നവരാണ്. റോമ. 8:38; 1 കൊരി. 15:24; എഫേ. 1:21; 3:10; 6:12, കൊലോ. 1:16 എന്നീ വേദഭാഗങ്ങളിൽ വിവരിക്കുന്നു.

8. മൂന്നാം നിരയിലെ രണ്ടാമത്തെ ഗണം : 'ആർക്ക് എയ്ഞ്ചൽസ്' അഥവാ പ്രധാന മാലാഖമാരാണ്. 'റീഗേ മാലാഖ' അല്ലെങ്കിൽ 'റാബേ മാലഖ' മാർ എന്ന് അറിയപ്പെടും. വി. വേദപുസ്തകത്തിൽ ഏറ്റവും അധികം പ്രതിപാദിക്കുന്ന ഒരു ഗണമാണ് ആർക്ക് എയ്ഞ്ചൽസ് (Arch-Angels). 'മീഖായേൽ', 'ഗബ്രിയേൽ', 'റഫായേൽ' എന്നീ മാലാഖമാർ ഈ ഗണത്തിൽപ്പെട്ടവരാണ് എന്ന് അക്വിനാസ് പറയുന്നു. ഈ ഗണത്തിൽപ്പെട്ട മീഖായേലിന്റെ നേതൃത്വത്തിലുള്ള മാലാഖമാരാണ് ലൂസിഫറിന്റെ ചിറകരിഞ്ഞ് പാതാളത്തിലേക്ക് തള്ളിയത് എന്നു പറയപ്പെടുന്നു. ദാനി. 10:13-21; 12:1; വി. ലൂക്കോ.

1:19 എന്നീ വേദഭാഗങ്ങളിൽ പരാമർശിക്കുന്നു.

9. മൂന്നാം നിരയിലെ മൂന്നാമത്തെ ഗണം : മാലാഖമാർ എന്ന ദൂതന്മാർ. മനുഷ്യരോടും, പ്രപഞ്ചത്തോടും ഏറ്റവും അടുത്ത ബന്ധം പുലർത്തുന്നവരാണ് ദൂതന്മാർ എന്ന മാലാഖമാർ. ഗ്രീക്കുചിന്തയിൽ ഓരോ മനുഷ്യനുമുള്ള കാവൽ മാലാഖ ഈ ഗണത്തിൽപ്പെടുന്നു. യോഹ. 5:4, വെളി. 12:7-9 വരെയുള്ള ഭാഗങ്ങളിൽ ഇത് ശ്രദ്ധേയമാണ്.

'ലാഖാ' എന്ന എബ്രായ പദത്തിന് 'ദൂത്', 'സന്ദേശം' എന്നർത്ഥം. ഇവർ മാലാഖാ ഗണങ്ങളിൽ ഏറ്റവും താഴെയാണ്. മനുഷ്യരോട് ഏറ്റവും അടുത്തുനിൽക്കുന്നവരും ഇവരാണ്.

വി. വേദപുസ്തകത്തിൽ ഉൽപത്തി മുതൽ വെളിപാടുവരെ മനുഷ്യർ കാണുന്നത് ഇവരെയാണ്. ബേത്‌ലഹേമിൽ യേശുവിന്റെ ജനനത്തിൽ പാടിയ സ്വർഗ്ഗീയ മാലാഖമാർ ഇവരാണ്. ദുഃഖവെള്ളിയുടെയും ഉയർപ്പിന്റെയും വിവരണങ്ങളിൽ കാണുന്നതും ഇവരാണ്.

ഇഗ്നാത്തിയോസ് നൂറോറോ കാണുന്നത്, രണ്ടു സംഘങ്ങളായി നിന്ന് ദൈവത്തെ സ്തുതിക്കുന്ന മാലാഖമാരെയാണ്. ദേവാലയ ശുശ്രൂഷകളിൽ വിശ്വാസികൾ-ശുശ്രൂഷകർ; സ്ത്രീ-പുരുഷന്മാർ എന്ന നിലയിൽ ആരാധന നിർവ്വഹിക്കുന്നത് ഇതിനെ അനുസ്മരിച്ചാണ്. ദേവാലയ ശുശ്രൂഷകളിലെല്ലാം ഇതിനെ അടിസ്ഥാനമാക്കിയാണ് ക്രമീകരിച്ചിരിക്കുന്നത്.

മാലാഖമാരെക്കുറിച്ച് എന്റെ ജീവിത അനുഭവത്തിൽ എനിക്ക് ബോദ്ധ്യമായതും എന്റെ തുടർന്നുള്ള പഠനത്തിലും അറിവിലും ഉള്ളവയെ പങ്കുവെയ്ക്കുന്നു. മാലാഖമാരുടെ സംഗീതം അവാച്യമാണ്. അതിനെ കേൾക്കുവാനുള്ള ഭാഗ്യം എനിക്കും സിദ്ധിച്ചിട്ടുണ്ട്. വായനക്കാരായ നിങ്ങൾക്കും അതുലഭിക്കട്ടെ എന്ന് പ്രാർത്ഥിക്കുന്നു.

# അഖില മലങ്കര മർത്തമറിയം കേന്ദ്രപരീക്ഷ ചെങ്ങന്നൂർ ഭദ്രാസന റാങ്ക് ജേതാക്കൾ

## ജൂനിയർ



1-ാം റാങ്ക്
പ്രെറ്റി മറിയം ജോർജ്ജ്
(സെന്റ് ഏലിയാസ്, ബുധനൂർ)



2-ാം റാങ്ക്
റിന്റു സാറ രാജൻ
(സെന്റ് ജോർജ്ജ്, അറത്തിൽ)

## പ്രീ-സീനിയർ



1-ാം റാങ്ക്
രാജി വിൽസൺ
(സെന്റ് മേരീസ്, ഉള്ളന്നൂർ)



1-ാം റാങ്ക്
ഷീബ തോമസ്
(സെന്റ് മേരീസ്, ഉള്ളന്നൂർ)



2-ാം റാങ്ക്
അന്ന തോമസ്
(സെന്റ് ജോർജ്ജ്, ചെറിയനാട്)

## സീനിയർ



1-ാം റാങ്ക്
മണി മോനച്ചൻ
(സെന്റ് തോമസ് കുരമ്പാല)



2-ാം റാങ്ക്
മിനി ഫിലിപ്പ്
(സെന്റ് മേരീസ്, പുത്തൻകാവ്)

## പ്രീ-സൂപ്പർ സീനിയർ



1-ാം റാങ്ക്
പ്രൊഫ. റേച്ചൽ തോമസ്
(സെന്റ് മേരീസ്, വള്ളംകുളം)



2-ാം റാങ്ക്
മേരി ജേക്കബ്
(സെന്റ് ഇഗ്നേഷ്യസ്, ചെങ്ങന്നൂർ)

## സൂപ്പർ സീനിയർ



1-ാം റാങ്ക്
അന്നമ്മ തോമസ്
(സെന്റ് മേരീസ്, കുട്ടമ്പേരൂർ)



2-ാം റാങ്ക്
മറിയാമ്മ ജോർജ്ജ്
(സെന്റ് തോമസ്, കുരമ്പാല)

പ്രിയ കുഞ്ഞുങ്ങളേ,

നിങ്ങളെല്ലാവരും ദൈവകരങ്ങളിൽ സുരക്ഷിതരും, സന്തോഷചിത്തരും ആയിരിക്കുന്നു എന്നും, ഒരു അദ്ധ്യയന വർഷം അവസാനിച്ച് പരീക്ഷ എഴുതുവാനുള്ള ഒരുക്കത്തിലായിരിക്കുന്നു എന്നും കരുതുന്നു. നിങ്ങൾ വളരെ ഉൽസാഹത്തോടെ, പ്രാർത്ഥനയോടെ പഠിക്കണം എന്ന് ചേച്ചി ഓർമ്മിപ്പിക്കുന്നു. നിങ്ങൾക്കെല്ലാവർക്കും വേണ്ടി പ്രാർത്ഥിക്കുന്നു.

ഗുരു വളരെ മിതവ്യയശീലമുള്ള ആളായിരുന്നു. വസ്ത്രധാരണം ഏറെ ലളിതം. ചെരിപ്പു പോലും ധരിക്കാറില്ലായിരുന്നു. പക്ഷെ, അദ്ദേഹം സ്ഥിരമായി അങ്ങാടിയിലെത്തുമായിരുന്നു. എല്ലാ കടകളിലും കയറുമായിരുന്നെങ്കിലും, ഒന്നും വാങ്ങാറില്ലായിരുന്നു. വിചിത്രമായ ഈ സ്വഭാവം കണ്ട് ഒരിക്കൽ ശിഷ്യർ അദ്ദേഹത്തോടു ചോദിച്ചു: 'അങ്ങെന്തിനാണ്, ഒരു സാധനം പോലും വാങ്ങാതിങ്ങനെ കടകൾ കയറിയിറങ്ങുന്നത്? ഗുരു പറഞ്ഞു: 'അതിനൊരു കാരണമേയുള്ളു. എന്തൊക്കെ സാധനങ്ങളില്ലാതെയാണു ഞാൻ ജീവിക്കുന്നതെന്നെനിക്കറിയണം. 'ഉള്ളവ മാത്രമല്ല, ഇല്ലാത്തവകൂടി കണക്കിലെടുക്കുമ്പോഴാണ്, ഒരാളുടെ യഥാർത്ഥ സമ്പത്ത്, വ്യക്തമാവുക. തനിക്കു വേണ്ടതെന്തൊക്കെ, വേണ്ടാത്തതെന്തൊക്കെ എന്നു തിരിച്ചറിയാനുള്ള കഴിവാണ്, ഒരാളുടെ ജീവിത സംതൃപ്തിയുടെ അടിസ്ഥാനം. വേണ്ടതിനെയെല്ലാം തിരസ്ക്കരിക്കുകയും, വേണ്ടാത്തതെല്ലാം വാങ്ങിക്കൂട്ടുകയും ചെയ്യുന്നവരിലാണ് അസംതൃപ്തിയും, അരക്ഷിതാവസ്ഥയും അഴിഞ്ഞാടുന്നത്. അത്യാവശ്യത്തെയും, ആവശ്യത്തെയും, അനാവശ്യത്തെയും നിർവചിക്കാനും, തരംതിരിക്കാനും അറിയാവുന്നവർക്ക്, സ്വത്തും വസ്തുക്കളുമൊന്നും ജീവിത ലക്ഷ്യമായിരിക്കില്ല; സേവനോപാധികൾ മാത്രമായിരിക്കും. ഉപയോഗമുള്ളവയെല്ലാം തേഞ്ഞു തീരും, ഉപയോഗമില്ലാത്തവ തുരുമ്പെടുത്തു നശിക്കും. അടിസ്ഥാനാവശ്യങ്ങൾ ഒന്നാണെങ്കിൽ പ്പോലും, ജീവിത സാഹചര്യങ്ങൾക്കനുസരിച്ചാണ്, ഒരാളുടെ ആവശ്യങ്ങൾ രൂപപ്പെടുന്നത്. ആവശ്യങ്ങളേക്കാൾ, ആഡംബരങ്ങളെ ആലിംഗനം ചെയ്യുന്നവരുടെ ജീവിതാടിത്തറ ബലിഷ്ഠമായിരിക്കില്ല. ലാളിത്യത്തിൽ ജീവിക്കുന്നവരാണ് ആയുസ്സിന്റെ കാര്യത്തിലും, ആരോഗ്യത്തിന്റെ കാര്യത്തിലും മുമ്പിട്ടു നിൽക്കുക. അധികാരത്തിന്റെയും പദവിയുടെയുമടിസ്ഥാനത്തിൽ സമ്പാദിച്ചുകൂട്ടുന്നവർ, എങ്ങനെയെങ്കിലും അവ ഉപയോഗിച്ചു തീർക്കാനുള്ള വ്യഗ്രതയിലായിരിക്കും ജീവിക്കുക. ഒന്നുമില്ലാത്തവർ എന്നു കരുതപ്പെടുന്നവരിലായിരിക്കും, മറ്റാർക്കുമില്ലാത്ത അച്ചടക്കവും ആത്മനിയന്ത്രണവുമൊക്കെ കാണാനാവുക. കണ്ണിൽ ക്കാണുന്നതെല്ലാം സ്വന്തമാക്കണമെന്ന ചിന്തയില്ലാത്തവർക്ക് മാത്രമേ, സംതൃപ്ത ജീവിതം സാദ്ധ്യമാകൂ. അങ്ങനെയൊരു ജീവിതം മുന്നിൽ കണ്ടു കൊണ്ടു ജീവിക്കുവാൻ നിങ്ങൾക്കിടയാകട്ടെ. ഇങ്ങനെയൊരു ജീവിതം പരിശീലിപ്പിക്കുവാൻ കൂടിയാണ് പിതാക്കന്മാർ നോമ്പുപവാസങ്ങൾ ക്രമീകരിച്ചിരിക്കുന്നത്. അപ്രകാരം പരിശുദ്ധ സഭ വലിയ നോമ്പിലേക്ക് പ്രവേശിക്കുകയാണല്ലൊ. ഫെബ്രുവരി 20 ന് നോമ്പ് ആരംഭിക്കും. 'ശുബ്ക്കോനോ' ശുശ്രൂഷയോടെയാണ് നാം വലിയനോമ്പിലേക്ക് പ്രവേശിക്കുന്നതെന്ന് നിങ്ങൾക്കറിവുള്ളതാണല്ലോ. സുറിയാനിയിൽ 'ശുബ്ക്കോനോ' എന്ന വാക്കിന്റെ അർത്ഥം 'ക്ഷമ, മറവി' എന്നെല്ലാമാണ്. യേശു അവനോടു: ''ഏഴുവട്ടമല്ല, എഴു എഴുപതു വട്ടം എന്നു ഞാൻ നിന്നോടു പറയുന്നു'' എന്നു പറഞ്ഞു. (മത്തായി 18:22) എന്ന കർത്തൃ വചനത്തിന്റെ അടിസ്ഥാനത്തിലാണ് ഈ ശുശ്രൂഷ ക്രമീകരിച്ചിരിക്കുന്നത്. നിങ്ങൾ മനുഷ്യരോടു അവരുടെ പിഴകളെ ക്ഷമിച്ചാൽ, സ്വർഗ്ഗസ്ഥനായ നിങ്ങളുടെ പിതാവു നിങ്ങളോടും ക്ഷമിക്കും (മത്തായി 6:14) എന്ന വാഗ്ദാനം നമ്മുടെ കർത്താവ് നമുക്ക് നൽകിയിട്ടുണ്ട് അതിൻ പ്രകാരം ആരോടും വൈരാഗ്യപ്പെടാതെ എല്ലാവരെയും സ്നേഹിക്കാൻ കഴിയുന്ന ഒരു മനോഭാവം നമ്മിൽ സൃഷ്ടിക്കപ്പെടുവാൻ പരിശുദ്ധ നോമ്പ് നമ്മെ സഹായിക്കട്ടെ. സാത്താന്യ ശക്തികളോടു പോരാടുവാനുള്ള ശക്തി നമുക്ക് ലഭിക്കുവാൻ വേണ്ടിയാണ് നാം നോമ്പ് അനുഷ്ഠിക്കുന്നത്. ദാനിയേലും കൂട്ടുകാരും നോമ്പനുഷ്ഠിച്ചപ്പോൾ തീച്ചൂളയിൽ നിന്നും, സിംഹക്കുഴിയിൽ നിന്നും അവർ വിടുവിക്കപ്പെട്ടതുപോലെ, നോമ്പനുഷ്ഠാനങ്ങളാൽ എല്ലാവിധ വിപരീത ശക്തികളിൽ നിന്നും ദൈവം നമ്മെ വിടുവിക്കും. ആയതിനാൽ നിങ്ങൾ നോമ്പനുഷ്ഠിക്കുവാൻ ഉൽസാഹം കാട്ടണം. നിങ്ങളുടെ മാതാപിതാക്കളെ നോമ്പനുഷ്ഠിക്കുവാൻ പ്രേരിപ്പിക്കണം. നിങ്ങളുടെ പഠനത്തോടൊപ്പം, വേദപുസ്തക പാരായണത്തിനും, നോമ്പിലെ നമസ്ക്കാരങ്ങൾ നിർവ്വഹിക്കുന്നതിലും നിങ്ങൾ താൽപര്യം കാട്ടണം. പരീക്ഷകൾ നന്നായി എഴുതുവാൻ ദൈവം നിങ്ങളെ അനുഗ്രഹിക്കട്ടെ. എല്ലാവർക്കും വിജയാശംസകൾ നേരുന്നു.

സ്നേഹത്തോടെ

**നിങ്ങളുടെ ജൂലിചേച്ചി**

# ക്വിസ് 6 സഭാചരിത്രം (എ.ഡി. 52–300)

മിനി ജോൺസൺ

1) മാർതോമാ ശ്ലീഹായുടെ വിശ്വാസ പ്രഖ്യാപന ദിനമായി കൊണ്ടാടുന്ന ദിവസം?
2) മാർതോമാ ശ്ലീഹായുടെ ഇന്ത്യയിലെ പ്രവർത്തനം പ്രതിപാദിക്കുന്ന ഗ്രന്ഥം?
3) മാർതോമാ ശ്ലീഹായെ ഇന്ത്യയിലേക്ക് ക്ഷണിച്ചതാര്?
4) മാർതോമാ ശ്ലീഹായെ ഹാബാന് വിറ്റതാര്?
5) എ.ഡി. 52 ന് മുമ്പ് മാ തോമാ ശ്ലീഹാ ഭാരതത്തിൽ സുവിശഷം അറിയിച്ചു എന്നു കരുതുന്ന സ്ഥലം?
6) വടക്കേഇന്ത്യയിൽ മാ തോമാ ശ്ലീഹ സന്ദർശിച്ച രാജാവ്?
7) മാർതോമാ ശ്ലീഹാ ആദ്യം സഭ സ്ഥാപിച്ച സ്ഥലം?
8) മലങ്കരയിലെ ആദ്യത്തെ പള്ളി?
9) കടലെടുത്ത ശ്ലീഹാ പള്ളി?
10) മാർതോമാ ശ്ലീഹായെ മൈലാപ്പൂരിൽ കബറടക്കിയത് പ്രതിപാദിക്കുന്ന പുരാതന ഗ്രന്ഥം?
11) മാർതോമാ ശ്ലീഹായെ കബറടക്കിയത് എവിടെ?
12) മൈലാപ്പൂരിന്റെ മറുനാമം?
13) മാർതോമാ ശ്ലീഹായുടെ തിരുശേഷിപ്പ് വിദേശത്തേക്ക് കൊണ്ടുപോയത് ആര്?
14) തരിസർ എന്ന പേരിൽ അറിയപ്പെട്ടിരുന്നത് ആരെ?
15) തരിസാച്ചെട്ടികൾക്ക് ലഭിച്ചതായി പറയപ്പെടുന്ന ബഹുമാന നാമം?
16) ആക്ടാ തോമായുടെ കർത്താവ് എന്ന് വിശ്വസിക്കപ്പെടുന്ന വ്യക്തി?
17) റമ്പാൻ പാട്ടുകളുടെ അപരനാമം?
18) മാർതോമാ ശ്ലീഹായുടെ ജീവിതം ആസ്പദമാക്കി ആരംഭിച്ച കലാരൂപം?
19) മാർ തോമാ ശ്ലീഹായുടെ പ്രവൃത്തികളെ പ്രകീർത്തിച്ച് പാട്ടുകൾ പാടി നടന്ന ജാതികൾ?
20) മൈലുകളുടെ നഗരം എന്നറിയപ്പെടുന്ന പട്ടണം ഏത്?
21) തെളിവുകൾ പ്രകാരം അർത്തദ്യാക്കേൻ സ്ഥാനം മലങ്കരയിൽ സ്ഥാപിതമായതെന്ന്?
22) എ.ഡി. 295 ൽ മലങ്കര സന്ദർശിച്ച് പൗരസ്ത്യ മെത്രാൻ?
23) 2–ാം നൂറ്റാണ്ടിൽ മലങ്കര സന്ദർശിച്ച വിദേശി?
24) റമ്പാൻപാട്ട് രചിച്ചതാര് ?
25) ദക്ഷിണ കേരളത്തിൽ നിലവിലുള്ള ശ്ലീഹാ പള്ളി?
26) മാർതോമാ ശ്ലീഹാ സുവിശേഷിച്ച സ്ഥലങ്ങൾ?
27) തരിസായ്ക്കൾ എന്ന വാക്കിന്റെ അർത്ഥം?
28) ആദ്യകാല സഭയെ നയിച്ചവർ ആര്?
29) നാഗർകോവിലിൽ നിന്നും വേണാട്ടേക്ക് വന്ന ക്രിസ്ത്യാനികൾ?
30) മലങ്കരയിൽ നിന്നും പന്റീനസ് കണ്ടെത്തിയ പ്രാചീന സുവിശേഷ പ്രതി ആരുടെ?

## ഉത്തരങ്ങൾ ക്വിസ് 5

1. പീഥോം, റയംസേസ്
2. ലേവി ഗോത്രം
3. മിദ്യാൻ
4. റെഗുവേൽ യിത്രോ
5. മോശയ്ക്ക് –80 അഹറോന് –83
6. ഞാൻ ആകുന്നവൻ ഞാൻ ആകുന്നു
7. റമ്സേസ് (മിസ്രേം)
8. പെസഹ
9. ദൈവത്തിന്റെ കുഞ്ഞാടായ ക്രിസ്തുവിന്റെ
10. അഹോന്റെ സഹോദരി മിര്യാം
11. സീൻ
12. 40 വർഷം
13. ഹോറേബിൽ
14. മസ്സാ- മെരീബാ
15. യഹോവ നിസ്സി
16. സീനായി മല
17. 40 പകലും 40 രാവും
18. മോശെ
19. തിരുനിവാസം
20. ബെസലേൽ, ഒഹൊ ലീയാബ്
21. 48
22. നാദാബ്, അബിഹു, ഏലെയാസർ, ഈഥാമാർ
23. യോസഫിന്റെ
24. മിസ്രയീം
25. 430 വർഷം

## ക്വിസ് – 5 ശരിയുത്തരങ്ങൾ നൽകിയവർ

വത്സമ്മ ചാക്കോ തോട്ടപ്പുഴ, ഏലിയാമ്മ ഈപ്പൻ പിരളശ്ശേരി, സൂസൻ തോമസ് പുത്തൻകാവ്, മറിയാമ്മ ജോർജ്ജ് കുരമ്പാല, ഏലിയാമ്മ ജോർജ്ജ് നീർവിളാകം, സാറാമ്മ ചാണ്ടി പേരിശ്ശേരി ഈസ്റ്റ്, അക്കാമ്മ ജോയി പേരിശ്ശേരി ഈസ്റ്റ്, മിനി കുര്യൻ ദാനിയേൽ വെണ്മണി, മണി മോനച്ചൻ കുരമ്പാല, ജൂലി തോമസ് യോർദ്ദാൻപുരം, ഏലിയാമ്മ ചാക്കോ കല്ലുങ്കൽ വെസ്റ്റ്, സുജ അലക്സ് മുളക്കുഴ, അന്നമ്മ ഏബ്രഹാം പിരളശ്ശേരി, അന്നമ്മ ഏബ്രഹാം ബഥേൽപള്ളി, ഷീലാ ജോസഫ് കാരയ്ക്കാട്, ഉഷാ മത്തായി കൂർത്തമല, ഷീബാ ബേബി പൂഴിക്കാട്, ലിസി ജോസ് പൂഴിക്കാട്.

വിജയി : **ജൂലി തോമസ് യോർദ്ദാൻപുരം**

**പ്രത്യേക അറിയിപ്പ്**

2023 ഫെബ്രുവരി, മാർച്ച് ലക്കങ്ങളിലെ ക്വിസിന്റെ ഉത്തരങ്ങൾ പ്രിൻസ് അച്ചന്റെ പേരിൽ 8547589933 എന്ന നമ്പറിൽ അയച്ചു കൊടുക്കേണ്ടതാണ്. പോസ്റ്റിൽ അയയ്ക്കുന്നവർ ഫാ. മാത്യു വർഗ്ഗീസ്, പുലിമുട്ടിൽ ഹൗസ്, ഇലഞ്ഞിമേൽ പി.ഒ. – 689 511 എന്ന വിലാസത്തിലും അയയ്ക്കേണ്ടതാണ്.

## ക്രൈസ്തവലോക വാർത്തകൾ

## എത്യോപ്യൻ സഭയിൽ വിഘടിത വിഭാഗം; 28 പേർക്ക് മുടക്ക്

എത്യോപ്യൻ ഓർത്തഡോക്സ് സഭയിൽ രൂപപ്പെട്ട വിഘടിതവിഭാഗത്തിന് നേതൃത്വം നൽകിയ മൂന്ന് മെത്രാന്മാരെയും അവർ വാഴിച്ച 25 മെത്രാന്മാരെയും മുടക്കി. ആർച്ച് ബിഷപ്പുമാരായ സേവിറോസ്, എവുസ്താത്തിയോസ്, സേനാ മർക്കോസ് എന്നിവരെയും സിനഡിന്റെ അറിവോ സമ്മതമോ കൂടാതെ ജനുവരി 22-ന് അവർ ബിഷപ്പുമാരായി വാഴിച്ച 25 സന്യാസിമാരെയുമാണ് മുടക്കിയത്. തലേന്ന് ആരംഭിച്ച അടിയന്തിര സിനഡിന്റെ നിശ്ചയപ്രകാരം ജനുവരി 26-നാണ് മുടക്ക് പ്രഖ്യാപിച്ചത്. 26 പേർ വാഴിക്കപ്പെട്ടെങ്കിലും ഒരാൾ നിലപാട് മാറ്റി ക്ഷമാപണക്കത്ത് കൊടുത്തതുകൊണ്ടാണ് നടപടിയിൽ നിന്ന് ഒഴിവാക്കിയതെന്ന് ഒസിപി ന്യൂസ് സർവീസ് റിപ്പോർട്ടു ചെയ്തു. മറ്റൊരു സന്യാസി കൂടി നിലപാട് മാറ്റിയതായി അറിയുന്നു.

ഒറോമിയാ വംശീയ-ഭാഷാ-സംസ്കാരിക പ്രശ്നങ്ങളാണ് ഭിന്നതയുടെ അടിസ്ഥാന കാരണം. കോപ്റ്റിക് ഓർത്തഡോക്സ് സഭ വിഘടിതവിഭാഗത്തെ അംഗീകരിക്കുകയില്ലെന്നും കാനോനിക പാത്രിയർക്കീസ് ആബൂനാ മത്ഥിയാസിനെ പിന്തുണയ്ക്കുന്നതായും അറിയിച്ചു. മലങ്കര സഭയും ആബൂനാ മത്ഥിയാസിനെ ഐക്യദാർഢ്യം അറിയിയിച്ചിട്ടുണ്ട്. എന്നാൽ എത്യോപ്യൻ സർക്കാർ വിഘടിതവിഭാഗത്തെ പിന്തുണയ്ക്കുന്നതായി സംശയിക്കപ്പെടുന്നു.

## ജറുസലേം മുൻ പാത്രിയർക്കിസ് ഐറേനിയോസ് കാലം ചെയ്തു

ജറുസലേം ഗ്രീക്ക് ഓർത്തഡോക്സ് മുൻ പാത്രിയർക്കീസ് ഐറേനിയോസ് (83) കാലം ചെയ്തു. ജനുവരി 10-ന് ഏതൻസിൽ വച്ചായിരുന്നു അന്ത്യമെന്ന് ഒസിപി ന്യൂസ് സർവീസ് റിപ്പോർട്ടു ചെയ്തു. ജന്മസ്ഥലമായ ഗ്രീസിലെ സാമോസിൽ കബറടക്കപ്പെട്ടു.

2001 മുതൽ 2005 വരെയാണ് ജറുസലേമിലെ 140-ാം പാത്രിയർക്കീസ് ആയിരുന്നത്. 2005-ൽ സ്ഥാനഭ്രഷ്ടനായി ഒരു സന്യാസിയായി തരംതാഴ്ത്തപ്പെട്ടു ജീവിക്കുകയായിരുന്നു. ജറുസലേമിലെ സഭാ വക സ്വത്തുക്കൾ യഹൂദന്മാർക്ക് വിറ്റതുമായി ബന്ധപ്പെട്ട ആരോപണങ്ങളെ തുടർന്നാണ് സിനഡ് അദ്ദേഹത്തെ സ്ഥാനഭ്രഷ്ടനാക്കിയത്. തുടർന്ന് തെയോഫിലോസ് മൂന്നാമൻ പാത്രിയർക്കീസായി.

സ്ഥാനഭ്രഷ്ടനാക്കിയ നടപടി ഐറേനിയോസ് അംഗീകരിച്ചിരുന്നില്ല. പാത്രിയർക്കേറ്റ് ആസ്ഥാനത്തു തന്നെ മുകൾനിലയിൽ ഒരു മുറിയിൽ സ്വയം പൂട്ടപ്പെട്ടു കഴിയുകയായിരുന്നു. 2015 നവംബറിൽ ഒരു ശസ്ത്രക്രിയയെ തുടർന്ന് വിശ്രമത്തിലായിരുന്നപ്പോൾ തെയോഫിലോസ് അദ്ദേഹത്തെ സന്ദർശിച്ചു. 2016 മാർച്ചിൽ തെയോഫിലോസിന് നൽകിയ ഒരു സ്വീകരണത്തിൽ ഐറേനിയോസ് അപ്രതീക്ഷിതമായി പ്രത്യക്ഷപ്പെടുകയും പരസ്പരം ആശ്ലേഷിക്കുകയും ചെയ്തത് മാധ്യമശ്രദ്ധ ആകർഷിച്ചു. ഐറേനിയോസ് 2019-ൽ ജന്മരാജ്യമായ ഗ്രീസിലേക്കു മടങ്ങി ശിഷ്ടകാലം അവിടെ ജീവിച്ചുവരികയായിരുന്നു.

## മാർ ഔഗിൻ കുറിയാക്കോസ് മെത്രാപ്പൊലീത്താ സ്ഥാനമേറ്റു

പൗരസ്ത്യ കൽദായ സുറിയാനി സഭയുടെ ഇന്ത്യയുടെയും ദക്ഷിണ ഗൾഫ് രാജ്യങ്ങളുടെയും മെത്രാപ്പോലീത്തായായി മാർ ഔഗിൻ കുറിയാക്കോസ് (48) സ്ഥാനമേറ്റു. തൃശൂർ മർത്ത്മറിയം വലിയ പള്ളിയിൽ ജനുവരി 8-ന് പൗരസ്ത്യ അസിറിയൻ സഭയുടെ തലവൻ മാർ ആവാ മൂന്നാമൻ പാത്രിയർക്കീസ് ബാവാ ശുശ്രൂഷകൾക്ക് മുഖ്യകാർമ്മികത്വം വഹിച്ചു.

2010 ജനുവരി 17-നാണ് മാർ ഔഗിൻ കുറിയാക്കോസ് എപ്പിസ്ക്കോപ്പായായി വാഴിക്കപ്പെട്ടത്. 2021 സെപ്റ്റംബർ മുതൽ പാത്രിയാർക്കൽ അഡ്മിനിസ്ട്രേറ്റർ ആയിരുന്നു. സ്ഥാനമൊഴിഞ്ഞ മാർ അപ്രേം മെത്രാപ്പോലീത്തായുടെ പിൻഗാമിയായിരിക്കും. ഇവരെ കൂടാതെ ഇന്ത്യയിലെ സഭയിൽ 2010 ജനുവരി 17-ന് വാഴിക്കപ്പെട്ട മാർ യോഹന്നാൻ യോസഫ് എപ്പിസ്കോപ്പായുമുണ്ട്.

കൽദായ സഭയുടെ ചരിത്രത്തിൽ ഇന്ത്യയിൽ ആദ്യമായിട്ടാണ് ഒരു മെത്രാപ്പോലീത്തൻ സ്ഥാനാരോഹണം നടക്കുന്നത്. 2010 ജനുവരി 17-ന് എപ്പിസ്കോപ്പൽ സ്ഥാനാഭിഷേകം നടന്നിട്ടുണ്ട്. രണ്ടുപേരാണ് അന്നു വാഴിക്കപ്പെട്ടത്.

ലോകത്തിലെ പുരാതനമായ ക്രൈസ്തവ സഭകളിലൊന്നാണ് ഈ സഭ. പൗരസ്ത്യ സഭ എന്നാണ് സഭയുടെ ഔദ്യോഗിക പേര്. പൗരസ്ത്യ കൽദായ സുറിയാനി സഭ, അസിറിയൻ സഭ, പേർഷ്യൻ സഭ, നെസ്തോറിയൻ സഭ തുടങ്ങിയ പേരുകളിൽ ഈ സഭ അറിയപ്പെടുന്നു. കൽദായ സഭയുടെ ഇന്ത്യയിലെ ആസ്ഥാനം തൃശൂർ ആണ്. തൃശൂർ നഗരത്തിലെ ഏറ്റവും പുരാതനമായ ദൈവാലയത്തിന്റെ അവകാശികളാണ് കൽദായക്കാർ. ഇന്ത്യയിലെ കൽദായ സഭയിൽ 1964 മുതൽ നിലനിന്ന കക്ഷിവഴക്ക് 1995ൽ അവസാനിച്ച് ഐക്യമുണ്ടായി.

VJT

snehasconstructions@gmail.com

+91-9496881775

Kallumala, Alappuzha

# Sneha Construction

**We Build Dreams**

ബിൽഡിംഗ് കൺസ്ട്രക്ഷൻ, ദേവാലയ നിർമ്മാണം,
ഇന്റീരിയർ വർക്സ്, മെയിന്റെനൻസ്, പ്ലംബിംഗ്,
ഇലക്ട്രിക്കൽ, കിച്ചൺ കബോട്, പെയിന്റിംഗ്
മുതലായവ ഉത്തരവാദിത്വത്തോടുകൂടി ചെയ്തു
കൊടുക്കുന്നു

**www.snehaconstruction.com**






Printed & Published by Diocesan Secretary | Owned by Diocese of Chengannur
Chief Editor Fr. Mathew Varghese Pulimoottil | Printed at Tara Offset, Chengannur. 0479 2452566